ചൂണ്ടിക്കാണിച്ചത്. അതിന്റെ അടിയിൽ ഇത്തരം ചോദ്യങ്ങൾ ഉപചട്ടം (2) കീഴിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നൽകാൻ കഴിയാത്തപക്ഷം ബന്ധപ്പെട്ട മന്ത്രി അതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ടൊരു പ്രസ്താവന നടപ്പുസമ്മേളനത്തിലോ അല്ലെങ്കിൽ സഭയുടെ അടുത്ത സമ്മേളനത്തിലോ ഏതാണോ ആദ്യംവരുന്നത് അതിൽ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. അപ്പോൾ ഡിലേ സ്റ്റേറ്റ്മെന്റ് എന്നുപറയുന്നത് സഭയോടുള്ള ഒരു അറിയിപ്പാണ്, ആദരവാണ് അങ്ങനെയും കാണണം. ഏതായാലും അനന്തമായ ഡിലേ അംഗീകരിക്കാനാകില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം ഗൗരവമായി പരിശോധിക്കും. ഒരു റിവ്യൂ നടത്തി സഭയെ അറിയിക്കും. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായ മാറ്റങ്ങളുണ്ട് എന്ന് അംഗീകരിച്ചുകൊണ്ടുതന്നെ ഇതിൽ വരുന്ന അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ചെയർ വീണ്ടും റൂൾ ചെയ്യുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ )

## VIII ധനകാര്യം

<u>2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| IX | വാഹന നികുതികൾ | 48,68,72,000 | ...... | 97,37,43,000 | ...... | 97,37,43,000 |
| XXXIII | മത്സ്യബന്ധനം | 155,58,04,000 | 83,23,33,000 | 311,16,08,000 | 166,46,67,000 | 477,62,75,000 |
| XLI | ഗതാഗതം | 25,95,05,000 | 409,95,68,000 | 51,90,11,000 | 819,91,36,000 | 871,81,47,000 |

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ഖണ്ഡനോപക്ഷേപങ്ങൾ**

ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മോട്ടോർ വാഹന വകുപ്പിലെ അഴിമതികളും ക്രമക്കേടുകളും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (റോഡ് സുരക്ഷാപദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (റോഡപകടങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (റോഡപകടങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം വിതരണം ചെയ്യുന്നതിലുള്ളതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അന്തർസംസ്ഥാന ബസ് ഓപ്പറേറ്റർമാർ നികുതി അടയ്ക്കാതെ വാഹന സർവ്വീസ് നടത്തുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അന്തർസംസ്ഥാന ബസ് ഓപ്പറേറ്റർമാരിൽനിന്നും നികുതി കുടിശ്ശിക ഈടാക്കുന്നതിന് ഹൈക്കോടതി വിധി ഉണ്ടായിട്ടും പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ഉടനടി ചികിത്സ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വാഹനങ്ങൾ വാങ്ങുമ്പോൾ ഈടാക്കുന്ന ഒറ്റത്തവണ നികുതി വർദ്ധിപ്പിക്കാനുള്ള തീരുമാനമുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ദേശീയപാതകളിൽ സ്ഥാപിച്ചിരിക്കുന്ന നിരീക്ഷണ ക്യാമറകൾ പ്രവർത്തനരഹിതമാണെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ജി.പി.എസ്. നിരീക്ഷണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വാഹന പരിശോധനയിൽ പോലീസുകാർ ഈടാക്കുന്ന തുക ഖജനാവിൽ അടയ്ക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മോട്ടോർ വാഹന മേഖല പ്രതിസന്ധി നേരിടുമ്പോൾ സർക്കാർ അടിക്കടി നികുതി വർദ്ധിപ്പിച്ചുകൊണ്ട് പ്രസ്തുത മേഖലയെ കൂടുതൽ തളർത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഐ.ഒ.സി. കർണാടക അടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്ന് ഈടാക്കുന്നതിനേക്കാൾ അധികം നികുതി കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ഈടാക്കുന്നത് കാരണം കോടികളുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നതും ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപയിൽനിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. വി. ടി. ബൽറാം

LIBRARY ARCHIVES Kerala Legislative Assembly

## ധനാഭ്യർത്ഥന നമ്പർ XXXIII മത്സ്യബന്ധനം
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ നിയമനിർമ്മാണം നടത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് അർഹമായ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യത്തിൽ മായം ചേർക്കുന്നത് കണ്ടെത്തി തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തി വിൽക്കുന്നത് തടയുന്ന "ഓപ്പറേഷൻ സാഗർ റാണി" നിർജ്ജീവാവസ്ഥയിലാക്കിയതായി പറയപ്പെടുന്ന നടപടി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ കർമ്മപദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തീരക്കടലിൽ കൃത്രിമ പാര് നിക്ഷേപിച്ച് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്തുതീർക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാന തീരദേശവികസന കോർപ്പറേഷന്റെ വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യഫെഡ്ഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യ മാർക്കറ്റുകളിലെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വളത്തിനും കോഴിത്തീറ്റയ്ക്കുമായി ചെറുമീനുകളെ പിടിക്കുന്നതിനാൽ മത്സ്യസമ്പത്തിൽ ശോഷണം സംഭവിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിച്ച് നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യബന്ധന മേഖലയിൽ ഉപയോഗിക്കുന്ന ഇന്ധനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളുടെ മാതൃകയിൽ നികുതിയിളവോ സബ്സിഡിയോ ലഭ്യമാക്കുന്ന കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാത്തതിനെ തുടർന്ന് മത്സ്യമേഖലയിലുണ്ടായിരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശവാസികളുടെ സമഗ്രവികസനത്തിന് കേന്ദ്രത്തിന് സമർപ്പിച്ച 7340 കോടി രൂപയുടെ പാക്കേജിൽനിന്നും ഒന്നും നേടിയെടുക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ് : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (2018-19-ലെ ബഡ്ജറ്റിൽ തീരദേശമേഖലയുടെ സമഗ്രവികസനത്തിന് പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപയിൽനിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. മോൻസ് ജോസഫ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. വി. ടി. ബൽറാം

## ധനാഭ്യർത്ഥന നമ്പർ XLI ഗതാഗതം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും രക്ഷിക്കാൻ ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്ന സുശീൽ ഖന്ന റിപ്പോർട്ട് തള്ളിക്കളയണം എന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധനച്ചെലവ് കുറയ്ക്കാൻ ഇലക്ട്രിക്കൽ ബസ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.യു.ആർ.ടി.സി. ബസ്സുകൾ അറ്റകുറ്റപ്പണി നടത്താത്തതുമൂലം വരുമാനച്ചോർച്ച ഉണ്ടാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അന്തർസംസ്ഥാന കോൺട്രാക്ട് കാര്യേജുകളിലെ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സ്വകാര്യ കോൺട്രാക്ട് കാര്യേജ് ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് സമാന്തരമായി സർവ്വീസ് നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിന് സി.എൻ.ജി. ബസ് സർവ്വീസുകൾ ഓടിക്കുമെന്ന തീരുമാനം നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ചെലവുകുറഞ്ഞ ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ ജലഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസുകളിൽ ഓർഡിനറി ബസ് സർവ്വീസുകൾ പിൻവലിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അർഹമായ ക്ഷാമബത്ത അനുവദിക്കുന്നതിനും ശമ്പളപരിഷ്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുത്ത സ്കാനിയ ബസ്സുകളുടെ വാടക നൽകുന്നതിൽ കുടിശ്ശിക വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മോട്ടോർ വാഹന വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. ദീർഘദൂര ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ഒഴിവാക്കുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കെ.എസ്.ആർ.ടി.സി.-യിൽ 1500-ഓളം പേർക്ക് മാത്രം പി.എസ്.സി. വഴി നിയമനം നൽകിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ടി. ബൽറാം:</u> സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (29-2-2016-ൽ അവസാനിച്ച കെ.എസ്.ആർ.ടി.സി. ശമ്പളപരിഷ്കരണ കരാർ മൂന്ന് വർഷം കഴിഞ്ഞിട്ടും പുതുക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അമിതവേഗം അടക്കമുള്ള ട്രാഫിക് ലംഘനങ്ങൾമൂലം സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ:</u> സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (എൽ.എൻ.ജി. ബസ്സുകൾ പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകാത്തതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി.-യുടെ ഫ്ലീറ്റ് യൂട്ടിലൈസേഷൻ ദേശീയ നിലവാരത്തേക്കാൾ വളരെ താഴ്ന്ന നിലയിലായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപയിൽനിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. വി. ടി. ബൽറാം

ശ്രീ. മോൻസ് ജോസഫ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. അനൂപ് ജേക്കബ്

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ ഷംസുദ്ദീൻ)

ശ്രീ. സി. കൃഷ്ണൻ: സർ, വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. സംസ്ഥാനത്തെ മത്സ്യമേഖലയും തീരദേശവും ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു തലത്തിലൂടെയാണ് കടന്നുവന്നത്. കേരളത്തിന്റെ ഖ്യാതി നമ്മുടെ മത്സ്യത്തൊഴിലാളികൾ രാജ്യാന്തരങ്ങളിൽ എത്തിച്ചിട്ടുള്ള ഒരു കാലമാണ്. ഇക്കഴിഞ്ഞ മഹാപ്രളയവും അതിനുമുമ്പുണ്ടായിട്ടുള്ള ഓഖി ദുരന്തവും, അതിനെ പ്രതിരോധിക്കാൻ തീരദേശവാസികളും പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളും വഹിച്ച പങ്ക് എത്ര അഭിനന്ദിച്ചാലും മതിയാവാത്തതാണ്. ആ പങ്കാളിത്തത്തെത്തുടർന്ന് മുഖ്യമന്ത്രിയും കേരളവും, കേരളത്തിലെ മത്സ്യത്തൊഴിലാളികളെ "കേരളത്തിന്റെ സൈന്യം" എന്നാണ് വിശേഷിപ്പിച്ചത്. രാജ്യത്തിനകത്തും പുറത്തും ശ്രദ്ധിക്കപ്പെട്ട ഒരു കാര്യമാണിത്. യഥാർത്ഥത്തിൽ നമ്മുടെ മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ നമ്മുടെ നാടിന്റെ അഭിമാനമാണ് സംരക്ഷിച്ചത്. ആ നിലയ്ക്കുള്ളവരാണ് തീരദേശത്ത് അധിവസിക്കുന്നവർ. 590 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് കേരളത്തിന്റെ കടലോരം. നമ്മുടെ മത്സ്യസമ്പത്തിന്റെ 72 ശതമാനവും ലഭിക്കുന്നത് ഈ മേഖലയിൽനിന്നാണ്. ഇത് ദേശീയതലത്തിൽ 40 ശതമാനം മാത്രമാണ്. 2006-07-കാലയളവിൽ 5.98 ലക്ഷം ടൺ ഉണ്ടായിരുന്ന മത്സ്യസമ്പത്ത് ഉൽപ്പാദനം 2016-2017-ൽ 5.23 ലക്ഷം ടണ്ണായി കുത്തനെ കുറയുകയാണുണ്ടായത്. മത്സ്യസമ്പത്ത് ക്രമത്തിൽ കുറഞ്ഞുവരുന്ന ഒരനുഭവമാണ് ഇവിടെ രേഖപ്പെടുത്തുന്നത്. ഒരുകാലത്ത് സമുദ്ര മത്സ്യോല്പാദനത്തിൽ കേരളം ഒന്നാമതായിരുന്നു. ഇപ്പോൾ കേരളം പശ്ചിമ ബംഗാളിന്റെയും ആന്ധ്രാപ്രദേശിന്റെയും ഗുജറാത്തിന്റെയും പിന്നിലായി നാലാം സ്ഥാനത്താണ് നിലകൊള്ളുന്നത്. ഈ പരിമിതിയെ അതിജീവിക്കാനുള്ള നയങ്ങളും ഒട്ടേറെ നടപടികളും സംസ്ഥാന ഗവൺമെന്റും ഫിഷറീസ് വകുപ്പും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചുവരുന്നുവെന്നത് അഭിമാനകരമായിട്ടുള്ള കാര്യമാണ്. തീരദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഒരു പ്രത്യേക നിയമനിർമ്മാണത്തിന്റെ കാര്യം എൽ.ഡി.എഫ്. ഗവൺമെന്റ് നേരത്തെ മുന്നോട്ടുവച്ചിട്ടുണ്ട്. ഇപ്പോൾ വീണ്ടും അതിന്റെ ചില നടപടികളിലേയ്ക്ക് പോകുന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇത് തീരദേശത്തിന്റെ പ്രത്യേകതയും പിന്നാക്കാവസ്ഥയും പരിഗണിച്ചുകൊണ്ടാണ്. സമഗ്രമായ ഭൂപരിഷ്കരണ നിയമത്തിലൂടെ കൃഷിഭൂമി കൃഷിക്കാരന് സ്ഥാപിച്ചുകൊണ്ടുള്ള നടപടികൾ ഒരുകാലത്ത് നമ്മുടെ രാജ്യത്ത് സ്വീകരിക്കുകയുണ്ടായി. 'കൃഷി ഭൂമി കൃഷിക്കാരന്' എന്നുള്ളത്, ആ കാലത്ത് ഒരു മുദ്രാവാക്യമായിരുന്നു. അതുപോലെതന്നെ, 'വനത്തിലുള്ള അവകാശം വനവാസികൾക്ക്' എന്ന മുദ്രാവാക്യം ദീർഘകാലമായി ഉയർന്നുവന്നു. ഒരു പ്രത്യേക ഘട്ടത്തിൽ വനത്തിൽ അധിവസിക്കാനുള്ള അവരുടെ ആവാസകേന്ദ്രം സംരക്ഷിക്കാനുള്ള അവകാശം ആദിവാസികളിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള നിയമനിർമ്മാണം നടന്നിട്ടുണ്ട്. അതിൽ വെള്ളം ചേർക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. അതുപോലെതന്നെ ഇവിടെ ഉയർന്നുവന്നിട്ടുള്ള ഒരു ആശയം 'കടൽ കടലിന്റെ മക്കൾക്ക്' എന്നുള്ളതാണ്, കടലിലേയ്ക്ക് പ്രവേശിക്കാനുള്ള അവരുടെ അവകാശമാണ്. അതുപോലെതന്നെ കടലിൽനിന്ന് പിടിക്കുന്ന മത്സ്യത്തിന്റെ ഉടമസ്ഥാവകാശം, അതിന്റെ ആദ്യ വിൽപ്പന മത്സ്യത്തൊഴിലാളികൾക്കായിരിക്കണം. മാത്രമല്ല, മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്കായിരിക്കണം. ആ തരത്തിൽ കടലിലേയ്ക്ക് പ്രവേശിക്കാനുള്ള അവകാശവും അവർ ഉണ്ടാക്കുന്ന സമ്പത്തിന്റെ അവകാശവും അവരിൽതന്നെ നിക്ഷിപ്തമാകുന്ന നിയമനിർമ്മാണം നടത്തുമെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒരു നയമായി അംഗീകരിച്ചിട്ടുണ്ട്. ആ നയം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് ആശാവഹമായിട്ടുള്ള കാര്യമാണ്. ഈ കാര്യത്തിൽ കാലതാമസമുണ്ടാകാൻ പാടില്ല. നമ്മുടെ മത്സ്യമേഖലയെയും മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് ഇത്തരം നിയമനിർമ്മാണം കൊണ്ടുവരുന്നത് അത്യാവശ്യമാണ്. അതുപോലെതന്നെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഉൾനാടൻ മത്സ്യബന്ധനമേഖല ഇതിൽ പ്രധാന പങ്ക് വഹിക്കുന്നതാണ്. മത്സ്യസമ്പത്തിൽ ഉൾനാടൻ മേഖലയിലെ നമ്മുടെ വിഹിതം 28 ശതമാനത്തിൽ താഴെയായി ഇപ്പോഴും നിൽക്കുകയാണ്. പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടൊരു കാര്യമാണ്. കടൽ മത്സ്യസമ്പത്തിന്റെ ശോഷണം നടന്നുകൊണ്ടിരിക്കുന്ന കാലത്ത് ഉൾനാടൻ മേഖലയിൽനിന്നാണ് കൂടുതൽ മത്സ്യം സമ്പാദിക്കാൻ സാധിക്കുക. അത് സാധിക്കണമെങ്കിൽ ഉൾനാടൻ ജലാശയങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തിന്റെ ആവാസം അല്ലെങ്കിൽ അവയുടെ പ്രജനന ആവാസ കേന്ദ്രം സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റും ഫിഷറീസ് വകുപ്പും പ്രത്യേക നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട് എന്നത് അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്. ഇതുവഴി നടപ്പുസാമ്പത്തിക വർഷം 40 ലക്ഷം മെട്രിക് ടൺ മത്സ്യം കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. 'ഉൾനാടൻ ജലാശയങ്ങളിൽ' എന്നൊരു നിർദ്ദേശമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞാൽ വലിയ നേട്ടമായിരിക്കും. അതുപോലെ മറ്റൊരു മേഖലയാണ് മത്സ്യകൃഷിയുമായി ബന്ധപ്പെട്ട ജലകൃഷി. കടലിലും ഉൾനാടൻ മേഖലയിലും മത്സ്യസമ്പത്ത് കുറഞ്ഞുവരുമ്പോൾ, അതിനുശോഷണം സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ പ്രത്യേകം പ്രാധാന്യം നൽകി വളർത്തിക്കൊണ്ടുവരാൻ സാധിക്കുന്ന ഒന്നാണ് മത്സ്യകൃഷി/ജലകൃഷി. ഈ കാര്യത്തിൽ ഒട്ടേറെ പദ്ധതികളിലൂടെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്നുള്ളത് സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. അതോടൊപ്പംതന്നെ ഇന്ന് ജല കൃഷിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അവർക്ക് മത്സ്യവിത്ത് യഥാവസരത്തിൽ ലഭിക്കുന്നില്ല എന്നുള്ളതാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നുകൊണ്ടുവരുന്ന മത്സ്യവിത്ത് അണുബാധയുള്ളവയാണ്. അതിനെ നിലനിർത്താൻ സാധിക്കുന്നില്ല എന്ന പ്രശ്നം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ട്. ഇത്തവണ സംസ്ഥാന ഗവൺമെന്റും ഫിഷറീസ് വകുപ്പും അതിനുവേണ്ടി പൊതുമേഖലയിലും മറ്റുമേഖലയിലുമെല്ലാം ഹാച്ചറികൾ തുടങ്ങി മത്സ്യവിത്ത് ഉൽപ്പാദിപ്പിക്കാനും അത് കൃഷിക്കാർക്ക് വിതരണം ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയാൻ സാധിച്ചു. വളരെ ശ്ലാഘനീയമായിട്ടുള്ള കാര്യമാണത്. ബഡ്ജറ്റിൽ അതിനുവേണ്ടി പണം വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആ തരത്തിലുള്ള നിരവധി നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പംതന്നെ ഈ രംഗത്ത് നേരിടുന്ന പ്രതിസന്ധികളെ എങ്ങനെയാണ് അതിജീവിക്കാൻ സാധിക്കുക എന്നുള്ളത് സംബന്ധിച്ച് ആവശ്യമായ പഠനഗവേഷണം ഇനിയും ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിന് വിവിധ ഏജൻസികൾ ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. കേരളത്തിൽ അതിന്റെ പ്രവർത്തനങ്ങൾ ചിട്ടയായി മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ട പരിശ്രമങ്ങൾ നടന്നുവരുന്നുവെന്നുള്ളത് സന്തോഷകരമായിട്ടുള്ള കാര്യമാണ്. പഠന ഗവേഷണ രംഗത്തൊക്കെ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്ന കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന കുഫോസ് ഫിഷറീസ് സർവ്വകലാശാല അതിൽ വലിയൊരു പങ്ക് വഹിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന് അവശ്യമായ നടപടികൾ സ്വീകരിക്കണം. ഇപ്പോൾ അതിന്റെ ഭാഗമായിട്ടാണ് കൊല്ലത്തും

കണ്ണൂർ ജില്ലയിലെ പയ്യന്നൂരിലും ഓരോ കേന്ദ്രം തുടങ്ങാൻ ഈ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിക്കുകയും അതിന് ഫണ്ട് വകയിരുത്തുകയും ചെയ്തിട്ടുള്ളത്. അതിന്റെ പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ടുകൊണ്ടു പോകുന്നതിന് ഫിഷറീസ് സർവ്വകലാശാലയും ഫിഷറീസ് വകുപ്പും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ നമ്മുടെ തീരദേശ മേഖലയെ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പിൽ ഒട്ടേറെ ചെറിയ ചെറിയ പദ്ധതികളുണ്ട്. സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള തീരദേശപാത ഉൾപ്പെടെയുള്ള പദ്ധതികളുമായി മുന്നോട്ടുപോയാൽ ടൂറിസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി, അല്ലെങ്കിൽ ആ മേഖലയിൽ വലിയ സംഭാവന ചെയ്യുന്നതിന് ഏറെ സഹായകമാകും. ഇപ്പോൾ ധാരാളം ആളുകൾ കടലും കായലുമൊക്കെ കാണുന്നതിനും ആസ്വദിക്കുന്നതിനുമായി വരുന്നുണ്ട്. 590 കിലോമീറ്ററിൽ കൂടുതൽ ദൈർഘ്യമുള്ള തീരദേശ പാതയിൽ ഇപ്പോൾ വിഭാവനം ചെയ്യുന്നത് 14 മീറ്റർ വീതിയിലുള്ള റോഡ് എന്നാണ്. 12 മീറ്റർ റോഡിന് 2 മീറ്റർ സൈക്കിൾവേയാണ്. സൈക്കിൾവേ അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് വേണ്ടിയാണ്. തീരദേശമേഖലയിലെ ഗതാഗതം സുഗമമാക്കുന്നതോടുകൂടിത്തന്നെ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാനും അവിടത്തെ ജനജീവിതം മെച്ചപ്പെടുത്താനും സാധിക്കത്തക്ക നിലയിലുള്ള ഒരു പദ്ധതിയാണ് തീരദേശ ഹൈവേ. അത് ഈ മത്സ്യമേഖലയ്ക്ക് വലിയ തോതിൽ പ്രചോദനം നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകേണ്ടതാണ്. ടൂറിസംമേഖലയും ആ തരത്തിൽ വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് മത്സ്യമേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കുംവേണ്ടി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാസമിതി ചില സംസ്ഥാനങ്ങൾ സന്ദർശിച്ചപ്പോൾ കേരളത്തിലുള്ളതുപോലുള്ള പദ്ധതികളും സൗകര്യങ്ങളും മറ്റൊരു സംസ്ഥാനത്തുമുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല. ഒരു പ്രത്യേക വകുപ്പോ മന്ത്രിയോ ഒന്നുമില്ലാത്ത സംസ്ഥാനങ്ങളാണുള്ളത്. അതിൽനിന്ന് വ്യത്യസ്തമായി കേരളത്തിന്റെ പാരമ്പര്യം നിലനിർത്താനും ഉയർത്താനും ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള ഒന്നാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നിട്ടുള്ള കടാശ്വാസ കമ്മീഷൻ. അതിന്റെ കാലപരിധി 2007 ഡിസംബർ 31 എന്നുള്ളത് 2008 ഡിസംബർ 31 എന്നാക്കിയത് കടക്കെണിയിൽപ്പെട്ടുഴലുന്ന മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസമായി.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന് സമാനമായിട്ടുള്ള മറ്റൊരു നിയമം അല്ലെങ്കിൽ പദ്ധതി വേറെ എവിടെയുമുണ്ടെന്ന് തോന്നുന്നില്ല. ഇപ്പോൾ 52 ദിവസം ട്രോളിംഗ് നിരോധനമാണ്. ഈ പഞ്ഞമാസങ്ങളിൽ തൊഴിലാളികൾക്ക് തൊഴിലില്ല. ആ ഘട്ടത്തിൽ ഉപയോഗിക്കത്തക്ക നിലയിൽ 3600 രൂപയായിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി വർദ്ധിപ്പിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും ഫിഷറീസ് വകുപ്പ് അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇപ്പോൾ 4500 രൂപ ഈ പഞ്ഞമാസക്കാലത്ത് അവർക്ക് ഓരോരുത്തർക്കും വാങ്ങാൻ സാധിക്കത്തക്ക നിലയിൽ ആ പദ്ധതി നടപ്പിലാക്കിയെന്നത് ഏറെ സഹായകരമായിട്ടുള്ള ഒരു കാര്യമാണ്. അതുപോലെ മത്സ്യത്തൊഴിലാളികളുടെ മറ്റ് ആശ്വാസ പദ്ധതികളായ ഇൻഷ്വറൻസ് പദ്ധതി, വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പദ്ധതി, അവരുടെ താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങി നിരവധി പദ്ധതികൾ ഈ ബഡ്ജറ്റിലൂടെയും അല്ലാതെയും നടപ്പിലാക്കിയിട്ടുണ്ട്. ഈ തരത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാരും പ്രത്യേകിച്ച് ഫിഷറീസ് വകുപ്പുമന്ത്രിയും ഈ കാര്യങ്ങളിൽ താൽപ്പര്യമെടുത്തുകൊണ്ട് പ്രവർത്തനങ്ങൾ നടത്തുന്നത് ഏറ്റവും സന്തോഷകരമായിട്ടുള്ള കാര്യമാണ്. ഇപ്പോൾ ഈ സഭ സമ്മേളിക്കുമ്പോഴും നമ്മുടെ തീരദേശ മേഖലയിലാകെ കടലാക്രമണ ഭീതിയുടെ അന്തരീക്ഷം നിലനിൽക്കുന്നുണ്ട്. നിരവധി വീടുകളും ആളുകളും കടലാക്രമണത്തിൽ പെട്ടുപോയിട്ടുണ്ട്. 22.5 കോടി രൂപ ഗവൺമെന്റ് അനുവദിച്ചത് കടലാക്രമണത്തെ പ്രതിരോധിക്കുന്നതിന് അടിയന്തരനടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവെന്നുള്ളതിന്റെ തെളിവാണ്. ഈ വിധത്തിൽ മത്സ്യമേഖലയേയും മത്സ്യത്തൊഴിലാളികളേയും നമ്മുടെ നാടിനേയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ശക്തമായി നടത്തേണ്ടതുണ്ട്. ഈ സമ്മേളനം നടക്കുമ്പോൾ എല്ലാവരുടേയും ചർച്ചയിൽ ഉയർന്നുവരുന്ന രാഷ്ട്രീയ പ്രശ്നങ്ങളുണ്ട്. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, താങ്കൾക്ക് അനുവദിച്ച സമയം അവസാനിച്ചിരിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പരാജയം ഏറ്റുവാങ്ങേണ്ടി വന്നിട്ടുള്ള കാര്യം എല്ലാവർക്കും അറിയാം. എന്നാൽ 404 സീറ്റുണ്ടായിരുന്ന കോൺഗ്രസിന് 52 സീറ്റിലേയ്ക്ക് ചുരുങ്ങേണ്ടി വന്നുവെന്നുള്ളത് ദയനീയമായ പരാജയമാണ്. ഇടതുപക്ഷ പ്രസ്ഥാനത്തിന്, തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന് ഈ പരാജയത്തെ അതിജീവിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുമെന്നുള്ളത് കഴിഞ്ഞകാല ചരിത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഈ തെരഞ്ഞെടുപ്പിനെത്തുടർന്ന് നീതി ആയോഗിന്റെ ഒരു പ്രഖ്യാപനം വന്നിട്ടുണ്ട്. അതിൽ ഇവിടെ മഹാസ്ഫോടനം നടക്കാൻ പോകുന്നു, 27 പൊതുമേഖലാ സ്ഥാപനങ്ങൾ വൻകിടക്കാർക്കായി സ്വകാര്യവൽക്കരിക്കാൻ പോകുന്നു, 44 തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതാൻ പോകുന്നു എന്നതാണ്. കേന്ദ്രസർക്കാരിന് ഭൂരിപക്ഷമുണ്ട്, ജനങ്ങളുടെ mandate ഉണ്ടെന്നുപറഞ്ഞ് തുടർനടപടികളിലേയ്ക്ക് പോകുമ്പോൾ കഴിഞ്ഞ ജനുവരിയിൽ 22 കോടി തൊഴിലാളികളാണ് കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരായി സമരരംഗത്തേയ്ക്ക് വന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കൃഷ്ണൻ, അങ്ങ് പ്രസംഗം ഉപസംഹരിക്കണം.

ശ്രീ. സി. കൃഷ്ണൻ: സർ, ശക്തമായ സമരങ്ങൾ ഇനിയും ഉയർന്നുവരും. അതിലൂടെ ഈ തെരഞ്ഞെടുപ്പിലുണ്ടായ പരാജയത്തെ അതിജീവിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഒരിക്കൽ കൂടി ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ഭരണത്തിനുശേഷം യാത്രക്കാർ പെരുവഴിയിലും ജീവനക്കാർ കട്ടപ്പുറത്തും മന്ത്രി ആനപ്പുറത്തുമെന്ന അവസ്ഥയിലാണ്. യു.ഡി.എഫ്. ഗവൺമെന്റ് അഞ്ച് വർഷക്കാലംകൊണ്ട് 2500 പുതിയ ബസ്സുകളാണ് കേരളത്തിൽ നിരത്തിലിറക്കിയത്. ഇടതുപക്ഷ മുന്നണി ഗവൺമെന്റ് മൂന്ന് വർഷംകൊണ്ട് നിരത്തിലിറക്കിയത് വെറും 101 ബസ്സുകൾ മാത്രമാണ്. ദീർഘദൂര സർവ്വീസുകളായ സൂപ്പർ ക്ലാസ് സർവ്വീസുകൾക്ക് ഉപയോഗിക്കുന്നത് പുതിയ ബസ്സുകളാണ്. ഈ പുതിയ ബസ്സുകൾ 2 വർഷം സൂപ്പർ ക്ലാസായി സർവ്വീസ് നടത്തിയശേഷം ലോക്കൽ/ഫാസ്റ്റ് ബസ്സുകളായി സർവ്വീസ് നടത്തുന്നതായാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഒരു പുതിയ ബസ്സിന് ഓർഡർ നൽകിയാൽ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായി വരാൻ കുറഞ്ഞത് 2 വർഷത്തെ കാലതാമസമുണ്ട്. എന്നാൽ ഇതുവരേയും പുതിയ ബസ്സുകൾ വാങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. അടുത്ത സർക്കാർ അധികാരത്തിൽ വരുമ്പോൾ സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്താനുള്ള ബസ്സുകൾ ഇല്ലാത്ത ഒരവസ്ഥ കേരളത്തിലുണ്ടാകുമെന്ന് ഞാൻ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ബസ്സുകൾ വാങ്ങിയില്ലെങ്കിലും ഇപ്പോൾ Maha Voyage എന്ന കമ്പനിയിൽനിന്ന് 10 വോൾവോ ബസ്സുകളും 10 ഇലക്ട്രിക് ബസ്സുകളും വാടകയ്ക്കെടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നാണോ, കേരള സ്റ്റേറ്റ് ആന്റ് പ്രൈവറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നാണോ ഇതിനെ വിളിക്കേണ്ടത് എന്നതാണ് എന്റെ സംശയം. ഈ കമ്പനി ഒരു എൻ.സി.പി. നേതാവിന്റെ ഉടമസ്ഥതയിലുള്ളതാണെന്നാണ് പറയപ്പെടുന്നത്. അതുസംബന്ധിച്ച് കൃത്യമായി അറിയാത്തതിനാൽ അക്കാര്യം ഞാൻ ആധികാരികമായി പറയുന്നില്ല. മൂന്ന് വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുമെന്നാണ് ആദ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. എന്നിട്ട് ലാഭത്തിലായോ; ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നത് കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ കടബാധ്യതകളും ഏറ്റെടുക്കുമെന്നാണ്. കെ.എസ്.ആർ.ടി.സി. രൂപീകരിച്ചത് 1965 ഏപ്രിൽ മാസം 1-ാം തീയതിയാണ്. 2016-ൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരമൊഴിയുമ്പോൾ 50 വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ കടം 2,130 കോടി രൂപയാണ്. ഈ ഗവൺമെന്റ് മൂന്ന് വർഷം ഭരിച്ചപ്പോൾ കടബാധ്യത 4,320 കോടി രൂപയായി മാറി. യു.ഡി.എഫ്.-ന്റെ കാലത്ത് 2500 പുതിയ ബസ്സുകൾ വാങ്ങി. 20000 പേർക്ക് നിയമനം നൽകി, 4000 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി. ഇവയെല്ലാം ചെയ്തിട്ടും 2130 കോടി രൂപയിൽ കടബാധ്യത നിർത്താൻ സാധിച്ചു. ഇവർ അധികാരത്തിൽ വന്നതിനുശേഷം 1161 സ്ഥിരം ജീവനക്കാരുൾപ്പെടെ 9000 ജീവനക്കാരെ പിരിച്ചുവിട്ടു. ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടാണ് കണ്ടക്ടർമാരെ പിരിച്ചുവിട്ടത് എന്നുപറയുന്നു. നിലവിൽ ഒഴിവുകൾ ഉണ്ടായിരുന്നിട്ടും പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താത്തതിനെത്തുടർന്നാണ് അന്ന് ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയെ സമീപിച്ചത്. യഥാസമയം നിയമനം നടത്തിയിരുന്നെങ്കിൽ അവർ ഹൈക്കോടതിയെ സമീപിക്കുകയില്ലായിരുന്നു. കെ.എസ്.ആർ.ടി.സി.-യെ പ്രതിസന്ധിയിലേയ്ക്ക് എത്തിക്കുന്ന ഒരു സാഹചര്യവും ഉണ്ടാകുമായിരുന്നില്ല. ഈ സർക്കാർ പിരിച്ചുവിട്ടത് 3861 പേരെയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതുപ്രകാരം തിരിച്ചെടുത്തത് 1451 പേരെയാണ്. എല്ലാ ഇടതുപക്ഷ മുന്നണി സർക്കാരിന്റെ കാലത്തും സുശീൽ ഖന്ന എന്നുപറയുന്നയാളിനെ ഇവിടെ കൊണ്ടുവരും. ശ്രീ. സുശീൽ ഖന്ന ഇവിടെ വന്ന് ഓരോ റിപ്പോർട്ടുകൾ സമർപ്പിക്കും. ഇപ്പോൾ അദ്ദേഹം പറഞ്ഞിരിക്കുന്നത് ആസ്തികൾ വിറ്റ് കടം തീർക്കണമെന്നാണ്. ആസ്തികൾ വിറ്റ് കടം തീർക്കണമെന്ന് പറയാൻ ശ്രീ. സുശീൽ ഖന്നയെ ഇവിടെ കൊണ്ടുവരേണ്ടതുണ്ടോ? ലക്ഷങ്ങൾ ചെലവാക്കി അദ്ദേഹത്തിന് വിമാന ടിക്കറ്റും ഫൈവ് സ്റ്റാർ ഹോട്ടലിലെ താമസവും ഒരുക്കി എന്നല്ലാതെ യാതൊരു പ്രയോജനവും ഇവിടെ ഉണ്ടായിട്ടില്ല. കെ.എസ്.ആർ.ടി.സി.

ജീവനക്കാർക്ക് 2016-ലെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. ഒരു ശമ്പളപരിഷ്കരണം അവർക്ക് നഷ്ടമായിരിക്കുകയാണ്. സർക്കാർ ജീവനക്കാർക്ക് അടുത്ത ശമ്പള കമ്മീഷനെ നിയമിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ ഉയർന്നുവരുന്ന സന്ദർഭത്തിൽ ഒരു ശമ്പള കമ്മീഷൻ പൂർണ്ണമായി കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നഷ്ടമായിരിക്കുന്നു. 6 ഗഡു ഡി.എ. കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ജീവനക്കാർക്കുള്ള യൂണിഫോം പോലും വിതരണം ചെയ്യാത്തൊരു അവസ്ഥയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. എത്തിയിരിക്കുകയാണ്. ജീവനക്കാരെ നമ്മൾ ആദരിക്കണം. ഇത്രയധികം പ്രതികൂലമായ നടപടികൾ ട്രാൻസ്പോർട്ട് ജീവനക്കാർക്ക് നേരെയുണ്ടായിട്ടും അവർ ഒരു പണിമുടക്കിലേയ്ക്ക് പോയില്ലായെന്നുപറയുമ്പോൾ മന്ത്രിക്കും സർക്കാരിനും ഉള്ളതിനേക്കാൾ ഉത്തരവാദിത്വം കെ.എസ്.ആർ.ടി.സി.-യോട് അവിടത്തെ ജീവനക്കാർക്കുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. മുദ്രാവാക്യം വിളിക്കാൻ പാടില്ല, ധർണ്ണ നടത്താൻ പാടില്ല എന്നൊക്കെ പറയുന്നത് ഇടതുപക്ഷ മുന്നണി സർക്കാർ അധികാരത്തിലിരിക്കുമ്പോഴാണ്. 8 മണിക്കൂർ ജോലിക്കും 8 മണിക്കൂർ വിശ്രമത്തിനും വേണ്ടി സമരം ചെയ്ത ഒരു പ്രസ്ഥാനത്തിലെ ആളുകൾ ഇന്ന് 12 മണിക്കൂർ ജീവനക്കാരെക്കൊണ്ട് ജോലിയെടുപ്പിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് 32 ലക്ഷം യാത്രക്കാരാണ് പ്രതിദിനം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അത് 28 ലക്ഷം യാത്രക്കാരായി ചുരുങ്ങിയിരിക്കുകയാണ്. പുതിയ ബസ്സുകൾ വാങ്ങാതെ, ജീവനക്കാരെ ദ്രോഹിച്ചുകൊണ്ട്, യാത്രക്കാരെ പെരുവഴിയിലാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ഈ സർക്കാർ ദയാവധത്തിന് വിട്ടിരിക്കുകയാണ്.

ഇന്നിവിടെ ചർച്ച ചെയ്തതുപോലെ കേരളമാകെ തീരദേശങ്ങളിൽ കടലാക്രമണം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ കടലാക്രമണത്തിന്റെ പശ്ചാത്തലത്തിൽതന്നെ കഴിഞ്ഞ ഓഖി ദുരന്തത്തെക്കുറിച്ച് കൂടി നമ്മൾ ചർച്ച ചെയ്യേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ബിഗ് സല്യൂട്ട് കൊടുത്ത ഒരു സർക്കാരാണ്, നമ്മൾ എല്ലാവരും സല്യൂട്ട് കൊടുക്കുന്നു. സർക്കാരിന്റെ കണക്കുപ്രകാരം 65000 ജീവനുകളാണ് അവർ രക്ഷപ്പെടുത്തിയത്. ഇതുപോലെയുള്ള ദുരന്തത്തിൽ ഒരു ജീവൻ നഷ്ടമായാൽ ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയോളം അവർക്ക് നൽകും. അങ്ങനെ കണക്കാക്കിയാൽ തന്നെ 65,000 പേർക്ക് ഏകദേശം 6,500 കോടി രൂപ നമ്മൾ കൊടുക്കേണ്ടതായിരുന്നു. പണത്തിന്റെ അടിസ്ഥാനത്തിൽ ജീവന് വിലയിടാൻ സാധിക്കില്ല. അങ്ങനെയുള്ള മത്സ്യത്തൊഴിലാളികൾക്ക് വെറും 3000 രൂപ പാരിതോഷികം പ്രഖ്യാപിച്ച് അവരെ അവഹേളിച്ച ഒരു സർക്കാരാണിതെന്ന് കൂടി ഞാൻ സൂചിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1.00 P.M.]

2018-19-ലെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. നമ്മളെല്ലാവരും അതിൽ സന്തോഷിച്ചു. ഇന്ന് ആ പാക്കേജ് എവിടെയാണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 4-2-2019-ൽ എനിക്ക് നൽകിയൊരു മറുപടിയിൽ പറഞ്ഞിരിക്കുന്നത്, ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജീവനോപാധി പഠനങ്ങൾ സംബന്ധിച്ച് IRMA(Institute of Rural Management, Anand) മുഖാന്തരവും Basic human needs, Coastal infrastructure, Human Development, Social Security, Quality of Public Service, Self Help Groups ഇങ്ങനെയുള്ള കാര്യങ്ങളിലെല്ലാം പഠനം നടത്താൻവേണ്ടി TISS (Tata Institute of Social Sciences)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇന്നുവരെ അതിന്റെ ഡി.പി.ആർ. തയ്യാറാക്കുകയോ എന്തെങ്കിലുമൊരു നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ? കഴിഞ്ഞ ബഡ്ജറ്റ് അതിനെ പൂർണ്ണമായും വിസ്മരിച്ചുകൊണ്ടാണ് അവതരിപ്പിച്ചിരുന്നത്. കേരളത്തിലെ 65,000-ഓളം ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികൾക്ക് ഇടതുപക്ഷ മുന്നണി സർക്കാർ 2000 കോടി രൂപയുടെ വഞ്ചനയാണ് സമ്മാനിച്ചിരിക്കുന്നത്. ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്തൊരു സാഹചര്യമുണ്ടായിരിക്കുന്നു. ജൂൺ മുതൽ നവംബർ മാസം വരെ കാലവർഷവും കടലാക്രമണവും കാലാവസ്ഥാ മുന്നറിയിപ്പുമുൾപ്പെടെയുള്ള പല കാരണങ്ങൾകൊണ്ട് അവർക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുന്നു. ആ ദിവസങ്ങളിൽ അവരുടെ വീട് പട്ടിണിയിലാണ്, വീടുകളിൽ അടുപ്പുകൾ പുകയുന്നില്ല. അവർക്ക് സാമ്പത്തിക സഹായം ചെയ്യണ്ടേ? സൗജന്യ റേഷൻ കൊടുക്കുന്നതുകൊണ്ട് മാത്രം പരിഹാരമാകുമോ? ഒരു കുടുംബത്തിന് സൗജന്യ റേഷനുവേണ്ടി 58 രൂപ കൊടുത്താൽ മതിയാകുമോ? ഇതുകൊണ്ടൊന്നും പോര, അവരുടെ കുടുംബം പുലരണമെങ്കിൽ സാമ്പത്തിക സഹായം സർക്കാർ കൊടുത്തേ മതിയാകൂ. അതുപോലെതന്നെ മത്സ്യത്തൊഴിലാളികളുടെ റേഷൻ കാർഡുകൾ, മുൻഗണനാ കാർഡുകൾ എന്നിവ നൽകാൻ തയ്യാറാകണം. വകുപ്പ് വേറെയാണെങ്കിലും മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുള്ള ചർച്ചയായതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. അതുപോലെ തീരദേശ പട്ടയങ്ങൾ നൽകാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 19 സീറ്റുകളിൽ യു.ഡി.എഫ്. ജയിച്ചത് എന്തോ വലിയ അപരാധം പോലെയാണ് ഇടതുപക്ഷ മുന്നണി സർക്കാർ പറയുന്നത്. ഇടയ്ക്കിടയ്ക്ക് പുട്ടിന് പീരയിടുന്നതുപോലെ പറയും 'തെറ്റുകളുണ്ടെങ്കിൽ ഞങ്ങൾ പരിശോധിക്കും' എന്ന്. ഇവർ പറയുന്നത് കേട്ടാൽ അവർക്ക് ഒരു തെറ്റും സംഭവിച്ചിട്ടില്ലെന്ന് തോന്നും. എന്ത് പറഞ്ഞാലും അവർക്കൊരു ന്യായീകരണമുണ്ട്. തെരഞ്ഞെടുപ്പിന്റെ ഉത്തരവാദിത്വം ശ്രീ. പിണറായി വിജയനാണെന്ന് ആരെങ്കിലും പറഞ്ഞാൽ ഉടനെ അദ്ദേഹത്തെ സംരക്ഷിക്കാൻ വേണ്ടി സംരക്ഷണ വലയമുണ്ടാക്കും. പോയിപ്പോയി ഇവർ എന്തെല്ലാം ചെയ്തിരിക്കുകയാണ്. ഹിറ്റ്ലറെയും മുസോളിനിയെയും ശ്രീ. നരേന്ദ്ര മോദിയെയും വരെ ശ്രീ. പിണറായി വിജയന് സംരക്ഷണമൊരുക്കുന്ന കവചമായി ഇടതുമുന്നണി അവതരിപ്പിച്ചിരിക്കുകയാണ്. കേരളത്തിൽ ഇടതുമുന്നണിക്ക് ഏറ്റവും കൂടുതൽ പരാജയങ്ങൾ സമ്മാനിച്ച മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പാർട്ടി സെക്രട്ടറിയായിരുന്നപ്പോഴും മുഖ്യമന്ത്രിയായിരുന്നപ്പോഴും, 2006-ലെ തെരഞ്ഞെടുപ്പിൽ വിജയിച്ചതിനുശേഷം പിന്നീട് ഇടതുമുന്നണി വിജയിക്കുന്നത് കഴിഞ്ഞ തെരഞ്ഞെടുപ്പിലാണെന്ന് നിങ്ങൾ ഓർക്കണം. 2006-ലെ തെരഞ്ഞെടുപ്പിനുശേഷം പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബഹുഭൂരിപക്ഷവും യു.ഡി.എഫ്. വിജയിച്ചു. 2015-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വിജയിച്ചു. 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലെ പരാജയത്തിനുശേഷം മൂന്ന് നിയമസഭാ ഉപതെരഞ്ഞെടുപ്പുകളിലും ഐക്യജനാധിപത്യ മുന്നണി വിജയിച്ചു. 2011-ലെ അസംബ്ലി തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വൻഭൂരിപക്ഷത്തോടെ വിജയിച്ചു. നെയ്യാറ്റിൻകരയും അരുവിക്കരയും ഉൾപ്പെടെ എല്ലാ ഉപതെരഞ്ഞെടുപ്പുകളിലും യു.ഡി.എഫ്. വിജയിച്ചു. ഓരോ തെരഞ്ഞെടുപ്പിലും പരാജയപ്പെടുമ്പോൾ ബഹുമാനപ്പെട്ട പിണറായി വിജയനുവേണ്ടി എല്ലാവരും ഒരുമിച്ച് അണിനിരക്കുന്നൊരു കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇപ്പോൾ അതിനായി ഹിറ്റ്ലറെയും മുസ്സോളിനിയെയും ശ്രീ. നരേന്ദ്ര മോദിയെയും വരെ കൂട്ടുപിടിച്ചിരിക്കുന്നു. ബംഗാളിലും ത്രിപുരയിലും നിങ്ങൾ പരാജയപ്പെട്ടു. ജനാധിപത്യത്തിൽ പരാജയവും വിജയവും സംഭവിക്കാം, പരാജയം ഒരു തെറ്റാണെന്ന് ഞാൻ പറയുന്നില്ല. ഏറ്റവും കൂടുതൽ തെരഞ്ഞെടുപ്പിൽ വിജയിച്ചൊരു പാർട്ടി കോൺഗ്രസ്സാണ്. ഏറ്റവും കൂടുതൽ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടൊരു പാർട്ടി ബി.ജെ.പി.-യുമാണ്. എനിക്ക് നിങ്ങളോട് ചോദിക്കാനുള്ളത്, ഞങ്ങളെല്ലാം പരാജയപ്പെടുമ്പോൾ പറയുന്നത്, വർദ്ധിച്ച വീര്യത്തോടുകൂടി ഞങ്ങൾ

തിരിച്ചുവരും എന്നാണ്. മദ്ധ്യപ്രദേശിൽ മൂന്ന് തവണ പരാജയപ്പെട്ടുവെങ്കിലും പിന്നീട് മദ്ധ്യപ്രദേശിലും രാജസ്ഥാനിലും ഛത്തീസ്ഘട്ടിലും ഞങ്ങൾ അധികാരത്തിൽ വന്നു. പക്ഷേ പോളിറ്റ് ബ്യൂറോ അംഗങ്ങൾ മുതൽ ബ്രാഞ്ച് കമ്മിറ്റി അംഗങ്ങൾ വരെ നിരന്നിരിക്കുന്ന ഈ സഭയിൽ ഞങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നു, മാനസികമായിട്ടുള്ള സംതൃപ്തിക്കുവേണ്ടിയെങ്കിലും പശ്ചിമബംഗാളിലും ത്രിപുരയിലും നിങ്ങൾ അധികാരത്തിൽ തിരിച്ചുവരുമെന്ന് പറയുവാൻ കഴിയുമോ? ഇന്നുവരെ ഞങ്ങൾ തിരിച്ചുവരുമെന്ന് പറയുവാൻപോലും ഇടതുപക്ഷ മുന്നണിക്ക് സാധിച്ചിട്ടില്ല. 'അറബിക്കഥ' എന്ന സിനിമയിൽ ശ്രീ. ശ്രീനിവാസൻ അറേബ്യയിൽ ജോലിക്കുപോയി, ടോയ്ലെറ്റിൽ കയറിനിന്ന് അദ്ദേഹം 'ഇൻക്വിലാബ് സിന്ദാബാദ്' എന്ന് വിളിക്കുന്നൊരു കാഴ്ചയുണ്ടായിരുന്നു. ഞാൻ ഇടതുപക്ഷക്കാരോട് പറയുന്നു, ടോയ്ലെറ്റിൽ കയറി നിന്നെങ്കിലും ഞങ്ങൾ ബംഗാളും ത്രിപുരയും തിരിച്ചുപിടിക്കുമെന്ന് പറയാൻ നിങ്ങൾക്ക് സാധിക്കണം. ഈ ഡിമാന്റ് ചർച്ചകളെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, നടപ്പ് സാമ്പത്തിക വർഷത്തേയ്ക്കുള്ള വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം തുടങ്ങിയ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. എനിക്കുമുമ്പ് ശ്രീ. എം. വിൻസെന്റ് ഇവിടെ ചില കാര്യങ്ങൾ സംസാരിക്കുകയുണ്ടായി. അദ്ദേഹം കഴിഞ്ഞ ദിവസങ്ങളിലെ പത്രങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ആർ.എസ്.എസ്.-കാരാൽ മരണപ്പെട്ടയാളാണ് ഗൗരി ലങ്കേഷ്. ഇത്തരം നടപടികൾക്കെതിരെ പോരാടിയ, ഫാസിസത്തിനെതിരായി തൂലികയെടുത്ത് പോരാടിയ ഒരു മഹത് വ്യക്തിയാണ് ഗിരീഷ് കർണ്ണാട്. ആർ.എസ്.എസ്.-കാർക്കെതിരായി അതിശക്തമായ പോരാട്ടം നയിച്ച, സിനിമയിലും നാടകത്തിലുമെല്ലാംതന്നെ വലിയൊരു പോരാട്ടം നയിച്ചൊരു വ്യക്തിയാണ് ഗിരീഷ് കർണ്ണാട്. ഈ സഭയിൽ അദ്ദേഹത്തിനുവേണ്ടി എല്ലാവരും ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. കത്വ (Kathua)-യിൽ കൂട്ടബലാൽസംഗം നടത്തിയവർക്കെതിരെയുള്ള വിധിയാണ് വന്നത്. ഈ വിധിയിൽ നാം പരിശോധിക്കേണ്ടത്, ബി.ജെ.പി. അടക്കമുള്ള മന്ത്രിമാരുൾപ്പെടെ പ്രതിസ്ഥാനത്തുനിന്ന് മുദ്രാവാക്യം വിളിക്കുന്ന സാഹചര്യമുണ്ടായിട്ടും അതിനെതിരായി സ്വന്തം സമൂഹത്തിൽ നിന്നുതന്നെ എതിർപ്പുകളുണ്ടായിരുന്നു. അതുപോലെ, മുസ്ലീം സമുദായത്തിലുള്ളൊരു കുട്ടിക്കുവേണ്ടി വാദിക്കുന്നുവെന്ന് ബി.ജെ.പി.-ക്കാരൻ ആക്രോശിച്ചിട്ടുപോലും അഡ്വക്കേറ്റ് ദീപികാ സിംഗ്



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിൽനിന്ന് പിൻവാങ്ങാതെ പോരാട്ടം നയിച്ച ധീരചരിത്രത്തിന്റെ ഏടുകൾ പത്രത്തിൽ നമുക്ക് കാണാൻ കഴിയും. ഭരണഘടന നൽകുന്ന എല്ലാ അവകാശങ്ങളെയും ആവിഷ്കാര സ്വാതന്ത്ര്യങ്ങളെയും ഹനിക്കുന്ന രീതിയിലേയ്ക്കാണ് നമ്മുടെ രാജ്യം ഇന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്. ശ്രീ. നരേന്ദ്ര മോദിയുടെ രണ്ടാം വരവ് നമ്മൾ തിരിച്ചറിയേണ്ടതാണ്. കൽബുർഗിയും നരേന്ദ്ര ദബോൽക്കറും ഗൗരി ലങ്കേഷും ഉൾപ്പെടെയുള്ളവർ കൊല ചെയ്യപ്പെട്ടപ്പോൾ നാം തിരിച്ചറിയേണ്ട വസ്തുത ഇന്ന് വീണ്ടും ഭീകര രൂപത്തിലുള്ള പ്രശ്നങ്ങൾ നമുക്കിടയിലേയ്ക്ക് കടന്നുവരുന്നു എന്നതാണ്. ശ്രീ. യോഗി ആദിത്യനാഥിനെതിരായി ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടതിന്റെ പേരിൽ തടവറയിലേയ്ക്ക് പോകേണ്ടിവന്ന ശ്രീ. പ്രശാന്ത് കനോജിയയെ നാം മറക്കേണ്ടതില്ല. ഇതെല്ലാംതന്നെ ഉദാഹരണങ്ങളായി നമ്മുടെ മുന്നിൽ നിൽക്കുകയാണെന്ന് കോൺഗ്രസുകാർ തിരിച്ചറിയേണ്ടതാണ്. ശ്രീമതി പ്രജ്ഞാ സിംഗ് ഠാക്കൂർ മഹാത്മാ ഗാന്ധി അല്ല ഗോഡ്സെയാണ് രാജ്യസ്നേഹിയെന്ന് പറഞ്ഞപ്പോൾ അതിനെതിരായി പ്രതികരിച്ച ഡോ. സുരിയായിയെ നമുക്ക് മറക്കാൻ കഴിയില്ല. നാളെകളിൽ കൊലചെയ്യപ്പെടേണ്ട ലിസ്റ്റുകളിലേയ്ക്ക് ആർ.എസ്.എസ്.-കാരനാൽ എഴുതിവയ്ക്കപ്പെട്ട പേരുകളിൽ ഒന്നായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ആവിഷ്കാര സ്വാതന്ത്ര്യമാണ് ഇവിടെ ഹനിക്കപ്പെടുന്നതെന്ന് നാം തിരിച്ചറിയണം. കോടതികളും ഇലക്ഷൻ കമ്മീഷനും പോലീസ് സ്റ്റേഷനുകളും മിലിറ്ററികളുമെല്ലാംതന്നെ ആർ.എസ്.എസ്-കാരൻ കയറി ഇറങ്ങുന്ന സ്ഥലമായി മാറുന്നുവെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷം ഭാഗികമായെങ്കിലും വിദ്യാഭ്യാസ മേഖല ഉൾപ്പെടെ ഈ മേഖലകളിലെല്ലാം കാവിവൽക്കരണം കൊണ്ടുവന്നിട്ടുണ്ട്. ആർ.എസ്.എസ്.-കാരൻ ഭരിക്കുന്ന സ്ഥലങ്ങളിൽ മുസ്ലീം സമുദായത്തിലുള്ളവർക്കോ, ക്രിസ്ത്യാനിക്കോ, കമ്മ്യൂണിസ്റ്റുകാരനോ, ദളിതനോ ഒരു പരാതി കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് പോലീസ് സ്റ്റേഷനുകൾ മാറിക്കൊണ്ടിരിക്കുന്നു എന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ടതാണ്. നമുക്ക് നീതി ലഭിക്കേണ്ട, നമ്മുടെ ഭരണഘടനയെ സംരക്ഷിക്കപ്പെടേണ്ട കീഴ്ക്കോടതിയുൾപ്പെടെ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും നാളെകളിൽ ജഡ്ജിമാരെ നിയമിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിലേയ്ക്ക് ആർ.എസ്.എസ്.-കാർ കടക്കുമ്പോൾ തീർച്ചയായും നമ്മൾ മനസ്സിലാക്കേണ്ടത് ഈ അഞ്ച് വർഷത്തിനുള്ളിൽ ഫാസിസം ഭാഗികമായിട്ടല്ല, പൂർണ്ണതയിലേയ്ക്ക് പോകുമെന്നുള്ളതാണ്. എതിർക്കുന്നവനെ ഇല്ലായ്മ ചെയ്യുക, അവന്റെ നാവറുക്കുക, കൊലചെയ്യുക, അവന്റെ എഴുത്തുകൾ നിർത്തുക, അവൻ അഭിനയിക്കുന്നുണ്ടെങ്കിൽ അഭിനയം നിർത്തുക എന്നീ കാര്യങ്ങൾ ചെയ്ത് ആർ.എസ്.എസ്. പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലേയ്ക്ക് മാധ്യമങ്ങളും പോകുന്ന സാഹചര്യമാണ് കടന്നുവരുന്നതെന്ന കാര്യം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ഇവിടെ ആക്രോശിക്കുമ്പോൾ കോൺഗ്രസുകാർ മനസ്സിലാക്കേണ്ടത് ദേശീയതലത്തിലേയ്ക്ക് ഇത്തരം സാഹചര്യങ്ങളെ കൊണ്ടുവന്നതാരെന്നുള്ളതിന് നിങ്ങൾ ഉത്തരം പറയേണ്ടി വരുമെന്നുകൂടി ഞാൻ പറയാനാഗ്രഹിക്കുകയാണ്. ഇന്ത്യാരാജ്യം കമ്മ്യൂണിസ്റ്റുകാർ ഭരിച്ചിട്ടില്ല, ഇനി ഭരിക്കും എന്നുള്ളതിൽ തർക്കവും വേണ്ട. കാരണം വർഗ്ഗീയതയ്ക്ക് എതിരായുള്ള പോരാട്ടങ്ങളുള്ളിടത്തോളം കാലം കമ്മ്യൂണിസ്റ്റുകാരൻ ഇന്ത്യാരാജ്യം ഭരിക്കേണ്ട അവസ്ഥയിലേയ്ക്ക് എത്തുമെന്നുള്ളതിൽ യാതൊരു തർക്കവും വേണ്ടെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒ.എൻ.വി. പറഞ്ഞതുപോലെ ഈ ഇന്ത്യാരാജ്യം,

"എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ
എന്നേയ്ക്കുമായി അസ്തമിച്ചു പോയ്
ഇനി നമ്മളിലൊരാളിന്റെ നിദ്രയ്ക്കു മറ്റെയാൾ
കണ്ണിമ ചിമ്മാതെ കാവൽ നിന്നീടണം"

എന്ന അവസ്ഥാവിശേഷത്തിലേയ്ക്ക് ഇന്ത്യാരാജ്യത്തെ കോൺഗ്രസുകാരാണ് കൊണ്ടുവന്നതെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. നെഹ്റുവാണ് കൊണ്ടുവന്നതെന്നും ഇന്ദിരാഗാന്ധിയാണ് കൊണ്ടുവന്നതെന്നും ഞങ്ങൾ പറയില്ല. നരസിംഹറാവുവിന്റെ പുത്തൻ സാമ്പത്തിക നയവും അതുപോലെ ഡിവൈഡിംഗ് റൂൾ എന്ന രീതിയിലേയ്ക്ക് ഇന്ത്യാരാജ്യത്തെ കൊണ്ടുവരുന്നതിന് ഏറ്റവും ഭംഗിയായി ബാബറി മസ്ജിദ് തകർത്തുകൊണ്ട് വാൾമാർട്ടുകാരനെയും മെർക്കാ കമ്പനിക്കാരനെയും വിമാനകമ്പനിക്കാരനെയും ഔഷധി കമ്പനിക്കാരനുമുൾപ്പെടെ ആസിയാൻ കരാറുകളെല്ലാം നടപ്പാക്കി ഇന്ത്യാരാജ്യത്തേയ്ക്ക് വിദേശ സ്വകാര്യ കുത്തകകളെ കൊണ്ടുവന്നത് ആരാണ്? അതിന് മറയിടാൻ വേണ്ടി ബാബറി മസ്ജിദ് തകർക്കപ്പെട്ട സാഹചര്യങ്ങളുണ്ടാക്കിയതാരാണ്? കൃത്യമായി ബ്രിട്ടീഷുകാരൻ എങ്ങനെയാണോ ഭരിച്ചിരുന്നത് ആ രീതിയിലേയ്ക്ക് ഇന്ത്യൻ ജനതയെ ഡിവൈഡ് ചെയ്തുകൊണ്ട് സമൂഹത്തിലെ മുസ്ലീം ജനവിഭാഗങ്ങൾ മാറ്റിനിർത്തപ്പെടുന്ന രീതിയിലേയ്ക്ക് ശിലാന്യാസം നടത്തുന്നതിന് അവസരം ഒരുക്കിക്കൊടുത്തത് രാജീവ് ഗാന്ധിയാണ്. അതിന് ഉത്തരവാദിത്വം കോൺഗ്രസുകാർക്കാണ്. ചാതുർവർണ്യ വ്യവസ്ഥിതിയിലേയ്ക്ക് ഇന്ത്യാരാജ്യത്തെ കൊണ്ടുപോകാനാഗ്രഹിക്കുന്ന, മനുസ്മൃതി ഭരണഘടനയാക്കുന്ന ആർ.എസ്.എസ്.-കാരിലേയ്ക്ക് നയിക്കുന്നതിന് നല്ലൊരു പങ്ക് വഹിച്ചത് ആരാണെന്നുള്ള ചോദ്യത്തിന് ഉത്തരം കോൺഗ്രസുകാരനെന്ന് പറയാൻ ഞങ്ങൾക്ക് യാതൊരു മടിയുമില്ല. ആ തെറ്റുകൾ ഏറ്റുപറയാൻ കോൺഗ്രസുകാർ തയ്യാറാകുകയും തെറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റുപറഞ്ഞുകൊണ്ട് നാളെകളിൽ തിരിച്ചുവരുമെന്ന് പറയാൻ നിങ്ങൾക്ക് കഴിവുണ്ടാകണമെന്നും ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. അല്ലാതെ ആർ.എസ്.എസ്.-കാർ പിടിക്കുന്ന കൊടിക്ക് പുറകിൽനിന്നുകൊണ്ട് ഞങ്ങളും പുറകിലുണ്ടെന്ന് പറയുന്ന കോൺഗ്രസുകാരൻ ആർ.എസ്.എസ്.-ന്റെ ബ്രാഹ്മണിസത്തിലേയ്ക്ക് പോകുന്നതിന്റെ ചുവയായിട്ട് മാത്രമേ നിങ്ങളുടെ രാഷ്ട്രീയത്തെ കാണാൻ കഴിയുകയുള്ളൂ. ഹിന്ദുവാണെന്നും ബ്രാഹ്മണനാണെന്നുമല്ല, നമ്മൾ മതേതരത്വവാദിയാണെന്ന് ശ്രീ. രാഹുൽ ഗാന്ധിയെപ്പോലുള്ള ആളുകളെ കൊണ്ട് പറയിപ്പിക്കാനുള്ള ചങ്കൂറ്റംകൂടി കോൺഗ്രസുകാരന് ഉണ്ടാകേണ്ടതാണ്. ഇന്ത്യൻ രാഷ്ട്രീയത്തിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടമാണ് വേണ്ടത്. എവിടെയാണ് തെറ്റ് പറ്റിയതെന്ന് കോൺഗ്രസുകാർ തിരിച്ചറിയണമെന്നാണ് ഞങ്ങൾ സൂചിപ്പിക്കുന്നത്. നിങ്ങളുടെ നാശം കാണണമെന്ന് ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. ഒരു ദേശീയ പാർട്ടിയെന്ന നിലയിൽ അതിനെ കണ്ടുകൊണ്ടുതന്നെ ഈ സമൂഹമധ്യത്തിലേയ്ക്ക് ജനങ്ങളുടെ വിഷയം എടുത്തുകൊണ്ട് ബാബറി മസ്ജിദ് തകർക്കുമ്പോൾ പ്രതികരിക്കാൻ കഴിയണമായിരുന്നു. ക്രിസ്ത്യൻ പാതിരിമാരെ ചുട്ടുകരിച്ചപ്പോൾ പ്രതികരിക്കാൻ കഴിയണമായിരുന്നു. ഗോദ്ര സംഭവങ്ങളുണ്ടായപ്പോൾ ദേശീയ അടിസ്ഥാനത്തിൽ പ്രതികരിക്കാൻ കഴിയണമായിരുന്നു. ഇതൊന്നും കഴിയാതെ ഈ രാജ്യത്തെ ഒറ്റുകാരായി നിന്നിട്ടുള്ളത് കോൺഗ്രസുകാരാണ്. പാവപ്പെട്ടവനെ പാവപ്പെട്ടവനാക്കി മാറ്റിയതും വിദേശ സ്വകാര്യ കുത്തകകളെ വളർത്താൻ നല്ലൊരു പങ്ക് വഹിച്ചതും നിങ്ങളാണ്. ഈ കടലോരത്തിൽ വിദേശകപ്പലുകൾ കൊണ്ടുവന്ന് പാവപ്പെട്ടവന് കയറിക്കിടക്കാൻ കൂരയില്ലാതെ പണിയെടുത്ത് ജീവിക്കാനുള്ള സാഹചര്യങ്ങൾ നിഷേധിക്കപ്പെടുന്ന രീതിയിലേയ്ക്ക് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ പട്ടിണിയിലേയ്ക്ക് കൊണ്ടുവരുന്നതിൽ പങ്ക് വഹിച്ചത് ഞങ്ങളാരുമല്ല, അത് നിങ്ങളാണ് എന്നുള്ളതിൽയാതൊരു തർക്കവുമില്ല. മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഈ ഇടതുപക്ഷ ഗവൺമെന്റ് പ്രാപ്തമാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കൂടെനിന്നാണ് ഞങ്ങളെല്ലാം പ്രവർത്തിക്കുന്നത് എന്നുള്ളതുകൊണ്ടുതന്നെ അവരെ സൈന്യാധിപർ എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അതിൽ യാതൊരു തർക്കവുമില്ല. എന്റെ നിയോജകമണ്ഡലമായ കൊടുങ്ങല്ലൂരിൽ കണ്ണൂരിൽ നിന്നുവന്നിട്ടുള്ള മനുഷ്യസ്നേഹികളായ മത്സ്യത്തൊഴിലാളികളാണ് പതിനായിരക്കണക്കിനുവരുന്ന ആളുകളെ സംരക്ഷിച്ച തെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിച്ചിക്കുകയാണ്. കൊടുങ്ങല്ലൂർ മേഖലയിൽ ഇന്ന് കടൽ കയറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും തീർച്ചയായിട്ടും ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന വിശ്വാസത്തിൽ പൂർണ്ണമായും ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 3 വർഷം പൂർത്തിയായ സർക്കാരിന് ജനവിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന വിധിയെഴുത്താണ് നമ്മുടെ മുൻപിലുള്ളത്. പാർലമെന്റ് തെരഞ്ഞെടുപ്പായിരുന്നെങ്കിലും സംസ്ഥാന സർക്കാരിന്റെ വിലയിരുത്തൽ കൂടിയാണ് തെരഞ്ഞെടുപ്പിൽ ഉണ്ടായത്. ഇന്ന് വാഹന നികുതി, മത്സ്യബന്ധനം, ഗതാഗതം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളാണ് ചർച്ച ചെയ്യുന്നത്. ഈ മൂന്ന് വർഷക്കാലയളവിൽ നമ്മുടെ പൊതുഗതാഗതത്തിന്റെ മുഖമായ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനോ നവീകരിക്കുന്നതിനോ കാര്യമായ നടപടികളൊന്നും ഉണ്ടായിട്ടില്ല. നമ്മുടെ തീരദേശ മേഖലയിൽ ഇന്ന് വറുതിയും പട്ടിണിയുമാണ്. അത് ദിവസങ്ങളായി വാർത്താ മാധ്യമങ്ങളിലും വർത്തമാന പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലുമൊക്കെ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ പ്രളയദുരന്തത്തിൽ കയ്യുംമെയ്യും മറന്ന് സഹായിച്ച് നമ്മുടെ അഭിമാനം സംരക്ഷിച്ചു. പക്ഷേ ഇന്ന് മത്സ്യത്തൊഴിലാളികൾ പലവിധ പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. മത്സ്യലഭ്യത കുറഞ്ഞുവരുമ്പോൾ ശാസ്ത്രീയമായ പഠനമോ പരിശോധനയോ നടക്കുന്നില്ല. കാലാവസ്ഥാ വ്യതിയാനം, സമുദ്രപരിധി ലംഘിച്ചുകൊണ്ടുള്ള വിദേശ കപ്പലുകളുടെ മത്സ്യം പിടിക്കൽ എന്നിവവഴി പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ദുരിതങ്ങളും പ്രയാസങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാകണം. ട്രോളിംഗ് നിരോധനവും കാലവർഷവുംകൂടി വന്നപ്പോൾ തീരദേശമേഖലയിലുള്ള മത്സ്യത്തൊഴിലാളികൾ വലിയ പ്രയാസമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിന് മത്സ്യത്തൊഴിലാളികൾ ഇരയാകുന്നത് തടയാൻ കാര്യക്ഷമമായ നിയമഭേദഗതികൾ കൊണ്ടുവരണം. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നുംതന്നെ നടപ്പിലാകുന്നില്ല. ഓഖിയുടെ പേരിൽ ഫണ്ട് പിരിവ് നടത്തിയെന്നല്ലാതെ കാര്യക്ഷമമായ ഒരു പദ്ധതിയും നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. മത്സ്യത്തൊഴിലാളി മേഖലയിൽ നബാർഡിന്റെയും മറ്റ് ഏജൻസികളുടെയും സഹായത്താൽ തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കേണ്ട പദ്ധതിയും ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. നിലവിൽ മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിന്റെ പരിധി 2008 വരെ എടുത്തിട്ടുള്ള കടങ്ങൾക്ക് മാത്രമാണ്. ഈ പരിധി 2014 വരെയെങ്കിലും ദീർഘിപ്പിക്കേണ്ടതാണ്. എന്നാൽ മാത്രമേ പാവങ്ങളായ മത്സ്യത്തൊഴിലാളികളെ പട്ടിണിയിൽനിന്ന് കരകയറ്റാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള പരിധി 75,000 രൂപ എന്നുള്ളത് 2 ലക്ഷം രൂപയായി ഉയർത്തണം. യു.ഡി.എഫ്. സർക്കാരിന്റെ അവസാനകാലത്ത്

ഫിഷറീസ് വകുപ്പ് മുഖേന ഭവനനിർമ്മാണ പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് 50,000 രൂപ വരെ ധനസഹായം നൽകിയിരുന്നു. അത് ഈ സർക്കാർ നിർത്തലാക്കി. പുതുതായി ഈ സർക്കാർ ഭവനനിർമ്മാണ പദ്ധതിയുടെ പേരിൽ കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ വീടും സ്ഥലവും ഉള്ളവർക്ക് അത് ഉപേക്ഷിച്ച് 200 മീറ്റർ അകലത്തിൽ ഭൂമിവാങ്ങാൻ തയ്യാറുള്ളവർക്കുമാത്രം ഭവനനിർമ്മാണത്തിന് സഹായം നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കിയത്. കടലുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ തീരം വിട്ടുപോകാൻ തയ്യാറല്ലാത്തതിനാൽ ഈ പദ്ധതി അപ്രായോഗികമാണ്. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന എഞ്ചിനുകൾക്ക് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സിവിൽ സപ്ലൈസ് വഴി 170 ലിറ്റർ മണ്ണെണ്ണ നൽകിയിരുന്ന സ്ഥാനത്ത് ഈ സർക്കാർ 40 ലിറ്റർ മാത്രമാണ് നൽകുന്നത്. കൂടാതെ മത്സ്യഫെഡുവഴി 200 ലിറ്റർ മണ്ണെണ്ണ 48 രൂപയ്ക്ക് 25 രൂപ സബ്സിഡിയോടുകൂടി യു.ഡി.എഫ്. സർക്കാർ നൽകിയിരുന്നു. എന്നാൽ ഈ സർക്കാർ 40 ലിറ്റർ മണ്ണെണ്ണ മാത്രം സിവിൽ സപ്ലൈസ് വഴി നൽകുമ്പോൾ 68 രൂപയ്ക്കാണ് മത്സ്യഫെഡിൽനിന്ന് അളവ് വർദ്ധിപ്പിക്കാതെ നൽകുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 100 രൂപയിൽനിന്നും 2500 രൂപയായിട്ടാണ് ഈ സർക്കാർ ഉയർത്തിയിട്ടുള്ളത്. ഒരു ന്യായീകരണവുമില്ലാതെയാണ് ഈ അമിത വർദ്ധനവ് പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെമേൽ കെട്ടിവച്ചിട്ടുള്ളത്. ഇൻബോർഡ് വള്ളങ്ങൾ 50,000 രൂപ വീതം ഓരോ വർഷവും ഫിഷിംഗ് പെർമിഷനുവേണ്ടി നൽകണം. കടലോര മേഖലയിൽ കാലവർഷം വരുമ്പോൾ, ശക്തമായി കാറ്റടിക്കുമ്പോൾ കരഭാഗം കടലെടുക്കും. ഇത് തടയുന്നതിനും കടൽക്ഷോഭം കുറയ്ക്കുന്നതിനുംവേണ്ടി പരമ്പരാഗതമായി തീരങ്ങളിൽ തിരകളെ പിടിച്ചുനിർത്താൻ ഏർപ്പെടുത്തിയിരുന്ന സംവിധാനങ്ങളാണ് പുലിമുട്ട് നിർമ്മാണം. കടലിലേയ്ക്ക് 100 മീറ്റർ നീളത്തിൽ കല്ലിട്ട് തിരയെ പിടിച്ചുനിർത്തുന്ന സംവിധാനമായ പുലിമുട്ട് നിർമ്മാണവും തീരമേഖലകളിലെ കടൽഭിത്തി നിർമ്മാണവും ഇപ്പോൾ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. നിർമ്മിച്ചവയാകട്ടെ ദുർബ്ബലവുമാണ്. ഇതോടെ സംസ്ഥാനത്തിന്റെ മിക്ക തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളും കരയിടിച്ചിലിന്റെയും കടൽക്ഷോഭത്തിന്റെയും ഇരകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ന്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതുമായി ബന്ധപ്പെട്ട ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. പുലിമുട്ട് നിർമ്മാണവും കടൽഭിത്തി നിർമ്മാണവും ജലവിഭവ വകുപ്പാണ് ചെയ്യേണ്ടത്. ഓരോ ജില്ലയ്ക്കും അതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ച സംഖ്യ സംബന്ധിച്ച് മന്ത്രി ഇവിടെ പറയുകയുണ്ടായി. മലപ്പുറം ജില്ലയ്ക്ക് വെറും രണ്ട് കോടി രൂപയാണ് അനുവദിച്ചത്. ഈ കാലവർഷക്കെടുതിയിൽ രണ്ടുകോടി രൂപ കൊണ്ട് പുലിമുട്ട് നിർമ്മാണവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും എങ്ങനെ ചെയ്യാൻ സാധിക്കുമെന്നുള്ളത് നമുക്ക് ചിന്തിക്കാൻപ്പോലും കഴിയില്ല. അതുപോലെതന്നെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരമേഖലയിൽ, പ്രത്യേകിച്ച് ആലപ്പുഴ ജില്ലയിലെ ചെല്ലാനം, മലപ്പുറം ജില്ലയിലെ പുതുപൊന്നാനി, വെളിയംകോട്, കൂട്ടായി, പരപ്പനങ്ങാടി, അരിയല്ലൂർ, ആനങ്ങാടി, കടലുണ്ടി നഗരം, താനൂരിലെ ഇടക്കടപ്പുറം, ചീരൻ കടപ്പുറം, പുതിയ കടപ്പുറം, അഞ്ചുടി കടപ്പുറം എന്നിവിടങ്ങളിൽ കടൽക്ഷോഭം കാരണം തീരദേശവാസികൾ വീടുപേക്ഷിച്ചുപോകേണ്ട അവസ്ഥയിലാണ്. പ്രത്യേകിച്ച് താനൂർ അസംബ്ലി മണ്ഡലത്തിൽ. ഇന്ന് രാവിലെയും അവിടെയുള്ള മുനിസിപ്പൽ ചെയർമാൻ അടക്കമുള്ളവർ എന്നെ വിളിച്ചിരുന്നു. അത്രമാത്രം കെടുതികളാണ് ഈ കാലവർഷക്കെടുതിമൂലം കടലോര മേഖലയിലെ മൽസ്യത്തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലമായ വള്ളിക്കുന്നിലെ അരിയല്ലൂർ ബീച്ചിൽ തീരദേശ റോഡുകളുൾപ്പെടെ കടലെടുത്തുപോയി. വീടുകളിലേയ്ക്ക് കടൽ കയറിത്തുടങ്ങി. ഈ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ കടൽക്ഷോഭത്തിൽ നിന്ന് രക്ഷിക്കാൻ കടൽഭിത്തി നിർമ്മാണവും പുലിമുട്ട് നിർമ്മാണവുമുൾപ്പെടെയുള്ള നടപടികൾ വേണമെന്ന് ഞാൻ പലതവണ സർക്കാരിനോട് ആവശ്യപ്പെട്ടതാണ്. ഒരു നടപടിയും ഉണ്ടായിട്ടില്ല. അവിടെ വീടുകളിലുള്ള കിണറുകളിലേയ്ക്ക് കടലിലെ ഉപ്പുവെള്ളം കയറി. ശുദ്ധജലത്തിനുവരെ തീരദേശവാസികൾ ബുദ്ധിമുട്ടുകയാണ്. തീരദേശ മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സർക്കാർ സത്വരനടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വള്ളിക്കുന്നിലെ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. നിലവിലുള്ള പദ്ധതികൾ കാലഹരണപ്പെട്ടതാണ്. അടിയന്തരമായി ഇവ പുനരുദ്ധരിക്കാനും തൊട്ടടുത്ത് കടലുണ്ടി പഞ്ചായത്തിലെത്തിനിൽക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി വള്ളിക്കുന്ന് പഞ്ചായത്തിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനും നടപടിയുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഞാനപേക്ഷിക്കുകയാണ്. കടലോര കായലോര ജില്ലകളിലെ പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം ലഭിക്കാത്തതുമൂലം ഒരുതരത്തിലുള്ള ആനുകൂല്യവും ലഭിക്കാത്ത സാഹചര്യമാണ്. തീരദേശ മേഖലയിൽ പതിറ്റാണ്ടുകളായി ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയം നൽകുന്നതിന് നടപടി വേണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം അവസാനിക്കുകയാണ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: ഞാൻ അവസാനിപ്പിക്കാം. കേരളം പ്രളയദുരന്തത്തിൽ അകപ്പെട്ടപ്പോൾ കൈപിടിച്ചുയർത്തിയ കേരള സൈന്യമായ മത്സ്യത്തൊഴിലാളികൾ ദിവസങ്ങളായി ജീവിതത്തിനും മരണത്തിനുമിടയിലാണ്. പ്രളയമെടുത്ത നാളുകളിൽ നമ്മെ രക്ഷിക്കാൻ മാലാഖമാരായി വന്നെത്തിയത് അവരാണ്. ഈ മത്സ്യത്തൊഴിലാളികൾക്ക് അനുകമ്പയും സഹാനുഭൂതിയും ഏറ്റവുമധികം ആവശ്യമുള്ള സമയമാണിപ്പോൾ. നമ്മുടെ നാടിന് ചെയ്ത സേവനത്തിന്റെയും സഹായത്തിന്റെയും ചെറിയൊരംശമെങ്കിലും അവർക്ക് തിരിച്ച് ചെയ്യാനായാൽ അവർ എത്തപ്പെട്ട ഈ ദുരന്ത സാഹചര്യത്തിൽനിന്ന് അവരെ രക്ഷിക്കാൻ സാധിക്കുമെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതിന് പര്യാപ്തമായതും പ്രായോഗികമായതുമായ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, കേരളത്തിൽ മത്സ്യത്തൊഴിലാളികളുള്ള മിക്കവാറും എല്ലാ ജില്ലകളിലെയും എല്ലാ ഹാർബറുകളും നവീകരിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താനും അവ വിൽപ്പന നടത്താനും സഹായിക്കുന്ന തരത്തിൽ കഴിഞ്ഞ കാലത്തൊന്നുമില്ലാത്ത സംവിധാനങ്ങൾ ഇന്ന് കേരളത്തിൽ വന്നിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ കുറേക്കാലമായി അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം, വിദേശ ട്രോളറുകൾ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കാവുന്ന വിലപിടിച്ച മത്സ്യങ്ങൾ പിടിച്ചു കൊണ്ടുപോകുന്നു എന്നതാണ്. പലപ്പോഴായി കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റുകളോട് ആവശ്യപ്പെട്ടിട്ടും അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. കടൽക്ഷോഭം നടന്നുകൊണ്ടിരിക്കുന്ന അവസരത്തിലാണ് നമ്മൾ ഇത് ചർച്ച ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി തീരദേശത്ത് കടൽഭിത്തി നിർമ്മിക്കാനാവശ്യമായ കരിങ്കൽ ലഭ്യമാക്കുന്നതിന് ഓരോ ജില്ലയിലും എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിച്ചു. ഭാവിയിൽ കൂടുതൽ വേണ്ട ഘട്ടത്തിൽ ഗവൺമെന്റ് അതുസംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും പറഞ്ഞു. ഞാനിത് പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഇത് വർഷംതോറും ഉണ്ടാകുന്നതാണ്. കടൽക്ഷോഭം ഉണ്ടാകുമ്പോൾ അതിൽനിന്ന് മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ നമ്മൾ കരിങ്കൽ ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കും. ആ കടൽഭിത്തി നിർമ്മിക്കുന്നത് ഓരോ കൊല്ലവും ഉണ്ടാകുന്നു. കരിങ്കൽ ക്വാറിയുള്ള പ്രദേശങ്ങളിൽ പ്രക്ഷോഭമാണ്. ഇന്നലെ വടകരയിൽ കാൻസർ രോഗികളെ സഹായിക്കുന്ന 'തണൽ' എന്ന സ്ഥാപനത്തിനടുത്ത് കടൽക്ഷോഭംമൂലം വെള്ളപ്പൊക്കമുണ്ടായി. അവിടെ വലിയ കല്ല് കെട്ടണമെന്ന് ഉദ്യോഗസ്ഥർ പറയുന്നു. വലിയ കരിങ്കൽ കിട്ടാനില്ലാത്ത പ്രശ്നങ്ങളുമുണ്ട്. കേരളത്തിലെ വകുപ്പുമന്ത്രി ഫലപ്രദമായി പ്രവർത്തിക്കുന്നതിന്റെ ഫലമായി കഴിഞ്ഞ കാലത്തൊന്നും ലഭിച്ചിട്ടില്ലാത്ത തരത്തിലുള്ള സൗകര്യങ്ങൾ ഇന്ന് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം, അവർക്ക് ലഭിക്കുന്ന ജോലി ഇതെല്ലാം പരിശോധിച്ചാൽ കേരളത്തിൽ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിനുണ്ടാകുന്ന വളർച്ച, സാമ്പത്തികമായതടക്കം അവരിലുണ്ടാകുന്ന മുന്നേറ്റം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എനിക്ക് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോട് ഒരു കാര്യം അഭ്യർത്ഥിക്കാനുണ്ട്. വടകരയിലെ എം.എൽ.എ. എന്ന നിലയ്ക്ക് വടകര-കുറ്റ്യാടി-തൊട്ടിൽപ്പാലം-വയനാട്-ബാംഗ്ലൂർ എന്നിവിടങ്ങളിൽ കൂടുതൽ ബസ്സുകൾ ഓടിച്ചാൽ വലിയ ലാഭമുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി ആലോചിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. എനിക്ക് അനുവദിച്ചിരിക്കുന്ന സമയം കുറവാണ്. ബഹുമാനപ്പെട്ട നേതാക്കളെല്ലാം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. സമയമില്ലാത്തതു കൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായിരുന്നു ഇൻഡ്യ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്ന അവസരത്തിൽ എന്ത് അഭിപ്രായവ്യത്യാസമുണ്ടായിരുന്നെങ്കിലും ഇൻഡ്യയിൽ ജനാധിപത്യം സംരക്ഷിക്കപ്പെട്ടുപോന്നു. പിന്നീട് ഒരു ഘട്ടം വന്നു, പ്രഗത്ഭരായ ഇൻഡ്യയുടെ ദേശീയ നേതാക്കളൊക്കെ ജയിലിലായി. ജയപ്രകാശ് നാരായണനെപ്പോലെ അധികാരം ആഗ്രഹിക്കാത്ത, പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉപപ്രധാനമന്ത്രിയാകാനാവശ്യപ്പെട്ടിട്ടും അതിന് തയ്യാറാകാത്ത ജയപ്രകാശ് നാരായണനടക്കമുള്ളവരെ ജയിലിൽ അടച്ച്, അദ്ദേഹത്തിന്റെ വൃക്കയ്ക്ക് തകരാറുണ്ടായിട്ടും ചികിത്സിക്കാൻ അനുവദിക്കാതെ ഇൻഡ്യയിലെ സ്വാതന്ത്ര്യ

സമ്പാദനത്തിലെ പ്രധാനപ്പെട്ട വലിയ തലമുറയിലെ നേതാക്കളെ നശിപ്പിച്ചു. കുറേ വർഷം കഴിഞ്ഞ് പ്രധാനപ്പെട്ട ദേശീയ നേതാക്കൾ മുഴുവൻ ഇന്ത്യയ്ക്ക് നഷ്ടപ്പെട്ടു. പിന്നീടുവന്ന രാഷ്ട്രീയ നേതൃത്വം ഏത് വിഭാഗത്തിൽപ്പെട്ടവരായിരുന്നു? ഇന്ന് ഇന്ത്യൻ ജനാധിപത്യത്തിന് ഭീഷണിയുണ്ട്. മതപരമായോ സമാധാനപരമായോ അല്ലാതെ സംഘർഷപരമായ രൂപത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനത്തിന് അവസരമുണ്ടാക്കിക്കൊടുത്തിരിക്കുന്നു. അതിന്റെ പ്രധാനപ്പെട്ട പങ്ക് കോൺഗ്രസ് വഹിക്കേണ്ടിവരും. ഇന്ത്യൻ ജനാധിപത്യം സംരക്ഷിക്കപ്പെടുന്നതിന് സഹായകരമായ രൂപത്തിൽ കാര്യങ്ങൾ വരണം. ഈ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അതിനെതിരായി ജനങ്ങൾ അണിനിരന്ന അവസരത്തിൽ അതിന്റെ കൂടെ നിന്നവരാണ് കമ്മ്യൂണിസ്റ്റുകാർ. ബംഗാളിലെങ്ങനെ ത്രിപുരയിലെങ്ങനെ എന്നൊക്കെ ഇവിടെ ചോദിച്ചു. അടിയന്തരാവസ്ഥ കഴിഞ്ഞശേഷം ഇന്ത്യയിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ ഉത്തർപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങി വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിങ്ങൾക്കെത്ര സീറ്റുകിട്ടി? ജയിലുകളിൽകിടന്ന് പുറത്തുവന്നവർ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ പ്രകടന പത്രികയുണ്ടാക്കി തെരഞ്ഞെടുപ്പിനെ അഭിമുഖീ കരിച്ചതിന്റെ ഫലമായി സംഘടനയുണ്ടാക്കാൻ സാധിക്കാത്ത ഘടകമായിരുന്നു അന്നുണ്ടായിരുന്നുവെന്നതുകൊണ്ടുമാത്രം നിങ്ങൾക്ക് തിരിച്ചുവരാൻ സാധിച്ചു. ഒരു കക്ഷിയോടും ഒരു പ്രത്യേക സാഹചര്യത്തിൽ വന്ന് നിങ്ങൾ നാളെ എന്താകുമെന്ന് ചോദിച്ചാൽ അതൊന്നും പറയാൻ സാധിക്കില്ല. തൊഴിലാളി വർഗ്ഗത്തിനും ജനാധിപത്യത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ശക്തികൾ രാജ്യത്ത് തിരിച്ചു വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏകാധിപത്യത്തിന്റെ പാതയിലേയ്ക്ക് നീങ്ങുന്ന, അക്രമം അധികാരത്തിൽ വരാനുള്ള ഒരു മാർഗ്ഗമായി സ്വീകരിക്കുന്നവർ ആരായാലും അവർക്കെതിരെ നമ്മുടെ രാജ്യത്തെ ജനങ്ങൾ രംഗത്തുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഇന്നും അന്തസ്സായ നിലയിൽത്തന്നെയാണ്. പാർലമെന്റിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കേരളത്തിൽ പലഘട്ടങ്ങളിലും നടന്നപ്പോൾ നിയമസഭാ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലല്ല കേരളത്തിലെ പാർലമെന്റ് സ്ഥാനാർത്ഥികൾ വിജയിച്ചത്. കേരളത്തെ സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ശക്തമായ അടിത്തറയുണ്ട്. ഭാവിയിൽവരുന്ന ഏത് തെരഞ്ഞെടുപ്പുകളെയും ആ രൂപത്തിൽതന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നേരിടാൻ സാധിക്കും. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നൗഷാദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ സമസ്ത മേഖലകളിലും ഉണർവ്വിന്റെയും ഉയർപ്പിന്റെയും ഊർജ്ജവും ചൈതന്യവും എത്തിച്ച സർക്കാരാണിത്. കേരളത്തിന്റെ സ്വന്തം പട്ടാളമായ മത്സ്യത്തൊഴിലാളികൾക്ക് ആത്മാഭിമാന ബോധം ഉയർത്തുന്ന തരത്തിൽ ക്രിയാത്മകമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. യാന്ത്രികമായ പ്രഖ്യാപനങ്ങളല്ല, യാഥാർത്ഥ്യ ബോധത്തോടുകൂടി വസ്തുതകൾ മനസ്സിലാക്കി ക്രിയാത്മകമായിട്ടുള്ള പ്രവർത്തനങ്ങളാണ് മത്സ്യത്തൊഴിലാളി മേഖലയിൽ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മത്സ്യസമ്പത്ത് സംരക്ഷിക്കുക, തീരം സംരക്ഷിക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങി വിവിധ തട്ടുകളിലുള്ള പ്രവർത്തനംവഴിയാണ് മത്സ്യത്തൊഴിലാളി മേഖലയെ ഇത്തരത്തിലേയ്ക്ക് മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളത്. കേരളത്തിൽ 4.84 ലക്ഷം മത്സ്യ സമ്പത്താണുണ്ടായിരുന്നതെങ്കിൽ ഇന്ന് 6.09 ലക്ഷമായി അത് വർദ്ധിപ്പിക്കാനായിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കാതെ മത്സ്യത്തൊഴിലാളികളെ എങ്ങനെയാണ് സംരക്ഷിക്കുന്നത്; അപ്പോൾ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിൽ നിലവിലുണ്ടായിരുന്ന സ്ഥിതി മനസ്സിലാക്കി കെ.എം.എഫ്.ആർ.എ. (കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്റ്റ്) ഭേദഗതി ചെയ്തു. അതുപോലെ മത്സ്യക്കുഞ്ഞുങ്ങളെ വളത്തിനുവേണ്ടി തമിഴ്നാട്ടുകാർക്ക് വിൽക്കുന്ന അവസ്ഥ ഇല്ലാതാക്കാൻ 58 ഇനം മത്സ്യങ്ങൾക്ക് എം.എൽ.എസ്. (മിനിമം ലീഡൽ സൈസ്) നിശ്ചയിച്ചു. മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നവർക്കുള്ള ശിക്ഷ 25,000 രൂപയിൽനിന്നും രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ക്രിയാത്മകമായി ഇടപെട്ടതിന്റെ ഭാഗമായിട്ടാണ് മത്സ്യസമ്പത്ത് സംരക്ഷിക്കാൻ കഴിഞ്ഞത്. അതിന്റെ പ്രയോജനം സ്വാഭാവികമായും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കും. മറ്റൊന്ന് തീരസംരക്ഷണം. തീരസംരക്ഷണത്തിന് ഇന്ത്യാ ഗവൺമെന്റ് ഇന്ത്യയൊട്ടാകെ ഇതുവരെ നടപ്പിലാക്കി പ്രഖ്യാപിച്ചിട്ടുള്ളത് 401 കോടി രൂപയുടെ പദ്ധതിയാണെങ്കിൽ കേരളത്തിൽ തൊള്ളായിരം കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയത് ഈ ഗവൺമെന്റാണ്. എന്റെ മണ്ഡലത്തിൽതന്നെ താന്നി മുതൽ കൊല്ലം ബീച്ചുവരെ 36 കോടി രൂപയാണ് തീരപ്രദേശത്തെ പുലിമുട്ട് നിർമ്മാണത്തിനായി ഈ ഗവൺമെന്റ് അനുവദിച്ചുതന്നത്. മാത്രമല്ല, അത് ടെണ്ടർ ചെയ്തുകഴിഞ്ഞു. അത്തരത്തിൽ വളരെ ക്രിയാത്മകമായിട്ടാണ് തീരസംരക്ഷണത്തിനുവേണ്ടി ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. മറ്റൊന്ന്, മത്സ്യത്തൊഴിലാളികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ്. അവരുടെ ഭവന നിർമ്മാണത്തിനുള്ള

ധനസഹായം രണ്ട് ലക്ഷം രൂപയിൽനിന്നും നാല് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. അതുപോലെ ട്രോളിംഗ് പീരിഡിൽ സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക 2700 രൂപയിൽനിന്നും 4500 രൂപയാക്കി വർദ്ധിപ്പിച്ചു. സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക വർദ്ധിപ്പിച്ചുനൽകുമ്പോൾ കഴിഞ്ഞ മൂന്ന് വർഷമായി കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട തുക ലഭിച്ചിട്ടില്ല. 58 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ളപ്പോഴാണ് കേന്ദ്ര വിഹിതം കുറയ്ക്കാതെതന്നെ സംസ്ഥാന ഗവൺമെന്റ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. അതുപോലെ 2013 വരെയാണ് കേന്ദ്രത്തിൽനിന്നും മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസിനുള്ള വിഹിതം ലഭിച്ചിരുന്നതെങ്കിൽ അതിനുശേഷം നാളിതുവരെ ലഭിച്ചിട്ടേയില്ല. ഈ വസ്തുതകൾ ജനങ്ങളോട് പറയണ്ടേ? അതുപോലെ ഭവന നിർമ്മാണത്തിന് സംസ്ഥാന സർക്കാർ നാല് ലക്ഷം രൂപ നൽകുമ്പോൾ 1,20,000 രൂപയാണ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം. അതിൽതന്നെ 50 ശതമാനമാണ് കേന്ദ്ര ഗവൺമെന്റ് തരുന്നത്. കഴിഞ്ഞ മൂന്ന് വർഷമായി ആ വിഹിതവും അവർ നൽകുന്നില്ല. ഈ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ടാകുമ്പോഴും കേന്ദ്ര വിഹിതത്തിനുവേണ്ടി കാത്തിരിക്കാതെ ഈ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 18685 കുടുംബങ്ങളെ കടൽത്തീരത്തുനിന്നും മാറ്റി പുനരധിവസിപ്പിക്കുന്ന പദ്ധതികൾക്ക് തുടക്കം കുറിച്ചു. അതിൽ 348 കുടുംബങ്ങളെ ഇതിനോടകം മാറ്റിപ്പാർപ്പിച്ചു. അതുപോലെ മുട്ടത്തറയിൽ 18 കോടി രൂപ ചെലവഴിച്ചാണ് 192 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുള്ളത്. പഴയകാലത്ത് സർക്കാരിന്റെ പുനരധിവാസമെന്നുപറഞ്ഞാൽ ജനങ്ങൾ അതിനോട് വിമുഖത കാണിച്ചിരുന്നുവെങ്കിൽ ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് ആത്മവിശ്വാസവും സന്തോഷവും പകരുന്ന തരത്തിൽ മുട്ടത്തറയിലെ ഫ്ലാറ്റ് സമുച്ചയം ഉയർന്നുനിൽക്കുകയാണ്. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുമ്പോൾ അവർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുകയെന്നത് പ്രവൃത്തിയിൽക്കൂടി തെളിയിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതുപോലെ മത്സ്യത്തൊഴിലാളി മേഖലയിൽ 90 ശതമാനം മാർക്ക് വാങ്ങിയ കുട്ടികൾക്ക് സൗജന്യമായി എൻട്രൻസ് കോച്ചിംഗ് കൊടുത്ത് എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിക്കുമ്പോൾ അവരെ സൗജന്യമായി പഠിപ്പിക്കുന്നു. ഈ ഗവൺമെന്റ് ഈ പദ്ധതി പ്രഖ്യാപിച്ചതിനുശേഷം മത്സ്യത്തൊഴിലാളികളുടെ മക്കളിൽ 40 പേരാണ് ഇപ്പോൾ കേരള ഗവൺമെന്റിന്റെ സഹായത്തോടുകൂടി എം.ബി.ബി.എസ്.-ന് പഠിച്ചുകൊണ്ടിരിക്കുന്നത്. അതൊരു ചെറിയ കാര്യമാണോ? ഇങ്ങനെ വിവിധ മേഖലകളിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ ഇവിടെ ഓഖിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ ധാരാളം പേർ വേദനിക്കുകയും സമരം നടത്തുകയും പ്രക്ഷോഭങ്ങൾ നടത്തുകയും ചാനലുകളിൽ ചർച്ച നടത്തുകയും ചെയ്തു. അവരെല്ലാം പൊടിയും തട്ടി പോയി. ഓഖി ദുരന്തത്തിനിരയായവരെ മറക്കാതെ അവരുടെ മക്കളുടെ വിദ്യാഭ്യാസചുമതല ഏറ്റെടുക്കുകയും ഓഖി ദുരന്തത്തിൽ മരിച്ച 42 പേരുടെ കുടുംബത്തിന് സർക്കാർ ജോലി നൽകി സംരക്ഷിക്കുകയും ചെയ്തു ഗവൺമെന്റാണിത്. അങ്ങനെ ജോലി നൽകിയ 42 പേർ എസ്.എസ്.എൽ.സി.-ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. എസ്.എസ്.എൽ.സി.-ക്ക് മുകളിൽ യോഗ്യതയുള്ള 11 പേർക്കുകൂടി നിയമനം നൽകുന്നതിനുള്ള പ്രവർത്തനം ദ്രുതഗതിയിൽ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ എസ്.സി./എസ്.ടി. വിഭാഗത്തിനുള്ള എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികൾക്കും ബാധകമാക്കി. ആ കാറ്റഗറിയിൽ അവരെ ഉൾപ്പെടുത്തി എല്ലാവിധ ആശ്വാസ പദ്ധതികൾക്കും അപേക്ഷിക്കാൻ കഴിയുന്ന തരത്തിൽ മാറ്റംവരുത്തിയൊരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്.

അതുപോലെതന്നെയാണ് ഗതാഗതം. ഗതാഗത സംവിധാനത്തെ എല്ലാവരും കുറ്റപ്പെടുത്തുന്നു. കെ.എസ്.ആർ.ടി.സി. മുങ്ങുന്ന കപ്പലാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? പക്ഷെ അവിടെനിന്നും പെൻഷൻ പറ്റിപ്പോയവർക്കുൾപ്പെടെ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം വഴി കൃത്യമായി പെൻഷൻ എത്തിച്ച് 2246 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകി, 9.2 ശതമാനത്തിന് 3000 കോടി രൂപ ബാങ്ക് വായ്പ സംഘടിപ്പിച്ച് കൊടുത്തുകൊണ്ട്, 60 കോടി രൂപയുടെ മാസാമാസമുള്ള തിരിച്ചടവിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിച്ച് മുന്നോട്ടുപോകുന്നതിന് സഹായകരമായ നിലപാട് സ്വീകരിച്ച ഗവൺമെന്റാണ് ഇന്ന് കേരളത്തിൽ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങളുൾപ്പെടെ മനസ്സിലാക്കിക്കൊണ്ട്, ഇലക്ട്രിക് മോട്ടോറൈസ്ഡ് വാഹനങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് മുൻതൂക്കം നൽകി പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യും അതിന് നേതൃത്വം കൊടുക്കുന്ന മന്ത്രിയുമാണ് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. ഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി. മാത്രമല്ല, ബോട്ട് സർവ്വീസുമുണ്ട്. ബോട്ട് സർവ്വീസിൽ എ.സി. ബോട്ട് ഉൾപ്പെടെ ഇറക്കി ജലഗതാഗതവും വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇതിനോടനുബന്ധമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ആർക്കാണ് എതിർക്കാൻ കഴിയുക?

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ തെരഞ്ഞെടുപ്പ് വിജയവും രാഷ്ട്രീയവും. ഇവിടെയിപ്പോൾ ചിലർ ശൈലി മാറ്റണമെന്ന് പറയുന്നു. ഏത് ശൈലിയാണ് മാറ്റേണ്ടത്? ഇവിടത്തെ പാവപ്പെട്ടവന്റെ മക്കൾക്ക് സമ്പന്നന്റെ മക്കൾ പഠിക്കുന്നതിനെക്കാൾ മെച്ചപ്പെട്ട ഇൻഫ്രാസ്ട്രക്ചറുള്ള പഠന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന ഗവൺമെന്റിന്റെ ഈ ശൈലിയാണോ മാറ്റേണ്ടത്. ഞങ്ങൾ അതിനെ നിലപാടെന്ന് പറയും, മറ്റുചിലർ അതിനെ ശൈലിയെന്ന് പറയും. ഈ ശൈലി മാറ്റണോ? പാവപ്പെട്ടവരുടെ മക്കൾ പഠിക്കുന്ന സ്കൂളുകളെല്ലാം മെച്ചപ്പെട്ട നിലയിലേയ്ക്ക് ആക്കുന്നുവെന്ന് മാത്രമല്ല, സാധാരണക്കാരന്റെ മക്കൾക്ക് മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ലഭിക്കുന്നു. അവരുടെ രക്ഷകർത്താക്കളെ ഇവിടത്തെ സ്വകാര്യ മാനേജ്മെന്റുകളുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നു. ഇവിടെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ മെച്ചപ്പെട്ടില്ലായിരുന്നുവെങ്കിൽ സാധാരണക്കാരന്റെ മക്കളെ സ്വകാര്യ സ്കൂളുകളിൽ വിടേണ്ടിവരുമായിരുന്നു. അവിടെ അഡ്മിഷന് ഡൊണേഷനും മാസാമാസം ഫീസും കൊടുക്കണം. കേരളത്തിലെ ലക്ഷക്കണക്കിന് രക്ഷകർത്താക്കളെ മാസാമാസം ഫീസ് കൊടുക്കുന്നതിൽനിന്നും സംരക്ഷിച്ച, അവരുടെ സമ്പത്ത് സംരക്ഷിച്ച ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. ഈ ശൈലിയാണോ മാറ്റേണ്ടത്? ആരോഗ്യ മേഖലയിൽ, ജില്ലാ ആശുപത്രികളിൽ ആൻജിയോപ്ലാസ്റ്റി സർജറി ഉൾപ്പെടെ നടക്കുമെന്നുള്ളത് കേരളക്കാരുടെ സ്വപ്നത്തിൽപ്പോലും ഉണ്ടായിരുന്ന കാര്യമല്ലായിരുന്നുവെങ്കിൽ ഇന്ന് അതും ഈ ഗവൺമെന്റ് പ്രാവർത്തികമാക്കിയിരിക്കുകയാണ്. അത് പ്രാവർത്തികമാക്കി ഇവിടത്തെ സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരനെ മോചിപ്പിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള ദൃഢനിശ്ചയത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്ന ഈ ശൈലിയാണോ മാറ്റേണ്ടത്. അതുപോലെതന്നെ 50 ലക്ഷത്തോളം വരുന്ന ഇവിടത്തെ പാവപ്പെട്ട പെൻഷൻ വാങ്ങുന്ന വിധവകൾ, വികലാംഗർ, വാർദ്ധക്യം ബാധിച്ചവർ തുടങ്ങിയവർക്ക് പെൻഷൻ വാങ്ങുന്നതിന് അനുഭവിച്ചിരുന്ന ബുദ്ധിമുട്ട് നമുക്കറിയാവുന്നതാണ്. അതിനെല്ലാം മാറ്റം വരുത്തിക്കൊണ്ട് സാധാരണക്കാരനെ, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ തള്ളപ്പെട്ട വിധവകളും വികലാംഗരും വാർദ്ധക്യം ബാധിച്ചവരുമായ ലക്ഷക്കണക്കിന് ജനങ്ങളെ ദൈവത്തെപ്പോലെ കണ്ട് പെൻഷൻ തുക അവരുടെ വീടുകളിലേയ്ക്കെത്തിച്ചുകൊടുക്കുന്ന ശൈലിയാണോ മാറ്റേണ്ടത്. ഇവിടെ അട്ടപ്പാടിയിലെ മധുവിനെക്കുറിച്ച് ചർച്ചചെയ്യാൻ ഒരുപാടുപേരുണ്ടായിരുന്നു. എല്ലാവരും മധുവിനെ മറന്നു, പക്ഷെ മധുവിനെ മറക്കാതെ മധുവിന്റെ സഹോദരിക്ക് ജോലി കൊടുത്ത ഗവൺമെന്റിന്റെ ഈ ശൈലിയാണോ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലോക്കപ്പ് മർദ്ദനത്തിന് ഇരയായ ശ്രീജിത്തിന്റെ കുടുംബത്തെ സംരക്ഷിച്ചതും ചികിത്സ ലഭിക്കാതെ മരണപ്പെട്ട അന്യസംസ്ഥാനക്കാരനായ മുരുകന്റെ കുടുംബത്തിന് 10 ലക്ഷം രൂപ നൽകിയതുമായ ശൈലിയാണോ മാറ്റേണ്ടത്. പക്ഷേ പ്രധാനമന്ത്രിയാക്കാമെന്നുപറഞ്ഞ് വിശ്വസിപ്പിച്ച് ഒരു പ്രതിപക്ഷനേതാവിനെപ്പോലും കൊടുക്കാൻ കഴിയാതെ ജനങ്ങളെ പറ്റിച്ച ആ ശൈലിയാണ് മാറ്റേണ്ടത്. പ്രധാനമന്ത്രിയായില്ലെന്ന് മാത്രമല്ല, പതിറ്റാണ്ടുകളായി കൈവശമിരുന്ന സ്വന്തം മണ്ഡലംപോലും സംരക്ഷിക്കാൻ കഴിയാത്ത നേതാവ് ഇന്ത്യ സംരക്ഷിക്കുമെന്ന് കേരളത്തിലെ ജനങ്ങളെ വിശ്വസിപ്പിച്ച ആ ശൈലിയല്ലേ മാറ്റേണ്ടത്. ഏപ്രിൽ 23-ന് കേരളത്തിലെ ജനങ്ങൾക്ക് അബദ്ധം പറ്റിയെങ്കിൽ മേയ് 23-ന് അവർക്ക് പറ്റിയത് അബദ്ധമാണെന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. ഒരു ചക്ക വീണ് മുയൽ ചത്തു എന്നുള്ളതുകൊണ്ട് എപ്പോഴും ചക്ക വീഴും മുയൽ ചാകുമെന്ന് യു.ഡി.എഫ്. സ്വപ്നം കാണേണ്ട. നിങ്ങളുടെ കാപട്യം കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ബി.ജെ.പി.-ക്കെതിരായി നിൽക്കാൻ ഞങ്ങൾക്ക് മാത്രമേ കഴിയൂവെന്ന തരത്തിൽ നിങ്ങൾ നടത്തിയ പ്രചരണങ്ങൾ ഒരു പരിധി വരെ ജനങ്ങൾ വിശ്വസിച്ചു. അതിന്റെ ഫലമായി നിങ്ങൾക്ക് താല്ക്കാലിക നേട്ടം ഉണ്ടായിട്ടുണ്ട്. അതുപോലെ വിശ്വാസികളെ ഒരു പരിധിവരെ നിങ്ങൾക്ക് പറ്റിക്കാൻ കഴിഞ്ഞു. യഥാർത്ഥത്തിൽ വിശ്വാസികളെ വഞ്ചിച്ചതാരാണെന്ന് വരും നാളുകളിൽ ജനങ്ങൾ തിരിച്ചറിയും. അപ്പോൾ നിങ്ങളുടെ സ്ഥാനം എവിടെയായിരിക്കുമെന്ന് അറിയില്ല. ഞാൻ കേരളത്തിലെ സ്ഥിതിയാണ് പറഞ്ഞത്. ഇന്ത്യയിൽ നിങ്ങൾ പുറകോട്ട് പോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷെ നിങ്ങൾക്ക് ഇപ്പോഴും അന്ധമായ മാർക്സിസ്റ്റ് വിരോധമാണ്. ഇവിടെ സംസാരിക്കുന്നവർ ബംഗാളും ത്രിപുരയുമാണ് പറയുന്നത്. ബംഗാളിലും ത്രിപുരയിലും ഇടതുപക്ഷം ദുർബ്ബലമായപ്പോൾ ശക്തിപ്പെട്ടത് ആരാണ്; ആ സ്ഥിതിവിശേഷം ഇന്ത്യയിലുണ്ടാകാൻ നിങ്ങൾ ആഗ്രഹിക്കുന്നോ; അതാണോ നിങ്ങളുടെ നിലപാട്; അത് വ്യക്തമാക്കുവാൻ നിങ്ങൾക്ക് കഴിയണം. ഇന്ത്യയിൽ ഇനി കോൺഗ്രസിന് മാത്രമായി ഒരിക്കലും ബി.ജെ.പി.-യെ പ്രതിരോധിക്കാൻ കഴിയില്ല. 37 ശതമാനം മാത്രം വോട്ട് വാങ്ങിയ ബി.ജെ.പി. അധികാരത്തിൽ എത്തിയത് മതേതര ശക്തികളുടെ കൂട്ടായ്മ ഇല്ലാത്തതുകൊണ്ടാണ്. ആ കൂട്ടായ്മ ഉണ്ടാക്കുന്നതിൽ മുൻകയ്യെടുക്കേണ്ടിയിരുന്നത് ആരായിരുന്നുവെന്ന് ഇന്ത്യയിലെ ജനങ്ങൾക്കറിയാം. അത് നിർവ്വഹിക്കാതെ ബി.ജെ.പി.-യുടെ കൈകളിലേയ്ക്ക് അധികാരം എത്തിച്ചതിന്റെ ദുരന്തം ഇനിയും നമ്മൾ അനുഭവിക്കേണ്ടതായിവരും. അത് മനസ്സിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

തങ്ങളുടെ തെറ്റുകളും കുറ്റങ്ങളും തിരുത്തി മതേതര വിശ്വാസികളുടെ കൈകളിലേയ്ക്ക് ഇന്ത്യയെ എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ ഇനിയെങ്കിലും ഏർപ്പെടാൻ, തെറ്റുകൾ തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയണം. ഇടതുപക്ഷത്തെ കണ്ണുമടച്ച് എതിർക്കുകയെന്ന സമീപനം നിങ്ങൾ തിരുത്തണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം തീർച്ചയായും ഞങ്ങൾക്ക് വന്നിട്ടുള്ള പോരായ്മകൾ തിരുത്തിക്കൊണ്ട്, ജനങ്ങളുടെ വിശ്വാസം വീണ്ടെടുത്തുകൊണ്ട്, വമ്പിച്ച ഭൂരിപക്ഷത്തോടെ ജനങ്ങളുടെ ഹൃദയത്തിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരുടെ പിന്തുണ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിൽ ഇനിയുള്ള നാളുകളിൽ ഞങ്ങൾ ഏർപ്പെടും. അതിലൊരു സംശയവുമില്ല, ഞങ്ങൾ അതിൽ വിജയിക്കുകതന്നെ ചെയ്യും എന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ പ്രധാനപ്പെട്ട വകുപ്പുകളെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥന ചർച്ചകളാണ് ഇവിടെ നടക്കുന്നത്. പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ വലിയ അന്തരമുണ്ട്. 2019-20 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ 'കേരളം ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക്' എന്ന തലക്കെട്ടോടുകൂടി നടത്തിയ പ്രസംഗം എല്ലാവരും ശ്രദ്ധിച്ചിട്ടുള്ള ഒരു പ്രഖ്യാപനമായിരുന്നു. അത് നമ്മുടെ സമൂഹത്തിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ചുള്ള വിലയിരുത്തലായിരുന്നു. 2022 ആകുമ്പോൾ സംസ്ഥാനത്തെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം പത്ത് ലക്ഷമാക്കാൻ നടപടി സ്വീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. ഇന്നത്തെ സ്ഥിതി പരിശോധിക്കുമ്പോൾ നമ്മൾ കാണുന്നതെന്താണ്? ഒരു മാതൃക സൃഷ്ടിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യെ ഇലക്ട്രിക് ബസ്സുകളിലേയ്ക്ക് മാറ്റുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യം ഇന്ന് ചർച്ച ചെയ്യപ്പെടുമ്പോൾ, ഇവിടെ ഉണ്ടായിരിക്കുന്ന മുൻകരുതലുകളുടെ തടസ്സങ്ങൾ വിലയിരുത്തപ്പെടേണ്ടതാണ്. പ്രഖ്യാപനം തുടക്കത്തിലേ പാളി, അതാണ് കെ.എസ്.ആർ.ടി.സി.-ക്ക് പറയാനുള്ള കഥ. കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി പത്ത് ഇലക്ട്രിക് ബസ്സുകളാണ് മുംബൈ ആസ്ഥാനമായ കരാർ കമ്പനിയിൽനിന്നും വാടകയ്ക്കെടുത്തത്. ഇപ്പോൾ ടാക്സ് അടയ്ക്കാൻ നിർവ്വാഹമില്ലാതെ ഇലക്ട്രിക് ബസ്സുകൾ നിർത്തലാക്കിയിരിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇതിൽ ആത്മാർത്ഥതയുണ്ടോ? പ്രഖ്യാപനത്തിലും പ്രവൃത്തിയിലും വന്ന അന്തരം കേരളത്തിലെ പൊതുസമൂഹം മനസ്സിലാക്കുകയാണ്. തിരുവനന്തപുരത്തുനിന്ന് എറണാകുളത്തേയ്ക്ക് പോയ ഉദ്ഘാടന ബസ് സർവ്വീസ് തന്നെ ചേർത്തല എക്സ്റേ ജംഗ്ഷനിൽ ബാറ്ററി ചാർജ്ജ് തീർന്ന് വഴിയിലായി. അത് വാഹനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമാണ്. ഇത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ എടുക്കേണ്ട കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഒരു വലിയ സംരംഭം വിജയിപ്പിക്കാൻ അടിസ്ഥാനപരമായി ഒരുക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവഗണിച്ചതാണ് പറ്റിയ തകരാറെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ബസ് ഓടണമെങ്കിൽ ചാർജ്ജ് ചെയ്യണം. ചാർജ്ജ് ചെയ്യാനുള്ള സൗകര്യമൊരുക്കാതെ പത്ത് ബസ് വാടകയ്ക്കെടുത്തത് തെറ്റായിട്ടാണ് ഞാൻ കാണുന്നത്. ഇലക്ട്രിക് ബസ് ഓടിയാലും ഇല്ലെങ്കിലും വാടകയിനത്തിൽ കൊടുക്കേണ്ട തുകയ്ക്ക് ഒരു കുറവും വന്നിട്ടില്ല. ആ ബസ് വാടകയ്ക്കെടുത്തതുകൊണ്ട് നമുക്കുണ്ടായ നേട്ടങ്ങളും ആ പരിഷ്കാരം നടപ്പാക്കാൻ ശ്രമിച്ചിട്ട് നടപ്പാക്കാൻ സാധിക്കാതെ പോയതിലുള്ള വിഷമവും തീർച്ചയായും പൊതുസമൂഹത്തിലുണ്ട്. കൊട്ടിഘോഷിച്ച ആ പദ്ധതി ഇന്ന് എവിടെ എത്തി നിൽക്കുന്നു? തുടർനടപടിയായി 1500 ബസ്സുകളിറക്കാൻ വേണ്ടി പഠനം നടത്താൻ മന്ത്രിയും സംഘവും വിദേശത്ത് പോയി. അതിനുവേണ്ടി ശ്രമിക്കുന്നതൊക്കെ നല്ല കാര്യങ്ങൾ തന്നെയാണ്. പക്ഷെ ഇവിടെ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്താതെ ഇത്തരം കാര്യങ്ങളിലേയ്ക്ക് ഇറങ്ങിത്തിരിച്ചാലുള്ള ഭവിഷ്യത്തുകളുടെ ആദ്യ ചിത്രമാണ് ആ ഇലക്ട്രിക് ബസ് സർവീസ് നടത്തിയതിലൂടെ കാണാൻ കഴിഞ്ഞത്. ഇതിനൊക്കെ മാറ്റം വരുത്തണം.

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിന്റെ കണക്ക് ശ്രീ. എം. നൗഷാദ് പറഞ്ഞപ്പോൾ ഞാൻ ശ്രദ്ധിച്ചു. ഗവൺമെന്റിൽനിന്നും ബാങ്കിൽനിന്നും വായ്പയെടുത്ത് കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ ശ്രമിക്കുന്നു. പക്ഷെ കെ.എസ്.ആർ.ടി.സി.-യെ നിലനിർത്താൻ കഴിയുന്നുണ്ടോ? നഷ്ടം കുറയ്ക്കാൻ എടുത്ത തീരുമാനമെന്താണ്; നഷ്ടത്തിലുള്ള സർവ്വീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചു. അങ്ങനെ 1200 സർവ്വീസുകളാണ് കേരളത്തിലൊട്ടാകെ നിർത്തലാക്കാൻ തീരുമാനിച്ചത്. എം-പാനൽ ജീവനക്കാരെ ജോലിക്ക് എടുക്കേണ്ടെന്ന് തീരുമാനിച്ചു. ഇതെല്ലാം കേരളത്തിൽ കണ്ട കാഴ്ചകളാണ്. ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിൽ ചില പാളിച്ചകൾ ഉണ്ടായിരിക്കുന്നു. സർവ്വീസുകൾ വെട്ടിക്കുറയ്ക്കാൻ കർശന നിർദ്ദേശം കൊടുത്തു. അവധി ദിവസങ്ങളിൽ വരുമാനം കുറഞ്ഞ ഇരുപത് ശതമാനം സർവ്വീസ് നടത്തേണ്ടെന്ന് തീരുമാനിച്ചു. 5,000 രൂപയിൽ താഴെയുള്ള ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യേണ്ടെന്ന് തീരുമാനിച്ചു. സാമൂഹിക പ്രതിബദ്ധതയോടുകൂടി നടത്തപ്പെടേണ്ട സർവ്വീസാണ് കുടിയേറ്റ മേഖലയിലും മലയോര മേഖലയിലും സാധാരണക്കാർക്കുവേണ്ടിയുള്ള ബസ് സർവ്വീസ്. അത് നിർത്തലാക്കുന്നത് മുഖാന്തരം കെ.എസ്.ആർ.ടി.സി.-യുടെ പബ്ലിക് യൂട്ടിലിറ്റി എന്ന സങ്കൽപ്പംതന്നെ ഇല്ലാതെ പോകുന്നു. അതിന്റെ പേരിലുള്ള വിഷമം ഗ്രാമങ്ങളിലെ ജനങ്ങൾ

അനുഭവിക്കുന്നുണ്ട്. നഷ്ടം സഹിച്ചുകൊണ്ട് ഇത് ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള അന്തരീക്ഷം സൃഷ്ടിക്കണം. ലാഭകരമാക്കാൻ മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തണം. ഇടുക്കിയിലെ കട്ടപ്പനയും മൂലമറ്റവും എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന ഡിപ്പോകളാണ്. കട്ടപ്പനയിൽ 53 സർവ്വീസുകൾ നടത്തുന്നുണ്ട്. ഞാൻ അത് വളരെ ഭംഗിയായി മോണിറ്റർ ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വന്ന് അന്വേഷിക്കണം. അത് നഷ്ടമില്ലാതെ കൊണ്ടുപോകാൻ സാധിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ ശരാശരി ലഭിക്കേണ്ട വരുമാനം ലഭിക്കാൻ സാധിക്കുന്നില്ല. അതിൽ ചില മോഡിഫിക്കേഷന്റെ ആവശ്യമുണ്ട്. ഇന്ന് സർവ്വീസ് നടത്തുന്ന വാഹനം നാളെ ഇല്ലാതെ വരുന്ന സ്ഥിതിവിശേഷമല്ല ഉണ്ടാകേണ്ടത്. മലബാറിലേയ്ക്ക് ദീർഘദൂര സർവ്വീസുകൾ നടത്തുമ്പോൾ ട്രാഫിക് സർവ്വേ അനലൈസ് ചെയ്യണം. ഒരു വാഹനം ഓടിയാൽ അതിന്റെ ലാഭം കണക്കാക്കാൻ എന്തെല്ലാം സിസ്റ്റം നമ്മുടെ പക്കലുണ്ട്. അത്തരം കാര്യങ്ങൾ പരിശോധിക്കാതെ ഒരു നിശ്ചിത മേഖലവരെ ഒന്നിലധികം വാഹനങ്ങൾ കോൺവോയിയായി പോവുകയും മലയോരങ്ങളിൽ ചെല്ലുമ്പോൾ മാത്രം വേർപിരിഞ്ഞുപോവുകയും ചെയ്യുന്ന സ്ഥിതിവിശേഷമല്ല നമുക്കാവശ്യം. ഓപ്പറേഷൻ നടത്തുന്നതിലുള്ള പാളിച്ചകളാണ് മാറ്റേണ്ടത്. കഴിഞ്ഞ പ്രളയത്തിൽ കട്ടപ്പന ഡിപ്പോ പൂർണ്ണമായും നശിച്ചുപോയി. താത്കാലികമായി എം.എൽ.എ.-യുടെയും എം.പി.-യുടെയും ഫണ്ടുപയോഗിച്ച് അത് നിലനിർത്തിയിട്ടുണ്ട്. അവിടത്തെ ഓപ്പറേഷൻ അനിവാര്യമാക്കാൻ ഒരു ഡിപ്പോ നിർമ്മിക്കണം. തമിഴ്നാടിനോടു ചേർന്നുകിടക്കുന്ന സ്ഥലമാണ് കട്ടപ്പന. ഇന്റർ സ്റ്റേറ്റ് സർവ്വീസ് നടത്തുമ്പോൾ തേനി - കമ്പത്തേയ്ക്കുള്ള സർവ്വീസുകളും കൂടുതലായി നടത്താൻ കഴിഞ്ഞാൽ ആ ഡിപ്പോ കൂടുതൽ ലാഭകരമാക്കാം. ബാംഗ്ലൂരിലേയ്ക്കും കോയമ്പത്തൂരിലേയ്ക്കും മധുരയിലേയ്ക്കുമുള്ള ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ ആരംഭിക്കാൻ കഴിഞ്ഞാൽ വളരെ ലാഭം നേടാൻ കഴിയും. ആ നിലയിൽ ഓരോ പ്രദേശത്തെയും യൂട്ടിലൈസ് ചെയ്യാൻ കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ കഴിയും. ഓരോ സോണിലും എന്ത് ചെയ്യാൻ കഴിയുമെന്ന് കണ്ടെത്തി സോൺ അടിസ്ഥാനത്തിൽ ശക്തി പകർന്നുകൊടുക്കണം. ജീവനക്കാരുടെ കാര്യത്തിൽ വർക്കിംഗ് അറേഞ്ചുമെന്റല്ല ഉചിതം. ഓരോ സോണിലും ഉൾപ്പെട്ട ജീവനക്കാരെ അവിടെത്തന്നെ ട്രാൻസ്ഫർ ചെയ്യണം. അവരുടെ സേവനം ഒരു വർഷമോ രണ്ട് വർഷമോ അവിടെ ലഭിക്കണം. സ്ഥിരമായി ജോലി ചെയ്യാനുള്ള സാഹചര്യമുണ്ടാക്കിക്കൊടുത്താൽ അവർക്ക് ആത്മാർത്ഥതയോടെ ജോലി ചെയ്യാൻ കഴിയും. അങ്ങനെ ജീവനക്കാരുടെ ഷോർട്ടേജ് പരിഹരിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ശ്രീ. റോഷി അഗസ്റ്റിൻ അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വിദ്യാർത്ഥികളുടെ കൺസെഷൻ ഒരു പ്രധാന വിഷയമാണ്. മലയോര മേഖലയിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.-യിൽ കൺസെഷൻ ലഭിക്കാൻ ബുദ്ധിമുട്ടാണ്. ഓരോ കാരണം പറഞ്ഞ് അത് മുടക്കുകയാണ്. അത് മുടക്കാതെ അവർക്ക് അർഹതപ്പെട്ടതാണെങ്കിൽ കൊടുക്കണം. അതുകൊണ്ട് വലിയ ലാഭവും നഷ്ടവും ഉണ്ടാകാനില്ല. അതിന് പോളിസികളിൽ ആവശ്യമായ മാറ്റം വരുത്തണം. മലയോര മേഖലയോടുകാണിക്കുന്ന താത്പര്യത്തിനനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ഡിമാന്റിൽ മാറ്റം വരുത്തണം. തമ്പാനൂരും തിരുവല്ലയിലും അങ്കമാലിയിലും കെ.എസ്.ആർ.ടി.സി.-ക്ക് ഷോപ്പിംഗ് കോംപ്ലക്സുകളുണ്ട്. അത് പൂർണ്ണമായും പ്രവൃത്തിപഥത്തിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോ? അത്തരം സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-ക്ക് ആവശ്യമെന്നാണ് എന്റെ വിലയിരുത്തൽ. ഓപ്പറേറ്റ് ചെയ്യാനുള്ള സൗകര്യവും ഓഫീസിനുള്ള സൗകര്യവും ജീവനക്കാർക്ക് താമസിക്കാൻ സൗകര്യവുമുള്ള ഒരു നടപടിയാണുണ്ടാകേണ്ടത്. ഇത്തരത്തിലുള്ള ദുർച്ചെലവുകളൊഴിവാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ പരിഷ്കരണത്തിന്റെ പാതയിൽ കൊണ്ടുവരേണ്ടതാണ്. ആ നിലയിൽ മുന്നോട്ടുവരേണ്ട സാഹചര്യമാണ് സൃഷ്ടിക്കേണ്ടത്. അല്ലാതെ വൻകിട കെട്ടിടങ്ങൾ നിർമ്മിക്കുകയല്ല വേണ്ടത്. പുതിയ വാഹനങ്ങൾ വാങ്ങാനും പുതിയ സർവ്വീസ് നടത്താനും കഴിയുന്നില്ലെന്ന് ഇവിടെ സൂചിപ്പിച്ചു. അതിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തണം. കെ.എസ്.ആർ.ടി.സി.-യെ നവീകരണത്തിന്റെ പാതയിൽ പ്രതിബദ്ധതയോടുകൂടി സർവ്വീസ് നടത്താൻ അതത് മേഖലയിലെ ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിച്ചാൽ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. അത്തരത്തിലുള്ള ആലോചനകൾ മതിയായ രീതിയിൽ സ്വീകരിക്കാൻ കഴിയാതെവന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. ഇലക്ട്രിക് ബസ്സിന്റെ കാര്യത്തിൽ ഞാൻ അത് ഇവിടെ സൂചിപ്പിച്ചു. എന്ത് ചെയ്യുന്നതിനുമുമ്പും കരുതൽ നടപടി എടുക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചകൊണ്ടുതന്നെ കെ.എസ്.ആർ.ടി.സി.-ക്ക് വന്നിരിക്കുന്ന നഷ്ടം ഒരുപരിധിവരെ ഉയർന്നുവരുന്നുവെന്നാണ് കാണുന്നത്. അത് പരിഹരിക്കാൻ ഗവൺമെന്റിൽനിന്നും ബാങ്കിൽനിന്നും കടമെടുക്കുന്ന പോളിസികൊണ്ട് എത്രകാലം മുന്നോട്ടുപോകാൻ കഴിയുമെന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്. കാര്യക്ഷമമായ ഇടപെടൽ വീണ്ടുമുണ്ടാകണം. അത്തരം കാര്യങ്ങളിൽ വന്നിട്ടുള്ള വീഴ്ചകൾ പരിഹരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കുപ്രസിദ്ധമായ വിമോചന സമരത്തിന്റെ മറവിലാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ താഴെയിറക്കിയത്. അന്നത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ വ്യക്തിത്വത്തിന് കളങ്കം വരുത്തുക, ചരിത്രപുരുഷനെ താഴെയിറക്കുക എന്നതായിരുന്നു ലക്ഷ്യം. അന്നുമുതലാണ് ഇന്ത്യയിലെ അവിശുദ്ധ രാഷ്ട്രീയ കൂട്ടുകെട്ട് തുടങ്ങുന്നത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയായ ഇ.എം.എസ്.-നെ താഴെയിറക്കാനും അതിനുകൂട്ടുനിന്ന് പ്രവർത്തിച്ച ഇന്ത്യൻ പാർലമെന്ററി സംവിധാനവും അന്നത്തെ കോൺഗ്രസ് നേതാവായ ഇന്ദിരാ ഗാന്ധിയും ദീൻ ദയാൽ ഉപാദ്ധ്യായയുമെല്ലാം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തകർക്കാൻ കേരളത്തിൽ തമ്പടിച്ചിരുന്നു. എന്നിട്ട് ആ തെരഞ്ഞെടുപ്പിൽ എന്താണ് ഉണ്ടായത്? ഇങ്ങനെയൊരു പാർലമെന്ററി ദേശീയ കോൺഗ്രസ് - കോർപ്പറേറ്റ് നേതാക്കൾ കേരളത്തിൽ തമ്പടിച്ച്, കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ പ്രസ്ഥാനത്തെ തകർക്കാനുള്ള നീക്കത്തെ അതീവ ജാഗ്രതയോടെയാണ് ഇ.എം.എസ്. നമ്പൂതിരിപ്പാട് കണ്ടത്. ആ ജാഗ്രതയ്ക്ക് ഒട്ടും മങ്ങലേറ്റില്ല. ശക്തമായ ഭൂരിപക്ഷത്തോടെ, 7361 വോട്ടിന്റെ ഭൂരിപക്ഷത്തോടെ പട്ടാമ്പിയിൽനിന്ന് ഇ.എം.എസ്. നിയമസഭയിലെത്തുകയാണുണ്ടായത്. ആ സന്ദർഭത്തിൽ കേരളത്തിന്റെ ചരിത്രതാളുകളിൽ അദ്ദേഹം എഴുതിയതാണ് കൃഷിഭൂമി കർഷകനെന്ന്. ഒരുതുണ്ട് ഭൂമി ഒരു വ്യക്തിക്ക് എഴുതിക്കൊടുത്ത് അവിടെ കൂരവച്ച് കിടക്കാൻ ഇ.എം.എസ്. കൊണ്ടുവന്ന നയവും നടപടിയുമാണ് ഭൂപരിഷ്കരണ നിയമം. അത് ഈ കേരള ചരിത്രത്തിന്റെ താളുകളിലുണ്ടെങ്കിൽ ഇടതുപക്ഷ പ്രസ്ഥാനത്തിനേറ്റ തോൽവിയിൽനിന്നും നമ്മൾ തിരിച്ചുവരുമെന്നത് യാഥാർത്ഥ്യമാണ്. അതാണ് ഇ.എം.എസ്. കാണിച്ച ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വിജയം. ദീൻ ദയാൽ ഉപാദ്ധ്യായയും ഇന്ദിരാഗാന്ധിയുമൊക്കെ അന്നും കേർപ്പറേറ്റുകളെ വളർത്തുന്നതിനുള്ള സമീപനം ചരിത്രത്തിലുണ്ടെങ്കിൽ പ്രതിപക്ഷാംഗങ്ങളായ കോൺഗ്രസ് എം.എൽ.എ.-മാരെ, നിങ്ങൾ ഈ വിജയത്തിൽ വലിയ സന്തോഷം കൊള്ളേണ്ട, ഞങ്ങൾ ശക്തമായി തിരിച്ചുവരും. പഞ്ചായത്തിലേയ്ക്കും നിയമസഭയിലേയ്ക്കും ശക്തമായ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന് ഒരുങ്ങും. കേരളത്തിലെ വലിയ ഒരു ഭരണത്തിന്റെ സർട്ടിഫിക്കറ്റ്, ജനാധിപത്യ വിശ്വാസത്തിന്റെ പ്രോഗ്രസ് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പ്രകാശനം ചെയ്തു. ആ സർട്ടിഫിക്കറ്റിനെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. രമേശ് ചെന്നിത്തല പത്രസമ്മേളനത്തിലൂടെ എതിർത്ത് സംസാരിച്ചത് ഞാൻ കേട്ടു. ഞാൻ പ്രതിപക്ഷനേതാവിനോട് ചോദിക്കുന്നു, നിങ്ങളും അഞ്ച് വർഷം കേരളം

LIBRARY ARCHIVES Kerala Legislative Assembly

ഭരിച്ചില്ലേ; അപ്പോൾ ഞാൻ ഈ നിയമസഭയിലുണ്ടായിരുന്നു. എന്ത് സർട്ടിഫിക്കറ്റാണ് ഈ കേരള ജനതയ്ക്ക് നിങ്ങൾ നൽകിയിട്ടുള്ളത്? ഏത് രീതിയിലുള്ള വികസന താല്പര്യങ്ങളാണ് കേരളത്തിലെ മൂന്നര കോടി ജനങ്ങളുടെ മുന്നിൽ സമർത്ഥിച്ചത്? അതുകൊണ്ട് പ്രതിപക്ഷനേതാവ് ഒന്നുകൂടി പരിശോധിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഇന്നലെ ഇറക്കിയ പ്രോഗ്രസ് റിപ്പോർട്ടിനെ മനസാ വാചാ അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന്റെ ആദ്യത്തെ താളുകളിൽ 'കടലിന്റെ മക്കൾ ഇനി കേരളത്തിന്റെ പോലീസ്' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പ്രഖ്യാപനത്തിൽ മാത്രമല്ല, അവർക്ക് നിയമന ഉത്തരവും കൈമാറി. ദേശാഭിമാനിയിലും മാതൃഭൂമിയിലും വന്ന റിപ്പോർട്ടാണിത്. എനിക്ക് ഇന്ന് പ്രസംഗമുണ്ടെന്നറിഞ്ഞ സമയം മുതൽ ലൈബ്രറിയിൽനിന്നും പത്ര കട്ടിംഗുകൾ ഞാൻ എടുക്കുകയായിരുന്നു. തീരദേശ വികസനവും ഇതുമായി ബന്ധപ്പെട്ടുള്ള ഈ സർക്കാരിന്റെ വികസന നേട്ടങ്ങളെയും സംബന്ധിച്ച് ഇവിടെ ഒരു എം.എൽ.എ. പ്രസംഗിച്ചാൽ അത് നിയമസഭാ രേഖയാണ്. കാരണം, മാധ്യമങ്ങൾ നുണ പറയില്ലല്ലോ. 'കടലിന്റെ മക്കൾ ഇനി കേരളത്തിന്റെ പോലീസ്' എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന കടലാസിൽ ഒതുങ്ങിയില്ല. തീരദേശ മേഖലയിൽനിന്ന് 179 പേരെയാണ് പോലീസ് സേനയിലേയ്ക്ക് തെരഞ്ഞെടുത്തത്. പ്രളയമുണ്ടായപ്പോൾ ജനങ്ങൾക്ക് വളരെയധികം ആത്മവിശ്വാസം പകർന്നുകൊണ്ട്, രക്ഷാപ്രവർത്തനത്തിന് നേതൃത്വം കൊടുത്ത മത്സ്യത്തൊഴിലാളികൾക്ക് പോലീസ് സേനയിൽ നിയമനം നൽകിയ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ നിയമന ഉത്തരവാണ് ഈ പത്രകട്ടിംഗിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ ഗവൺമെന്റിന് മത്സ്യത്തൊഴിലാളി മേഖലയോട് ഇതിലേറെ ചെയ്യാൻ സാധിക്കുന്നതെന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ എം.എൽ.എ.-മാരും ഒരു നിമിഷം ചിന്തിക്കുക, ജനാധിപത്യ അധികാര കസേരകൾ നമുക്ക് അലങ്കാരമല്ല. ചെയ്യാൻ കഴിയുന്ന അധികാരതലങ്ങൾ പൂർണ്ണമായും വിനിയോഗിക്കാൻ ഗവൺമെന്റും മറ്റ് ജനപ്രതിനിധികളും നമ്മുടെ സമൂഹത്തിലേയ്ക്ക് സജ്ജരായി ഇറങ്ങിവരുന്നു. പ്രളയത്തിൽ രക്ഷാപ്രവർത്തനത്തിന് ജീവൻപോലും ത്യജിച്ച് മത്സ്യത്തൊഴിലാളികൾ കേരള സർക്കാരിന് പിന്തുണയും സഹായവുമെത്തിച്ചു. ജീവൻപോലും വെടിയുന്ന ആ മത്സ്യത്തൊഴിലാളികളുടെ ആത്മവിശ്വാസത്തെയാണ് മുഖ്യമന്ത്രി സ്വീകരിച്ചത്. കേരളം ഭരിക്കുന്നതാരാണെന്ന് അവർ നോക്കിയല്ല, ഇവിടത്തെ ജനങ്ങളാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾ അവരുടെ കർമ്മപ്രവർത്തനം വളരെ ഭംഗിയായി നിർവ്വഹിച്ചു. അതിനൊരു ഉപകാരമാണ് സർക്കാർ കൊടുത്ത ഈ നിയമനങ്ങൾ. കോസ്റ്റൽ വാർഡൻ എന്ന തസ്തികയിലാണ് നിയമനം കൊടുത്തത്. 174 പേർ പ്രളയരക്ഷാ പ്രവർത്തനരംഗത്തുണ്ടായിരുന്നതിൽ 5 പേർ വനിതകളും 5 പേർ ബിരുദധാരികളും 75 പേർ പ്ലസ്ടു വിജയിച്ചവരും 99 പേർ പത്താം ക്ലാസ് പാസ്സായവരുമാണ്. ഇവർക്കിപ്പോൾ നാലുമാസം തൃശ്ശൂർ പോലീസ് അക്കാദമിയിൽ പരിശീലനം നൽകും. പരിശീലനം കഴിഞ്ഞാൽ ഇവരെ തീരദേശ പോലീസ് സ്റ്റേഷനിൽ കോസ്റ്റൽ ഗാർഡുകളും മറ്റുമായി നിയമിക്കും. ആഭ്യന്തര പദവി അലങ്കരിക്കുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്ത ഒരു നയമാണിത്. മത്സ്യബന്ധനമേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ഇതിലേറെ സവിശേഷമായിട്ടുള്ള കാര്യങ്ങൾ ഇനിയെന്താണുള്ളത്? അത്തരം തൊഴിലെടുക്കുന്ന ഈ കുടുംബങ്ങളെ സംരക്ഷിക്കാൻ ഒരു കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ ഗവൺമെന്റിന് കഴിയുമെങ്കിൽ തീർച്ചയായും ഇ.എം.എസ്.-ന്റെ ഭരണത്തെ ഈ സർക്കാർ മാതൃക യാക്കുന്നുവെന്നുള്ളതല്ലേ നമ്മൾ സ്മരിക്കേണ്ടത്. 590 കി.മീറ്റർ ദൈർഘ്യമുള്ള നമ്മുടെ കടലോരമേഖലയിൽ തൊഴിലെടുക്കുന്ന 12.5 ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഈ സർക്കാർ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; എനിക്ക് ഗതാഗതവും നികുതിയുമായി ബന്ധപ്പെടുത്തി ചില വിഷയങ്ങൾ സംസാരിക്കാനുണ്ടെങ്കിലും ഞാൻ തീരദേശത്തുനിന്നുംവരുന്ന എം.എൽ.എ. ആയതുകൊണ്ട് പറയട്ടെ, കഴിഞ്ഞ 8 വർഷത്തിൽ ഈ മത്സ്യബന്ധന മേഖലയിൽ അവസാന 3 വർഷത്തിനുള്ളിലുണ്ടായ മാറ്റങ്ങൾ ഒരുപാടുണ്ട്. അതൊന്നും മറച്ചുവയ്ക്കാൻ സാധിക്കില്ല. തീരദേശ മത്സ്യത്തൊഴിലാളികൾ പുലർച്ചെ 3 മണിക്ക് ജീവൻപോലും ത്യജിച്ചുകൊണ്ടാണ് ആഴക്കടലിൽ മത്സ്യബന്ധനം നടത്താൻ പോകുന്നത്. രണ്ട് ദിവസം കഴിഞ്ഞാണ് അവർ തിരിച്ച് കരയിലെത്തുന്നത്. അവരുടെ കുടുംബത്തെ പോറ്റാനും അവരുടെ കുട്ടികളുടെ ഉപരിപഠനവും മറ്റ് ദൈനംദിന ജീവിതത്തിനും ഈ തൊഴിലല്ലാതെ വേറെ തൊഴിൽ അവർക്കറിയില്ല. അങ്ങനെയുള്ള മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പിന്റെ 'സഫലം' എന്ന പദ്ധതിയിൽ ആയിരം മത്സ്യത്തൊഴിലാളി വനിതകളുടെ സംരംഭങ്ങൾ പ്രവർത്തനമാരംഭിക്കാൻ പോകുകയാണ്. അതിന്റെ നിർവ്വഹണം മുഖ്യമന്ത്രി നിർവ്വഹിച്ചു. തീരമൈത്രി സംരംഭങ്ങൾ ഇവിടെ വർഷംതോറും 20 കോടി രൂപ ലാഭവിഹിതമായി നൽകുകയാണ്. ഒരു പ്രതീക്ഷയ്ക്കെന്നോണം സംഘങ്ങളിലെ മുഴുവൻ അംഗങ്ങൾക്കും ലഭിക്കാവുന്ന

രീതിയിൽ ഈ പദ്ധതി ആരംഭിക്കുവാൻ പോകുകയാണ്. ഈ വർഷം ഈ പദ്ധതികൊണ്ട് 100 കോടി രൂപ ലക്ഷ്യമിടുന്നുവെന്നാണ് വകുപ്പുമന്ത്രി പ്രതിപാദിച്ചിരിക്കുന്നത്. മത്സ്യബന്ധന വകുപ്പുമന്ത്രി എന്ന നിലയിൽ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയെ ഞാൻ ഫോണിൽ വിളിച്ചിരുന്നു. കാരണം, എന്റെ മണ്ഡലത്തിൽ തമ്പാൻകടവ് മുതൽ തളിക്കുളം സ്നേഹതീരം വരെയുള്ള കടൽമേഖലയിൽ കടലാക്രമണം അതിരൂക്ഷമാണ്. ജനപ്രതിനിധികളും മത്സ്യത്തൊഴിലാളികളും മണൽ ചാക്ക് തിട്ടകൾ കൂട്ടിയിട്ട് തിരമാലകളടിക്കാതെയും റബ്ബറൈസ് ചെയ്ത തീരദേശ റോഡുകൾ നശിക്കാതിരിക്കാനും വളരെ കിണഞ്ഞ് പരിശ്രമിക്കുന്ന രംഗം നേരിട്ട് വന്നുകാണണമെന്ന് ഞാൻ മന്ത്രിയെ ടെലഫോൺ വഴി അറിയിച്ചു. തൃശ്ശൂരിൽ ഒരു പരിപാടിയിൽ പങ്കെടുക്കാൻ എത്തിയപ്പോൾ നാട്ടികയിലെ ഈ കടലാക്രമണ പ്രദേശമായ ചാവക്കാടും മുനമ്പത്തും പോകണമെന്ന് പറഞ്ഞു. അതിരൂക്ഷമായ ഈ പ്രശ്നം മന്ത്രി നേരിട്ടുകണ്ട സന്ദർഭത്തിൽ റോഡുകളുടെ അവസ്ഥ തിരിച്ചറിയുകയും മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന ഈ പ്രദേശത്തെ റോഡുകൾ ഈ വർഷം മുതൽ അപ്ഗ്രേഡ് ചെയ്യുമെന്ന് വാക്ക് നൽകുകയും ചെയ്തു. കടൽഭിത്തിയുമായി ബന്ധപ്പെടുത്തി അടിയന്തര ഡിസൈൻ തയ്യാറാക്കാൻ ബന്ധപ്പെട്ട ഇറിഗേഷൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഇപ്പോൾ ജി.എസ്.ടി.-യും കൂടി വന്നതുകൊണ്ട് കടൽഭിത്തി കെട്ടുന്ന 11 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലേക്കും നബാർഡിന്റെ സ്കീമിലേക്കും അടിയന്തരമായി കൊടുക്കാനുള്ള നടപടികൾ മന്ത്രി സ്വീകരിച്ചു. അന്നുതന്നെ ഏകദേശം 2.5 കോടി രൂപയുടെ തീരദേശ റോഡുകൾ അപ്ഗ്രേഡ് ചെയ്യുകയും ടെണ്ടർ ചെയ്ത് അതിന്റെ നടപടികളിലേക്കും ഗതാഗത സൗകര്യമൊരുക്കുന്നതിന് ബന്ധപ്പെട്ട തീരദേശ ഹാർബർ എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇന്ന് അതെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. വലപ്പാടുള്ള ഒരു ആയുർവ്വേദ ആശുപത്രിക്കും ഫണ്ട് നൽകി. അവിടെ അവസാനഘട്ടത്തിലായ പണി പൂർത്തീകരിച്ച് ഈ ആഗസ്റ്റ് മാസത്തോടുകൂടി ആയുർവേദ ആശുപത്രിയും പ്രവർത്തനമാരംഭിക്കും. ഇത്രയും വിഭാവനം ചെയ്ത്, മത്സ്യബന്ധനമേഖലയുടെ കാര്യങ്ങൾ കൃത്യമായി പഠിച്ച് ചെയ്യാൻ കഴിവുറ്റ ഒരു ജനകീയ മന്ത്രി ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ, ജനങ്ങൾക്ക് സംതൃപ്തിയേകുന്നത് അവരുടെ പൊതുവിഷയത്തിൽ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്. കഴിഞ്ഞ 5 വർഷം ഫിഷറീസ് മേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസനങ്ങൾ നടന്നുവെന്ന് പ്രതിപക്ഷനേതാവിന് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീമതി ഗീതാ ഗോപി: സർ, ഈ മേഖലയിൽ അത്തരം ഒരു സമീപനം സർക്കാരിനുണ്ട്. ഈ പഞ്ഞമാസക്കാലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകിവരികയാണ്. 900 രൂപയും 1500 രൂപയും വച്ച് മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നതിന് കേന്ദ്രം വേണ്ടത്ര രീതിയിൽ സഹായിക്കുന്നില്ല. കേന്ദ്ര സഹായമായി ലഭിക്കേണ്ട 58 കോടി രൂപ, സംസ്ഥാന സർക്കാർ ഓൺ ഫണ്ടെടുത്തും മറ്റ് ഫണ്ടുകളുപയോഗിച്ചും നൽകിവരികയാണ്. കേരളത്തിന്റെ മത്സ്യനയത്തെക്കുറിച്ച്, മത്സ്യസമ്പത്തുമായി ബന്ധപ്പെട്ടുള്ള നിയമങ്ങൾ സംബന്ധിച്ച്, മറ്റ് സംസ്ഥാനങ്ങൾ കേരളത്തെക്കണ്ട് പഠിക്കണമെന്ന് കേന്ദ്രം പറഞ്ഞു. അങ്ങനെ പറഞ്ഞ കേന്ദ്രത്തിന്റെ സമീപനം ഇക്കാര്യത്തിലും ബോദ്ധ്യപ്പെടുത്തണമെന്നുകൂടി ഞാൻ ഈയവസരത്തിൽ അറിയിക്കുകയാണ്. മത്സ്യഭവനുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനത്തിന് കേന്ദ്രം ചില്ലിക്കാശു പോലും നൽകിയില്ല. മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെയെത്തി.

മി. ചെയർമാൻ: ശ്രീമതി ഗീതാ ഗോപി അങ്ങയുടെ സമയം കഴിഞ്ഞു. പ്രസംഗം അധികമായി, അവസാനിപ്പിക്കണം.

ശ്രീമതി ഗീതാ ഗോപി: സർ, ഒരു മിനിട്ടിൽ അവസാനിപ്പിക്കാം. ഞാൻ മത്സ്യത്തൊഴിലാളി മേഖലയിൽനിന്നും വരുന്ന എം.എൽ.എ. ആണ്. ഇൻഷ്വറൻസ് സംവിധാനത്തിൽ 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ നമ്മുടെ സർക്കാർ കൊടുത്തു. അതിന്റെ ഒരു വിഹിതം കേന്ദ്രസർക്കാർ തരേണ്ടതാണ്. അത് കേന്ദ്രത്തോടാവശ്യപ്പെടണം. അതുപോലെ കഴിഞ്ഞ 3 വർഷമായി പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ഈ സാഹചര്യങ്ങൾ ഒരുക്കുന്നത്. നാണ്യവിളകൾക്കൊപ്പം സാമ്പത്തിക സ്രോതസ്സ് വർദ്ധിപ്പിക്കാനും ഈ സർക്കാരിന്റെ മത്സ്യനയം മുന്നോട്ടു കൊണ്ടുപോകാനും അത് പ്രാവർത്തികമാക്കാനും വകുപ്പ് മുന്നിൽത്തന്നെയുണ്ട്. അത് കോൺഗ്രസിന്റെ നയമല്ല. നേരത്തെ ശ്രീ. വി. ആർ. സുനിൽ കുമാർ ഇവിടെ ആസിയാൻ കരാറിനെക്കുറിച്ചുപറഞ്ഞു. ആഗോള രാജ്യങ്ങൾക്ക് ഇന്ത്യൻ മഹാസമുദ്രത്തിന്റെ മത്സ്യസമ്പത്ത് വിറ്റഴിച്ചു. അന്ന് ഡോ. മൻമോഹൻ സിംഗായിരുന്നു പ്രധാനമന്ത്രി. അന്ന് പ്രതികരിക്കേണ്ടതായിരുന്നു. ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരിക്കുമ്പോൾ മീനാകുമാരി കമ്മീഷനെതിരെ അന്നും എൽ.ഡി.എഫ്. മത്സ്യത്തൊഴിലാളികളോടൊപ്പം നിന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങയുടെ പ്രധാനമന്ത്രി ഇന്ത്യ

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കുമ്പോൾ ഇന്ത്യൻ മഹാസമുദ്രത്തിന്റെ മത്സ്യസമ്പത്ത് ആഗോള രാജ്യങ്ങളായ ജർമ്മനിയും ജപ്പാനും ഭീമൻ വലകൾ കടലിൽ വിരിച്ച് മത്സ്യങ്ങൾ ശീതീകരിച്ച് വിദേശ രാജ്യങ്ങൾക്ക് കടത്തുമ്പോൾ എന്തുകൊണ്ട് എതിർത്തില്ല, കോൺഗ്രസ് കേന്ദ്രം ഭരിക്കുമ്പോൾ എന്തുകൊണ്ട് പ്രതികരിച്ചില്ല. മത്സ്യത്തൊഴിലാളി വകുപ്പ് രൂപീകരിക്കുമെന്ന് ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ കൊണ്ടുവന്ന് നാട്ടിക മണ്ഡലത്തിൽ ഒരു പ്രചരണം നടത്തി. അന്ന് അദ്ദേഹത്തിന്റെ പാർട്ടിക്ക് കഴിഞ്ഞില്ല. ഇന്ന് അദ്ദേഹത്തിന് കഴിയുമോ? മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരംഭം ശാക്തീകരിക്കുകയും മത്സ്യനയം നടപ്പിലാക്കുകയും കേരളത്തിന്റെ ഫിഷറീസ് മേഖലയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഈ സർക്കാർ നയത്തെ, ഈ ഡിമാന്റിനെ ഞാൻ അംഗീകരിക്കുകയാണ്.

2.00 P.M.]

ശ്രീ. പി. സി. ജോർജ്: സർ, ദൈവം തമ്പുരാൻ വിചാരിച്ചാലും കെ.എസ്.ആർ.ടി.സി.-യെ നന്നാക്കാൻ കഴിയില്ലെന്ന് ഒരു ഗതാഗത വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത് ഞാൻ കേട്ടതാണ്. ഞാൻ ആ അഭിപ്രായത്തോട് യോജിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ സർവ്വകലാവല്ലഭൻ അല്ലെങ്കിലും വളരെ നിഷ്പക്ഷമായി ഇപ്പോഴുള്ള കെ.എസ്.ആർ.ടി.സി. എം.ഡി.-ക്കും എക്സിക്യൂട്ടീവ് ഡയറക്ടർമാർക്കും പൂർണ്ണമായ അധികാരം കൊടുത്തുകൊണ്ട്, അവിടത്തെ തൊഴിലാളികളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് ഈ വകുപ്പ് കൈകാര്യം ചെയ്യാൻ തയ്യാറായാൽ കെ.എസ്.ആർ.ടി.സി. ലാഭത്തിലാകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ആ മന്ത്രിയുടെ പ്രഖ്യാപനം ഒന്ന് തിരുത്തിക്കുറിക്കാനുള്ള അവസരം മന്ത്രി എ. കെ. ശശീന്ദ്രന് വരാൻ പോവുകയാണ്. ആ ജോലി ഏറ്റെടുക്കണമെന്നാണ് എനിക്ക് മന്ത്രിയോട് പറയാനുള്ളത്.

കേരളത്തിൽ ഏറ്റവും വലിയ സമ്പത്തുള്ള പൊതുമേഖലാ സ്ഥാപനം കെ.എസ്.ആർ.ടി.സി. ആണ്. ഈ വസ്തുവകകൾ മുഴുവൻ കെ.എസ്.ആർ.ടി.സി. പണം കൊടുത്ത് വാങ്ങിയതല്ല. ജനങ്ങൾ നൽകിയതാണ്, അത് മനസ്സിലാക്കണം. നിർബന്ധമായും ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. അതായത്, ഈ സ്ഥലങ്ങളിൽ കെട്ടിടങ്ങൾ ഒന്നും കെട്ടിപ്പൊക്കരുത്. തിരുവല്ലയിൽ കെട്ടിയ കെട്ടിടവും പെരുമ്പാവൂരിലെ കെട്ടിടവും വെറുതെ കിടക്കുകയാണ്. തിരുവനന്തപുരത്ത് പുതിയ കെട്ടിടം നിർമ്മിക്കേണ്ടായിരുന്നു എന്നാണ് എന്റെ അഭിപ്രായം. B.O.T. ആണെങ്കിലും വേണ്ടാത്ത കാര്യം ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ പണം കളയരുത്. ഞാൻ എം.എൽ.എ. ഫണ്ടിൽനിന്നും ഒന്നരക്കോടി രൂപ ചെലവഴിച്ചാണ് ഈരാറ്റുപേട്ട ബസ് സ്റ്റാന്റ് നിർമ്മിച്ചത്. അത് കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലമല്ല, അരുവിത്തുറ പള്ളിക്കാർ കൊടുത്തതാണ്. ഞങ്ങൾ തന്നെയാണ് ആ സ്ഥലം കൊടുത്തത്. ഈരാറ്റുപേട്ട ബസ് സ്റ്റാന്റുമായി ബന്ധപ്പെട്ട പരാതിയിന്മേൽ എം.ഡി. തിങ്കളാഴ്ച കമ്മിറ്റി കൂടി തീരുമാനമെടുത്തതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ ശക്തമായ ഇടപെടലുകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വാഹനങ്ങൾക്ക് ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ് വരുന്നുണ്ട്. ഒരു വാഹനം എടുത്താൽ ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ് സർക്കാരിനുതന്നെ വ്യക്തികൾക്ക് നൽകാവുന്നതാണ്. ആ വാഹനം കൊടുക്കുമ്പോൾ പുതിയ നമ്പർ പ്ലേറ്റ് തന്നെ മാറിയെടുക്കാൻ കഴിഞ്ഞാൽ സർക്കാരിന് എത്രയോ ലാഭമുണ്ടാക്കാം. അങ്ങനെ വരുമാനമുണ്ടാക്കാൻ കഴിയുമോയെന്ന് ആലോചിക്കണം.

കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകളെല്ലാം മറ്റൊരു കോർപ്പറേഷന് കീഴിലാക്കി മാറ്റണം. അതിൽ തൊഴിലാളികൾക്ക് തർക്കമുണ്ടെങ്കിലും അവരോട് പറഞ്ഞു മനസ്സിലാക്കണം. അങ്ങനെ രണ്ടോ മൂന്നോ കോർപ്പറേഷനുകളാക്കി മാറ്റിയാൽ കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ കഴിയും. അതിനുള്ള ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ : പ്ലീസ്.......പ്ലീസ്.

ശ്രീ. പി. സി. ജോർജ്: സർ, 15-ഉം 16-ഉം മിനിറ്റ് സമയം അനുവദിച്ച അംഗങ്ങൾപോലും മൂന്ന് മിനിറ്റ് അധികം എടുക്കുമ്പോൾ രണ്ട് മിനിട്ട് സമയം അനുവദിച്ച എനിക്ക് 43 സെക്കന്റ് കൂടുതലായപ്പോൾ അങ്ങ് 'പ്ലീസ്' എന്ന് പറയുന്നതിനോട് അഭിപ്രായ വ്യത്യാസമുണ്ട്. അങ്ങനെ പറയേണ്ടി വന്നതിൽ ക്ഷമ ചോദിക്കുന്നു.

വാഹന നികുതി വർദ്ധിപ്പിച്ചാലും കുഴപ്പമില്ലായെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇതുപോലെ അപകടങ്ങൾ ഉണ്ടായിട്ടുള്ള കാലഘട്ടം ഉണ്ടായിട്ടില്ല. ബാലഭാസ്കറിന്റെ മരണം ഉൾപ്പെടെ ഇവിടെ പറയുകയുണ്ടായി. അപകടം ഉണ്ടാകുന്നതിനുള്ള കാരണം എന്താണ്? അപകടങ്ങൾ നിയന്ത്രിക്കാൻ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന് ഉത്തരവാദിത്വമില്ലേ? വെഹിക്കിൾ ഡിപ്പാർട്ട്മെന്റാണ് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നതെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കിയിട്ടുണ്ട്. രാത്രികാലങ്ങളിൽ വാഹനങ്ങൾ പരിശോധിച്ച് തെറ്റുകളുണ്ടെങ്കിൽ കണ്ടുപിടിച്ച് തിരുത്തുവാനുമുള്ള നടപടിയിലേയ്ക്ക് പോകണം. അക്കാര്യത്തിൽ കർശനമായ നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ശബരിമല സീസണിൽ ഒരപകടം പോലുമില്ലാതെ വാഹനങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞത് വെഹിക്കിൾ ഡിപ്പാർട്ട്മെന്റിനുതന്നെയാണ്. പോലീസിന്റെ സഹായമില്ലാതെയാണ് വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് ചെയ്തത്. അവർക്ക് കഴിവുണ്ട്. അവരെക്കൂടി പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് അപകടരഹിത സംസ്ഥാനമായി കേരളത്തെ മാറ്റാൻ ഈ വകുപ്പിന് കഴിയണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

ശ്രീ. കെ. ദാസൻ: സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ലോക പ്രശസ്തനായ ഇറ്റാലിയൻ നവോത്ഥാന ചിത്രകാരൻ ലിയാനാർഡോ ഡാവിൻസിയുടെ പ്രസിദ്ധമായ ചിത്രമാണ് 'മൊണാലിസ'. മൊണാലിസയുടെ ചിരി ലോകമെമ്പാടുമുള്ള ചിത്ര കലാസ്വാദകരുടെ മനസ്സിൽ എക്കാലവും തങ്ങിനിൽക്കുന്നതാണ്. ഈ ചിത്രത്തെക്കുറിച്ച് ധാരാളം നിരൂപണങ്ങൾ പുറത്തുവന്നിട്ടുണ്ട്. അക്കൂട്ടത്തിൽ ഒരു നിരൂപകന്റെ വിലയിരുത്തൽ ഇങ്ങനെയാണ്; 'കടൽ നിറയെ മഷി കൊണ്ട് എഴുതിയാലും വിവരണാതീതമായി നിൽക്കുന്ന മൊണാലിസയുടെ ചിരി' എന്നാണ്. മൂന്നുവർഷക്കാലത്തെ പ്രവർത്തനംകൊണ്ട് ജനഹൃദയങ്ങളിൽ സ്ഥായീപ്രതിഷ്ഠ നേടിയ പിണറായി സർക്കാരിനെ വിശേഷിപ്പിക്കാൻ ആ നിരൂപകന്റെ വാക്ക് ഞാൻ കടമെടുക്കുകയാണ്. 'കടലോളം മഷികൊണ്ട് എഴുതിയാലും വിവരണാതീതമായി നിൽക്കുന്ന ഈ സർക്കാരിന്റെ വികസന നേട്ടങ്ങൾ'.

തീരദേശജനത ചരിത്രപരമായിട്ടുള്ള വൈവിദ്ധ്യമാർന്ന പിന്നോക്കാവസ്ഥയെ നേരിടുകയാണ്. കടലമ്മയോട് മല്ലടിച്ച് മക്കളുടെ കണ്ണുനീരൊപ്പാൻ പെടാപ്പാട് പെടുന്ന കടലിന്റെ മക്കൾ വികസനത്തിന്റെ മുഖ്യധാരയിൽനിന്ന് പുറംതള്ളപ്പെട്ടവരാണ്. എന്തുകൊടുത്താലും നന്നാവാത്ത കൂട്ടരെന്ന സമീപനമാണ് പൊതുവെ മുൻ ഗവൺമെന്റ് ഈ മേഖലയോട് വച്ചുപുലർത്തിയത്. ഇടതുപക്ഷ സർക്കാരുകളാണ് തീരദേശ ജനതയുടെ പട്ടിണിയും പരിവട്ടവും മാറ്റിത്തീർക്കുന്നതിനുവേണ്ടി പുതുമയാർന്ന പരിപാടികൾ ആവിഷ്കരിച്ചത്. സഖാവ് പിണറായി വിജയൻ നേതൃത്വം നൽകിയ സർക്കാർ പാർശ്വവൽക്കരിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

തീരദേശ ജനതയെ മുഖ്യധാരയിലേയ്ക്ക് കൈ പിടിച്ചുയർത്താൻ നടത്തിയ ഇടപെടലുകളും പ്രവർത്തനങ്ങളും തീരദേശത്തിന്റെ സ്വന്തം സർക്കാരായി ഈ സർക്കാരിനെ മാറ്റിത്തീർത്തിട്ടുണ്ട്. തീരദേശ ജനതയ്ക്കായി നടപ്പിലാക്കിയിട്ടുള്ള ബഹുമുഖ പ്രവർത്തനങ്ങളോടൊപ്പം ഇന്നലെ നടന്ന മന്ത്രിസഭായോഗത്തിന്റെ തീരുമാനവും അതിലുൾപ്പെടുന്നതാണ്. മഴക്കാലമാണിത്, കടലമ്മ കലിതുള്ളി നിൽക്കുന്ന കാലം. തീരദേശവാസികൾ ഭയത്തിന്റെ കരിമ്പടത്തിനുള്ളിൽ വിതുമ്പിയും വിങ്ങിയും കഴിയുന്ന നാളുകളിൽ, ഒറ്റയ്ക്കല്ല നിങ്ങൾ, ഈ സർക്കാർ ഒപ്പമുണ്ടെന്ന് പ്രഖ്യാപിച്ചുകൊണ്ട് അടിയന്തര കടലാക്രമണ പ്രതിരോധത്തിന് ഇരുപത്തിരണ്ടര കോടി രൂപ അനുവദിക്കാൻ ഇന്നലെ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചത് ഈ സർക്കാരിന്റെ കരുതലിന്റെ നേർചിത്രമാണ് അനാവൃതമാക്കുന്നത്. എന്റെ മണ്ഡലത്തിലെ അടിയന്തര പ്രവൃത്തിക്കുവേണ്ടി 14 ലക്ഷം രൂപ അനുവദിച്ച് ഇപ്പോൾ നിർമ്മാണം പൂർത്തീകരിച്ചിരിക്കുകയാണ്. ഇതുൾപ്പെടെ ഈ സർക്കാരെടുത്ത എല്ലാ തീരുമാനങ്ങളും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയത്തിന്റെ ഭാഗമായാണ് നടപ്പിലാക്കിയത്. തെരഞ്ഞെടുപ്പ് കാലത്ത് ഞങ്ങൾ പ്രകടന പത്രികയിലൂടെ ജനങ്ങളോട് അക്കമിട്ട് നിരത്തിയിട്ടുള്ള എല്ലാ വാഗ്ദാനങ്ങളും വള്ളിപോലും തെറ്റാതെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് മത്സ്യമേഖലയിലെ 40-ഓളം പരിപാടികൾ ഒന്നൊന്നായി നടപ്പിലാക്കി വരികയാണ്. കെ.എം.എഫ്.ആർ. നിയമത്തിൽ ഭേദഗതി വരുത്തി ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചത്, പൊതുജലാശയങ്ങളിൽ 640 ലക്ഷം മത്സ്യ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചത്, ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾ ആധുനികവത്കരിക്കാൻ 320 ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചത്, കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ സ്ഥാപിക്കാൻ 46.94 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കിയത്, മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് 50 മീറ്റർ പരിധിക്കകത്ത് ഭവനനിർമ്മാണത്തിന് സി.ആർ.ഇസഡ്. നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് അത് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചത് തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രമാണ്. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബി.പി.എൽ. റേഷൻ കാർഡ് ലഭ്യമാക്കുകവഴി പഞ്ഞമാസ കാലത്ത് പട്ടിണിയിൽ ആകുമായിരുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസത്തിന്റെ തണലൊരുക്കുകയും ചെയ്തു. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് 2700 രൂപ മാത്രമായിരുന്ന സമാശ്വാസ പദ്ധതി ഇന്ന് 4500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര വിഹിതം ലഭ്യമാകാതിരുന്നിട്ടുപോലും യഥാസമയം ധനസഹായമെത്തിച്ച് എൽ.ഡി.എഫ്. സർക്കാർ തീരദേശ ജനതയോടുള്ള പ്രതിബദ്ധത പ്രകടമാക്കിയിട്ടുണ്ട്. മത്സ്യബന്ധനത്തിനിടെ വള്ളവും വലയും മറ്റ് മത്സ്യബന്ധനോപകരണങ്ങളും നഷ്ടപ്പെടുന്നത് നിസ്സഹായതയോടെ നോക്കിനിന്നിരുന്ന മത്സ്യത്തൊഴിലാളികൾ, തങ്ങളുടെ ജീവനോപാധികൾ ഒന്നൊന്നായി കടലെടുക്കുന്നതുകണ്ട് നെഞ്ചുപൊട്ടി കരഞ്ഞവർക്ക് ആശ്വാസത്തിന്റെ പുതുകിരണങ്ങൾ സമ്മാനിച്ചുകൊണ്ട്, മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. പ്രതിസന്ധികളുടെ കാലത്ത് എങ്ങനെയെല്ലാം കൂടെനിൽക്കാമോ അങ്ങനെയെല്ലാം തീരദേശ ജനതയെ നെഞ്ചോട് ചേർത്തുപിടിച്ച സർക്കാരാണിത്. അരക്ഷിത ബോധത്താൽ ഭയചകിതനായ കുട്ടിയെ അമ്മ മാറോടണച്ച് ആശ്വസിപ്പിക്കുംപോലെ ഓഖി ദുരന്തകാലത്ത് സർക്കാർ ദുരിതബാധിതരെ മാറോടണച്ചു. ഓഖിയിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനുപുറമേ ആശ്രിതരായ 42 പേർക്ക് മുട്ടത്തറയിലെ ഫാക്ടറിയിൽ ജോലി നൽകുന്നതിനും മത്സ്യഫെഡ്ഡിനെക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിപ്പിക്കുകയുമുണ്ടായി. ഈ ഗണത്തിൽ വരുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ 318 പേർക്ക് ഡിഗ്രി തലംവരെ സൗജന്യ വിദ്യാഭ്യാസം നൽകുകയാണ് നമ്മുടെ സർക്കാർ. ഡിഗ്രി കഴിഞ്ഞ മക്കൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകളും സൗജന്യ പരിശീലനവും ഉറപ്പാക്കിയിട്ടുണ്ട്. മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് 6.76 കോടി രൂപയാണ് സർക്കാർ നഷ്ടപരിഹാരം നൽകിയത്. ഓഖി ദുരന്തത്തിൽപ്പെട്ടുഴലുന്ന തീരദേശവാസികൾക്ക് സഹായഹസ്തമായി മുന്നിട്ടിറങ്ങിയ സർക്കാരിനെ അവഹേളിക്കാനും കളിയാക്കാനുമാണ് നിങ്ങൾ ശ്രമിച്ചത്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് മങ്ങലേല്പിക്കാൻ ആരെയെല്ലാം കൂട്ടുപിടിക്കാമോ അവരെയെല്ലാം കൂട്ടുപിടിക്കുന്നതിന് നിങ്ങൾ ഒരു മടിയും കാണിച്ചില്ല. ദുരിതബാധിതരെ സന്ദർശിക്കാനെത്തിയ മുഖ്യമന്ത്രിയെ തടയുന്ന നിലവരെ നിങ്ങളുടെ നേതൃത്വത്തിൽ നടന്നു. തമിഴ്നാട്ടിൽനിന്നുൾപ്പെടെ ജീവൻ തിരിച്ചുകിട്ടിയവർ അനന്തപുരിയിൽവന്ന് മുഖ്യമന്ത്രിയെ കണ്ട് നന്ദി അറിയിക്കുകയും ഞങ്ങളുടെ കൺകണ്ട ദൈവമാണ് കേരളത്തിലെ മുഖ്യമന്ത്രിയെന്ന് ആശ്വാസത്തിന്റെ കണ്ണീർകണങ്ങളോടെ പറഞ്ഞപ്പോൾ നിങ്ങൾ കളിയാക്കൽ തുടർന്നു കൊണ്ടേയിരുന്നു. താല്ക്കാലികമായ നേട്ടം നിങ്ങൾ കൊയ്തിട്ടുണ്ടാകാം. പക്ഷേ നിങ്ങളുടെ മനസ്സിന്റെ ദുഷിപ്പ് ഇപ്പോൾ തീരദേശ ജനത തിരിച്ചറിയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2018-ലെ സമാനതകളില്ലാത്ത പ്രളയവും 2017-ലെ ഓഖിയും കേരള ജനതയുടെ മനസ്സിൽ മായാത്ത മുറിവായി കിടക്കുന്ന സംഭവമാണ്. 2004-ൽ കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോഴാണ് സുനാമിയുണ്ടായത്. മുന്നൂറോളം ആളുകളുടെ ജീവനാണ് അന്ന് പൊലിഞ്ഞുപോയിട്ടുള്ളത്. തീരദേശത്ത് വ്യാപകമായ നാശം വിതച്ചാണ് സുനാമി കടന്നുപോയത്. അന്ന് അധികാരത്തിലിരുന്ന നിങ്ങൾ എന്ത് ചെയ്തുവെന്ന് തീരദേശ ജനങ്ങൾക്കറിയാവുന്നതാണ്. നിങ്ങളുടെ വഞ്ചനാത്മകമായ നിലപാടിന് അവർ നൽകിയ ചുട്ട മറുപടികൂടിയാണ് പിണറായി സർക്കാർ. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതോടെ ചിതറിക്കിടക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് തീരമൈത്രി എന്നൊരു പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. ആ പദ്ധതി ഇപ്പോൾ ജീവനോപാധികൾ ഒരുക്കുന്നതിൽമാത്രം ഒതുങ്ങി നിൽക്കുന്നില്ല. അതിൽനിന്നും വ്യത്യസ്തമായി സ്ത്രീകളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കൽ, നൈപുണ്യ വികസനം മുതലായ നവീന പരിപാടികൾക്കുകൂടി ഊന്നൽ നൽകിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പദ്ധതി വിജയകരമാക്കാൻ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെ നേതൃത്വത്തിൽ വലിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുകൊണ്ട് ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നുള്ള ശുഭാപ്തി വിശ്വാസത്തിലാണ് ഗവൺമെന്റ് നിൽക്കുന്നത്. വിവിധതരം സാമ്പത്തിക ചൂഷണത്തിന് വിധേയമാകുന്ന ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവർക്ക് വായ്പ നൽകുന്നവരുടെ ചൂഷണമാണ് ഇക്കൂട്ടത്തിൽ പ്രധാനം. പ്രവർത്തന മൂലധനമില്ലാത്തതാണ് മിക്ക മത്സ്യത്തൊഴിലാളികളും കടബാധ്യതരാകാൻ ഇടയാകുന്നത്. അത് തിരിച്ചറിഞ്ഞതുകൊണ്ടാണ് തീരമൈത്രി പദ്ധതിവഴി പലിശരഹിത വായ്പ നൽകാൻ സർക്കാർ തയ്യാറായത്. പലിശരഹിത റിവോൾവിംഗ് ഫണ്ടിന് ഒരു ലക്ഷം രൂപവരെ ഗുണഭോക്താക്കൾക്ക് സർക്കാർ നൽകിവരുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായത്തിൽ വൻ കുതിച്ചുചാട്ടമാണ് ഈ സർക്കാർ വരുത്തിയത്. ഉദാഹരണത്തിന്, ഭവനനിർമ്മാണം 2 ലക്ഷം രൂപയിൽനിന്നും 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസും അനുബന്ധ തൊഴിലാളികളുടെ ഇൻഷ്വറൻസും 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. മത്സ്യത്തൊഴിലാളി പെൻഷൻ 600 രൂപയിൽനിന്ന് ഇരട്ടിയായി വർദ്ധിപ്പിച്ച് 1200 രൂപയാക്കി. 2019-2020 വർഷത്തെ ബഡ്ജറ്റിൽ തീരദേശവികസനങ്ങൾക്കായി 1000 കോടി രൂപയിലേറെ മാറ്റിവച്ചു, നേരത്തെ മാറ്റിവച്ചിരുന്ന 2000 കോടി രൂപയും ചേർത്ത്

LIBRARY ARCHIVES Kerala Legislative Assembly

3000 കോടി രൂപയുടെ തീരദേശ വികസനമാണ് ഇവിടെ നടക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് തീരദേശവാസികളുടെ പുനരധിവാസമാണ്. അതിന് അടിയന്തരമായി 100 കോടി രൂപ ഇതിനകം വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. 200 മീറ്റർ എന്ന പരിധിക്കുപുറത്തേയ്ക്ക് മാറി താമസിക്കാൻ സന്നദ്ധരാകുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീടുവച്ച് കൊടുക്കാൻ 10 ലക്ഷം രൂപ ധനസഹായം നൽകുന്നതുൾപ്പെടെ തീരദേശ മേഖലയുടെ സമഗ്ര പുരോഗതിക്ക് വഴിവിളക്കായിമാറുന്ന നിരവധി നിർദ്ദേശങ്ങളടങ്ങിയതാണ് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ്.

അടുത്തതായി ഗതാഗത മേഖലയെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. സുപ്രീംകോടതി വിധിയെത്തുടർന്ന് കേരളത്തിൽ നടപ്പാക്കാൻ തീരുമാനിച്ചതാണ് ജി.പി.എസ്. സമ്പ്രദായം (Global Positioning System). ഏതാണ്ട് 30 ലക്ഷത്തോളം വാഹനങ്ങൾ കേരളത്തിലുണ്ടെന്നാണ് കണക്ക്. ജി.പി.എസ്. ഘടിപ്പിക്കുക എന്നുള്ളത് കോടതിവിധിയാണെങ്കിലും അത് നടപ്പാക്കുന്നതിൽ ആരും എതിര് നിൽക്കുമെന്ന് തോന്നുന്നില്ല. എന്നാൽ ഒറ്റയടിക്ക് അത് നടപ്പാക്കുമ്പോൾ തൊഴിലാളികൾക്ക് ചില പ്രയാസങ്ങൾ നേരിടുമെന്നുള്ളത് സ്വാഭാവികമാണ്. സർക്കാർ ഉടമസ്ഥതയിലുള്ള കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് ജി.പി.എസ്. വാങ്ങുന്നതിനും അത് നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. ഇതുമായി ബന്ധപ്പെട്ട് തൊഴിലാളി യൂണിയനുകളെ വിളിച്ച് ചർച്ച ചെയ്ത് അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കെ.എസ്.ആർ.ടി.സി. ഇന്ന് ഏതാണ്ട് ലാഭകരമായി മാറുകയാണ്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കിയ കാര്യം വലിയ വാർത്തയായിട്ടൊന്നും ഇന്ന് പല മാധ്യമങ്ങളും കൊണ്ടുനടന്നിട്ടില്ല. എന്നാൽ അടുത്തകാലത്ത് ഒരു സിനിമ 100 കോടി രൂപയുടെ വരുമാനമുണ്ടാക്കിയപ്പോൾ കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങളെല്ലാം വലിയ അക്ഷരത്തിലുള്ള തലക്കെട്ട് കൊടുത്താണ് അത് പ്രചരിപ്പിച്ചത്. എത്രയോ കാലമായി നഷ്ടത്തിൽനിന്ന് നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന ഈ പൊതുമേഖലാ സ്ഥാപനത്തെ ലാഭകരമാക്കി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്ന് ജീവനക്കാർക്ക് ആ മേഖലയിൽനിന്നും ശമ്പളം കൊടുക്കാൻ തീരുമാനിച്ചപ്പോൾ മുഖ്യധാരാ മാധ്യമങ്ങൾ അത് പ്രചരിപ്പിക്കാൻ മടികാണിച്ചു എന്നുള്ളതും നാം കാണേണ്ടതായിട്ടുണ്ട്.

റോഡ് ഗതാഗതംപോലെ ഏറ്റവും പ്രധാനമാണ് ജല-റെയിൽ ഗതാഗത സംവിധാനങ്ങൾ. കേരളത്തിന്റെ ഗതാഗത മേഖലയിൽ വലിയ പൊളിച്ചെഴുത്ത് നടത്തിക്കൊണ്ട് കോവളം മുതൽ ബേക്കൽ വരെ 585 കിലോമീറ്റർ ദൈർഘ്യമുള്ള ജലപാത ഒരുക്കാനുള്ള തയ്യാറെടുപ്പ് സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരള വാട്ടർവെയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ജലപാത നിർമ്മാണത്തിന്റെ ചുമതല ഏറ്റെടുത്തുകഴിഞ്ഞിരിക്കുന്നു. 2020-ഓടെ ജലപാത പൂർത്തീകരിക്കപ്പെടുന്ന ധന്യനിമിഷങ്ങൾ കേരളത്തിന്റെ വികസന കുതിപ്പിന് പുതിയ പൊൻതൂവൽ ചാർത്തും. റെയിൽ ഗതാഗത മേഖലയിൽ നവീനമായ പദ്ധതിക്ക് തുടക്കമിടുകയാണ്. തിരുവനന്തപുരത്തുനിന്നും നാല് മണിക്കൂർകൊണ്ട് കാസർഗോഡ് എത്താവുന്നത്ര വേഗതയിലുള്ള ട്രെയിനുകൾ ഓടിക്കാൻ പാകത്തിൽ പുതിയൊരു സമാന്തര എലിവേറ്റഡ് ഗ്രീൻ ഫീൽഡ് റെയിൽപ്പാതയുടെ നിർമ്മാണം 2020-ൽ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ തയ്യാറായി വരുന്നുണ്ട്. ഇതുസംബന്ധിച്ചുള്ള പഠനം പൂർത്തീകരിച്ചുകഴിഞ്ഞു. ഏതാണ്ട് 55000 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി നടപ്പിലാകുന്നതോടുകൂടി നിലവിൽ ഗതാഗത മേഖലയിൽ അനുഭവപ്പെടുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാകും. ദൈവം തമ്പുരാൻ ഇറങ്ങിവന്നാലും കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താൻ കഴിയില്ലെന്നാണ് നിങ്ങൾ വിധിയെഴുതിയത്. ആർക്കും ഇതിനെ രക്ഷപ്പെടുത്താൻ കഴിയില്ലെന്ന് അന്നത്തെ ഗതാഗത വകുപ്പുമന്ത്രി ഈ സഭയിൽ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ മൂന്ന് വർഷക്കാലത്തെ ശ്രമകരമായ പ്രവർത്തനങ്ങൾക്കൊടുവിൽ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ തുടങ്ങിയിരിക്കുന്നു. പുനരുദ്ധാരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾവഴി 2019 ജനുവരി മാസത്തിൽ ജീവനക്കാരുടെ ശമ്പളം കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം ഫണ്ടിൽനിന്ന് നൽകാൻ സാധിച്ചുവെന്നത് ചരിത്രനേട്ടമാണ്.

സർവ്വതലസ്പർശിയും സാമൂഹ്യനീതിയിൽ അധിഷ്ഠിതവുമായ വികസനമാണ് പിണറായി സർക്കാരിന്റെ ലക്ഷ്യം. അത് കൈവരിക്കുന്നതിന് അഴിമതിരഹിതമായ നേതൃത്വവും ഉദ്യോഗസ്ഥവൃന്ദവും ഉണ്ടാകണം. ഒരഴിമതിക്കാരും രക്ഷപ്പെടാൻ പോകുന്നില്ലെന്ന വ്യക്തമായ സന്ദേശം നൽകിയാണ് ഈ സർക്കാർ മുന്നേറുന്നത്. അഴിമതിയുടെ ലാഞ്ചന തൊട്ടുതീണ്ടിയിട്ടില്ലാത്ത മുഖ്യമന്ത്രിയും മന്ത്രിമാരുമാണ് കേരളത്തിന്റെ ഭരണചക്രം തിരിക്കുന്നതെന്ന് അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാൻ ഞങ്ങൾക്ക് കഴിയും. അഴിമതിയുടെ ചെളിക്കുണ്ടിൽ അഭിരമിച്ച് കഴിഞ്ഞ മന്ത്രിപുംഗവന്മാർ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടുവാണിരുന്ന ഭൂതകാലം മലയാളമനസ്സ് മറക്കാറായിട്ടില്ല. മൂന്ന് വർഷംമുമ്പ് കേരളത്തിലധികാരത്തിലിരുന്ന യു.ഡി.എഫ്. സർക്കാർ മലയാളികളെ അവഹേളിതമാക്കിയെങ്കിൽ ആത്മാഭിമാനം വീണ്ടെടുത്ത് നട്ടെല്ലുയർത്തി ഞാൻ മലയാളിയാണെന്ന അഭിമാനത്തോടുകൂടി വിളിച്ചുപറയാൻ കെൽപ്പുള്ളവരാക്കി എന്നതാണ് പിണറായി സർക്കാരിന്റെ നേട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം.

മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം ഫണ്ടിൽനിന്ന് ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പാകത്തിൽ ആ സ്ഥാപനത്തെ ഉയർത്തിയപ്പോൾ ചില സ്ഥലങ്ങളിൽ വാഹനങ്ങൾ നഷ്ടത്തിലോടുന്നു എന്നുള്ള കാരണം പറഞ്ഞ് റൂട്ട് ക്യാൻസലാക്കിയിട്ടുണ്ട്. ആ റൂട്ടുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചില റൂട്ടുകളിൽ പുതിയ ബസ് സർവ്വീസുകൾ നടത്തേണ്ടതായിട്ടുണ്ട്. കൊയിലാണ്ടി മണ്ഡലത്തിൽനിന്ന് വയനാട്ടിലെ മാനന്തവാടിയിലേയ്ക്ക് പോകാൻ പേരാമ്പ്ര, കുറ്റ്യാടി വഴി ഒരു കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആവശ്യമാണ്. ജീവനക്കാർക്ക് മാനന്തവാടിയിലേയ്ക്ക് പോകാനും തിരിച്ചുവരാനും അത് വളരെ പ്രയോജനകരമാണ്. അത്തരമൊരു ബസ് സർവ്വീസിന് അംഗീകാരം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കേണ്ടതുണ്ട്.

എന്റെ മണ്ഡലത്തിൽനിന്ന് വടകര എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് പോകാനുള്ള കുട്ടികളുടെ പ്രയാസം കണക്കിലെടുത്ത് പള്ളിക്കര-കീഴൂർ- അട്ടക്കുണ്ട് വഴി മണിയൂരിലേയ്ക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കാനാവശ്യമായ തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, 2019-20 സാമ്പത്തികവർഷത്തേയ്ക്കുള്ള മത്സ്യബന്ധനം, ഗതാഗതം, വാഹന നികുതി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരള ജനതയ്ക്ക് താങ്ങും തണലുമായിനിന്നുകൊണ്ട് കഴിഞ്ഞ മൂന്ന് വർഷക്കാലം പിണറായി സർക്കാർ നടത്തിയ പ്രവർത്തനം വളരെ പ്രശംസനീയമാണ്. ഈ കാലയളവിൽ 2017-ലെ ഓഖിയും 2018-ലെ പ്രളയവുമായി രണ്ട് പ്രകൃതിദുരന്തങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ട്. ഓഖി ദുരന്തം കേരളത്തിന്റെ തീരദേശമേഖലയെ വല്ലാതെ കുഴപ്പിച്ചതാണ്. നിരവധി മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടത് തീരദേശജനതയ്ക്ക് വലിയ ആഘാതമാണ് ഏല്പിച്ചത്. അതുമായി ബന്ധപ്പെട്ട് മരണപ്പെട്ടതും കാണാതായതുമായ മത്സ്യത്തൊഴിലാളികൾക്ക് 20 ലക്ഷം രൂപയാണ് ഈ സർക്കാർ നൽകിയത്. തമിഴ്നാട്ടിൽ ഈ സംഭവമുണ്ടായപ്പോൾ അവർ പറഞ്ഞത് കേരളത്തെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുപഠിക്കണമെന്നാണ്. കാരണം, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ദീർഘകാലം പഠിക്കാനുള്ള സംവിധാനമാണ് ഈ ഗവൺമെന്റ് ഏർപ്പെടുത്തിയത്. മാത്രമല്ല, ആ മേഖലയിൽ പുതിയ പാക്കേജുകൾ പ്രഖ്യാപിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

കൊച്ചിയിലെ ചെല്ലാനം ഒരു മത്സ്യഗ്രാമമാണ്. ചെറിയൊരു കാറ്റ് ഉണ്ടായാൽപ്പോലും കടൽ കയറുന്ന പ്രദേശമാണത്. അവിടെ കഴിഞ്ഞ പത്തുമുപ്പത് വർഷങ്ങളായി കടൽഭിത്തിയുടെയുംമറ്റും നിർമ്മാണങ്ങളൊന്നും നടക്കുന്നില്ലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും ഇറിഗേഷൻ വകുപ്പുമന്ത്രിയും ഇടപെട്ടുകൊണ്ട് കടൽഭിത്തി സംരക്ഷിക്കാനുള്ള ഒരു പരിപാടി തയ്യാറാക്കുകയുണ്ടായി. എന്നാൽ അത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചില്ല. വർഷകാലം പിടിപെട്ടപ്പോൾ ചെല്ലാനം ഉൾപ്പെടെ കേരളത്തിന്റെ എല്ലാ ഭാഗത്തും വെള്ളം കയറി. അവിടെ ജനങ്ങൾക്ക് താമസിക്കാൻ പറ്റിയ സാഹചര്യമല്ല ഇപ്പോഴുള്ളത്. അതുകൊണ്ട് ചെല്ലാനത്തെ പ്രത്യേക പാക്കേജിൽ പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 2018-ൽ പ്രളയമുണ്ടായപ്പോൾ കേരള ജനത ഒന്നായി നിന്നതുകൊണ്ട് നിരവധി മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു. കേരളത്തിൽ കാസർഗോഡും തിരുവനന്തപുരവും ഒഴിച്ചുള്ള എല്ലാ ജില്ലകളിലും വെള്ളം കയറി. എറണാകുളമാണ് ഏറ്റവും കൂടുതൽ വെള്ളം കയറിയ ജില്ല. ജനം ഞെട്ടിവിറച്ചുനിൽക്കുമ്പോൾ കേരളത്തിലെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ നിങ്ങൾ വിഷമിക്കേണ്ട; നിങ്ങളോടൊപ്പം സർക്കാരുണ്ട് എന്നുപറഞ്ഞുകൊണ്ട് അവർക്ക് ആത്മധൈര്യം കൊടുത്തു. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ താമസിച്ചവർ തിരിച്ച് വീടുകളിലേയ്ക്ക് പോകുമ്പോൾ അവർക്ക് ഈ ഗവൺമെന്റ് താൽക്കാലിക സംവിധാനത്തിൽ താമസിക്കാൻ 10,000 രൂപവീതം കൊടുത്തു. വീടുകൾ നഷ്ടപ്പെട്ടവരുടെ വീടുപണികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ 1000 വീടുകളുടെ പദ്ധതി പൂർത്തിയാക്കിക്കൊണ്ട് പറവൂരിൽ മുഖ്യമന്ത്രി താക്കോൽദാനം നിർവ്വഹിച്ചു. ഈ പ്രളയത്തിൽ നമുക്കുണ്ടായിട്ടുള്ളത് വലിയ നഷ്ടമാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇവിടെ വന്നുകണ്ടിട്ട് തുച്ഛമായ തുകയാണ് തന്നത്. അക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് രാഷ്ട്രീയം കാണുകയും യു.എ.ഇ. ഗവൺമെന്റ് നമുക്ക് തരാമെന്നുപറഞ്ഞ പൈസ ലഭ്യമാക്കാനും സമ്മതിച്ചില്ല. കേരളംപോലുള്ള സംസ്ഥാനങ്ങളിൽനിന്ന് നിരവധി ആൾക്കാർ യു.എ.ഇ.-യിലും മറ്റുംപോയി കഷ്ടപ്പെട്ട് പണിയെടുത്ത് സമ്പാദിക്കുന്നതിനോടൊപ്പംതന്നെ ആ നാടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാകുകയും ചെയ്യും. അതുകൊണ്ടാണ് അവർ സഹായിക്കാൻ മുന്നോട്ടുവന്നത്. അങ്ങനെയുള്ള രാഷ്ട്രീയ പകപോക്കൽ ബി.ജെ.പി. കേരളത്തോടുകാണിച്ചു. നമ്മുടെ മന്ത്രിമാർ നാനാരാജ്യങ്ങളിലെ മലയാളികളോട് സംഭാവന അഭ്യർത്ഥിക്കാൻ പോയപ്പോൾ അത് നിഷേധിക്കുകയാണ് ബി.ജെ.പി. ഗവൺമെന്റ് ചെയ്തത്. ആ ബി.ജെ.പി.-യോടൊപ്പം തന്നെയാണ് കോൺഗ്രസും. കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി കേരള ജനതയോട് നിങ്ങളുടെ ഒരു മാസത്തെ ശമ്പളം സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് തരാൻ പറയുകയും അതിലൂടെ നമുക്ക് കേരളത്തെ പുനർനിർമ്മിക്കണമെന്നും പറഞ്ഞപ്പോൾ എല്ലാ ജീവനക്കാരും തയ്യാറായി വന്നു. പക്ഷെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. ഉമ്മൻ ചാണ്ടിയുൾപ്പെടെയുള്ളവർ യു.ഡി.എഫ്.-ന്റെ സർവ്വീസ് സംഘടനകളെക്കൊണ്ട് ശമ്പളം കൊടുപ്പിക്കില്ലായെന്ന് പരസ്യമായി പറഞ്ഞു. കേരളത്തിലെ വികസനത്തെപ്പറ്റി എല്ലാവരും ഒറ്റക്കെട്ടായി നിന്ന് പറയുമ്പോൾ അവരുടെ സമീപനം ഇങ്ങനെയെന്നാണ് നാം മനസ്സിലാക്കേണ്ടത്.

അതുപോലെതന്നെ കേരളത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് കൊച്ചുകുട്ടികൾ അവരുടെ കുടുക്ക പൊട്ടിച്ച പൈസ മുതൽ നാനാമേഖലയിൽനിന്നുള്ള ആളുകൾവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകിയ വിവരം നമുക്കറിയാം. കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി മുഖ്യമന്ത്രി അഭ്യർത്ഥിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് ജനങ്ങൾ നിന്നകാര്യം നമുക്കറിയാം. അതുപോലെ കേരളത്തിന്റെ വികസനത്തിനാവശ്യം കിഫ്ബി എന്നാണ് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് വിവരിക്കുന്നത്. കേരളത്തിന്റെ വികസനം ഒരുപാട് മുന്നോട്ടുകൊണ്ടുപോകേണ്ടതും നിരവധി വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതുമുണ്ട്. അതിന് കിഫ്ബിയിലൂടെ ഫണ്ട് സമാഹരിച്ച് വികസന പ്രവർത്തനങ്ങൾക്ക് കൊടുക്കാൻ കഴിയും. ഇപ്പോൾ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ഇന്റർനാഷണൽ നിലവാരത്തിൽ സ്കൂളുകൾ പണിയാൻ ഫണ്ട് കൊടുത്തിരിക്കുകയാണ്. പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.-മാരിൽ കിഫ്ബിയെ ആക്ഷേപിച്ചവരുണ്ട്. അവരുടെ മണ്ഡലങ്ങളിലും കിഫ്ബി ഉപയോഗിച്ചുള്ള പണംകൊണ്ട് പണി നടക്കുകയാണ്. അതിനെ അവർ എതിർക്കുന്നില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞതും കിഫ്ബിയിലേയ്ക്ക് പണം സംഭരിക്കാൻവേണ്ടി മുഖ്യമന്ത്രി വിദേശത്തുപോയി. കിഫ്ബിയിലേയ്ക്ക് സംഭരിക്കുന്ന പണം കേരളത്തിന്റെ വികസനമാണ്, ഈ നാടിന്റെ വികസനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനെയെല്ലാം എതിർത്തവരാണിവർ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വികസനമെന്തായിരുന്നു? ഒരു ചലച്ചിത്രം പിടിക്കുമ്പോൾ അതിന്റെ കളക്ഷൻ വരുന്നത് 100 കോടി ക്ലബ്ബ്, 200 കോടി ക്ലബ്ബ് എന്നൊക്കെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ മന്ത്രിമാരെല്ലാം 100 കോടി ക്ലബ്ബിൽ കടന്നുവെന്നാണ് പത്രങ്ങൾ പറയുന്നത്. ഈ പ്രോഗ്രസ് റിപ്പോർട്ട് (റിപ്പോർട്ട് ഉയർത്തിക്കാണിക്കുന്നു) സഖാവ് പിണറായി വിജയൻ കഴിഞ്ഞ 10-ാം തീയതി പ്രസിദ്ധീകരിച്ചതാണ്. എൽ.ഡി.എഫ്. തെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ ജനങ്ങളുടെ മുന്നിൽ വയ്ക്കുന്ന കുറേ കാര്യങ്ങളുണ്ട്. ഓരോ വർഷവും അതിന്റെ പ്രോഗ്രസ് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നുവെന്നുള്ളതാണ്. അതാണ് പ്രോഗ്രസ് റിപ്പോർട്ട്. ആ റിപ്പോർട്ടിനെ ആക്ഷേപിച്ചവർക്ക് എന്ത് ചെയ്യാൻ കഴിയും?

യു.ഡി.എഫ്.-ന് അവരുടെ ഭരണകാലത്തുള്ള പ്രോഗ്രസ് റിപ്പോർട്ട് വയ്ക്കാൻ കഴിയുമോ; വയ്ക്കാൻ കഴിയുമെങ്കിൽ ഒന്നാമത്തെ പ്രോഗ്രസ് റിപ്പോർട്ട് സോളാറുമായി ബന്ധപ്പെട്ട് സരിത വയ്ക്കേണ്ടതായിരിക്കും. ഒരു വനിതാ വ്യവസായി വ്യവസായവുമായി ബന്ധപ്പെട്ട് സമീപിച്ചപ്പോൾ അവരുടെ പണവും മാനവും പോയി. രണ്ടാമത്തെ പ്രോഗ്രസ് റിപ്പോർട്ട്, ബാർ കോഴ സംബന്ധിച്ചാണ്. ഇപ്പോൾ അവരുടെ പ്രോഗ്രസ് പാലാരിവട്ടം പാലം വരെ എത്തിയിരിക്കുന്നു. അടുത്ത പ്രോഗ്രസ് റിപ്പോർട്ട് കുട്ടികളെ പഠിപ്പിക്കാൻവേണ്ടി വിദ്യാഭ്യാസ ലോണെടുത്ത മാതാപിതാക്കളുടെ ആത്മഹത്യ സംബന്ധിച്ച് എഴുതിവയ്ക്കേണ്ടിവരും. ഈ ഗവൺമെന്റിന്റെ കാലത്ത് കർഷക ആത്മഹത്യയില്ല. മറ്റൊന്ന് രണ്ടരക്കൊല്ലത്തെ ക്ഷേമ പെൻഷൻ കുടിശ്ശിക ഇവരുടെ പ്രോഗ്രസ് റിപ്പോർട്ടിൽ എഴുതിവയ്ക്കേണ്ടി വരും എന്നതാണ്. ഇതാണ് യു.ഡി.എഫ്.-ന്റെ പ്രോഗ്രസ് റിപ്പോർട്ട്. അതുകൊണ്ട് ഈ ഗവൺമെന്റ് ചെയ്യുകാര്യങ്ങൾ, ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങൾ പാലിക്കുന്ന ആ പ്രോഗ്രസ് റിപ്പോർട്ട് നിങ്ങൾ വായിച്ചുനോക്കണം. അതിൽ എന്തെങ്കിലുമുണ്ടെങ്കിൽ തുറന്നുപറയണം, അതാണ് നിങ്ങൾ ചെയ്യേണ്ടത്; അല്ലാതെ ആക്ഷേപിക്കുകയല്ല വേണ്ടത്.

കഴിഞ്ഞദിവസം ഞാൻ പത്രത്തിൽ ഒരു വാർത്ത വായിച്ചു. 73 വയസ്സുള്ള രാധയെന്ന് പറയുന്ന ഒരു അമ്മൂമ്മ അവരുടെ കൊച്ചുമകനോട് 'മോനേ, എന്റെ പെൻഷൻ കിട്ടി, എനിക്ക് സന്തോഷമായി, എന്റെ അമ്മയുടെ കാലത്ത് ഇതൊന്നുമില്ലായിരുന്നു, പണ്ടൊക്കെ പെൻഷൻ വല്ലപ്പോഴും മാത്രമേ കിട്ടുമായിരുന്നുള്ളൂ, ഇപ്പോൾ കൃത്യമായി കിട്ടുമെന്ന് എനിക്കുറപ്പായി' എന്ന് പറയുകയാണ്. ക്ഷേമപെൻഷന്റെ കാര്യത്തിൽ ഈ നാട്ടിലെ ഒരു അമ്മൂമ്മ പറയുന്നതാണ്. കൃത്യമായി ക്ഷേമപെൻഷൻ കൊടുക്കാൻ കഴിഞ്ഞ ഒരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റാണിത്. പ്രോഗ്രസ് റിപ്പോർട്ടിനെക്കുറിച്ച് ആക്ഷേപിക്കുന്നവർ മനസ്സിലാക്കേണ്ട ഒരു പ്രധാന കാര്യമാണത്. ലോഹിതദാസ് തിരക്കഥയെഴുതിയ ഭരതൻ സംവിധാനം ചെയ്ത മമ്മൂട്ടിയും മുരളിയും അഭിനയിച്ച ഒരു സിനിമയുണ്ട്. അത് കേരളത്തിലെ കടലിന്റെ കഥപറയുന്ന സിനിമയാണ്. കടലിന്റെ കഥപറയുന്ന വേറെയും സിനിമകളിറങ്ങിയിട്ടുണ്ട്. പക്ഷെ, ഇത് ഒരു മത്സ്യത്തൊഴിലാളി അവന്റെ അമ്മയില്ലാത്ത മകളെ വളർത്തുകയാണ്. ആ കുട്ടിയെ ഡോക്ടറാക്കണമെന്നതാണ് ആ മത്സ്യത്തൊഴിലാളിയുടെ ആഗ്രഹം. കടപ്പുറത്തിന്റെ സാഹചര്യവും ജീവിതരീതിയുംകൊണ്ട് ആ കുട്ടിക്ക് പത്താംക്ലാസ്സിനപ്പുറത്തേയ്ക്ക് കടക്കാൻ കഴിഞ്ഞില്ല. അങ്ങനെ വേദനിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മനസ്സ് ഇപ്പോൾ പ്രായോഗികമാക്കിയത് നമ്മുടെ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയാണ്. ഏറ്റവും നന്നായി പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ബ്രില്യന്റ് പോലുള്ള കോച്ചിംഗ് സെന്ററിൽ സൗജന്യമായി എൻട്രൻസ് കോച്ചിംഗ് നൽകി. 2017-18-ൽ 46 കുട്ടികളെയാണ് കോച്ചിംഗിന് അയച്ചത്. അതിൽ നീറ്റ് പരീക്ഷയെഴുതിയ 8 കുട്ടികൾക്ക് എം.ബി.ബി.എസ്.-ന് മെരിറ്റിൽ അഡ്മിഷൻ ലഭിച്ചു. ബാക്കി കുട്ടികൾക്ക് ബി.ഡി.എസ്., ഹോമിയോ, ആയുർവ്വേദം തുടങ്ങിയ കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുകയും ചെയ്തു. കടപ്പുറത്തെ ജനങ്ങളുടെ വേദന മനസ്സിലാക്കി മത്സ്യത്തൊഴിലാളികളുടെ മക്കളും ഉന്നത നിലവാരത്തിലേയ്ക്ക് ഉയരണം എന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് ഇത്തരം നടപടികൾ സ്വീകരിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. 2018-19-ൽ 56 കുട്ടികളാണ് പരീക്ഷ എഴുതിയിരിക്കുന്നത്. ഈ വർഷവും എൻട്രൻസ് കോച്ചിംഗ് നൽകാനുള്ള കുട്ടികളുടെ അപേക്ഷ ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്.

മത്സ്യത്തൊഴിലാളി മേഖലയിൽ തീരദേശ അടിസ്ഥാന സൗകര്യങ്ങൾക്ക് 103 കോടി രൂപയും തീരദേശ റോഡുകളുടെ വികസനത്തിന് 200 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മത്സ്യഫെഡിന് 100 കോടി രൂപയാണ് അടിയന്തരമായി അനുവദിച്ച് നൽകിയിട്ടുള്ളത്. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിന് സംസ്ഥാനത്താദ്യമായി പദ്ധതിയാവിഷ്കരിച്ച് കുടുംബം ഒന്നിന് 6 ലക്ഷം രൂപ നിരക്കിൽ 3 സെന്റ് ഭൂമിവരെ വാങ്ങുന്നതിന് 48 കോടി രൂപയാണ് അനുവദിച്ചത്. ആദ്യഘട്ടത്തിൽ 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു. കടലാക്രമണത്തിൽ ഭൂമി മുഴുവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി തിരുവനന്തപുരം

മുട്ടത്തറയിൽ 18 കോടി രൂപ ചെലവിൽ 540 ചതുരശ്ര വിസ്തീർണ്ണത്തിൽ 197 ഫ്ലാറ്റുകളടങ്ങുന്ന വലിയ സമുച്ചയം നിർമ്മിച്ചുകൊടുത്തു. അടിസ്ഥാനവർഗ്ഗമായ മത്സ്യത്തൊഴിലാളികൾക്ക് ചെയ്തിട്ടുള്ള പ്രധാനകാര്യങ്ങളിൽ ഒന്നാണിത്. ഓഖി ദുരന്തബാധിതരുടെ മക്കൾക്ക് പഠിക്കാനുള്ള ചെലവുകൾ മുഴുവൻ സർക്കാർ വഹിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള ടൺ കണക്കിന് മാലിന്യം നീക്കംചെയ്യുന്ന 'ശുചിത്വ സാഗര പദ്ധതി' ലോകശ്രദ്ധ പിടിച്ചുപറ്റിയതാണ്. ഐക്യരാഷ്ട്ര സംഘടനയുടെയും വേൾഡ് ഇക്കണോമിക് ഫോറത്തിന്റെയും പ്രത്യേക പരാമർശം ഫിഷറീസ് വകുപ്പിന് നേടിയെടുക്കാൻ സാധിച്ചുവെന്നതാണ് ഏറ്റവും പ്രധാനം. മത്സ്യമേഖലയിലെ പുതിയ തലമുറയ്ക്ക് അവസരം ലഭിക്കണമെങ്കിൽ ഏക പോംവഴി വിദ്യാഭ്യാസമാണ്. സാധാരണഗതിയിലുള്ള വിദ്യാഭ്യാസ പ്രോത്സാഹന നടപടികൾ കൊണ്ടുമാത്രം ഇത് കൈവരിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കി പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ഉറപ്പാക്കും. 'വിദ്യാതീരം' പദ്ധതിയിലുൾപ്പെടുത്തി പ്രത്യേക പരിശീലനം നൽകിയതിന്റെ ഫലമായി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 30-ൽപ്പരം ഡോക്ടർമാർ ഉൾപ്പെടെയുള്ളവർ പ്രൊഫഷണൽ കോഴ്സുകളിൽ വന്നു എന്നുള്ളത് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകുന്നുവെന്ന് നമുക്കറിയാം. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സംസ്ഥാനാന്തര ബസ് ലോബിയെ കടിഞ്ഞാണിടണം. ഇത്തരം ബസ്സുകളിൽ യാത്രാനിരക്ക് ഏകീകരണം, ബസ്സുകളുടെ അമിതവേഗം നിയന്ത്രിക്കാൻ വേഗപ്പൂട്ട്, ജി.പി.എസ്. എന്നിവ നിർബന്ധമാക്കി സംസ്ഥാന സർവ്വീസ് ഏറ്റവും മികച്ചതും പ്രധാനവുമാക്കണം. സ്വകാര്യ ബസ്സുകളുൾപ്പെടെയുള്ള പൊതുഗതാഗത വാഹനങ്ങൾക്ക് ഡ്രൈവർ നിയന്ത്രിക്കുന്ന വാതിലുകൾ സ്ഥാപിക്കണമെന്ന് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. കെ. ജെ. മാക്സി പ്രോഗ്രസ്സ് റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. എന്റെ കയ്യിലും പ്രോഗ്രസ് റിപ്പോർട്ടുണ്ട്, പല വിധത്തിലുള്ള പ്രോഗ്രസ് റിപ്പോർട്ടുകളെക്കുറിച്ചും അറിയാം. നമ്മളെല്ലാവരും സ്കൂളുകളിലും കോളേജുകളിലുമൊക്കെ പഠിച്ചവരാണ്. അങ്ങനെ പഠിക്കുമ്പോൾ നമ്മുടെ രക്ഷിതാക്കൾ പ്രോഗ്രസ് റിപ്പോർട്ടിൽ ഒപ്പിടാൻ

LIBRARY ARCHIVES Kerala Legislative Assembly

വരാറുണ്ട്. എന്റെ മക്കളുടെ പ്രോഗ്രസ് റിപ്പോർട്ടിൽ ഒപ്പിടാൻ ഞാനും സ്കൂളിൽ പോയിട്ടുണ്ട്. quarterly എക്സാമിനും half yearly എക്സാമിനും നമ്മുടെ കുട്ടികൾ എത്രമാർക്ക് വാങ്ങിയെന്ന് കാണിക്കാനാണ് പ്രോഗ്രസ് റിപ്പോർട്ട് ക്ലാസ് ടീച്ചർ നമുക്ക് തരുന്നത്. കഴിഞ്ഞ പരീക്ഷകളിൽ എത്ര മാർക്ക് വാങ്ങിയെന്നാണ് പ്രോഗ്രസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. അല്ലാതെ വരാനിരിക്കുന്ന പരീക്ഷകളിൽ ഇത്ര മാർക്ക് നിങ്ങളുടെ കുട്ടിക്ക് കിട്ടുമെന്ന് ഒരു പ്രോഗ്രസ് റിപ്പോർട്ടിലും പറയാറില്ല. ഈ പ്രോഗ്രസ് റിപ്പോർട്ടിൽ കുറെയധികം കാര്യങ്ങൾ പറയുന്നുണ്ട്. ഇപ്പോൾ ചെയ്ത കാര്യങ്ങളല്ല, ഭാവിയിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. നൽകും, സ്ഥാപിക്കും, ലഭ്യമാക്കും, ഉറപ്പുവരുത്തും, പ്രോൽസാഹിപ്പിക്കും, കൊണ്ടുവരും, രൂപവൽക്കരിക്കും, പരിഷ്കരിക്കും, സംവിധാനമുണ്ടാക്കും എന്നാണ് പറഞ്ഞിട്ടുള്ളത്. ഏതായാലും ഭാവിയിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളല്ലെന്ന് എല്ലാവർക്കുമറിയാം.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇവരുടെ കോട്ടകളിൽ ഇത്ര വോട്ട് കിട്ടുമെന്നുള്ള ആത്മവിശ്വാസം എന്തുകൊണ്ടാണ് ഉണ്ടായിരുന്നത്? ഞങ്ങളുടെ ബൂത്തിൽനിന്നും ഇത്ര വോട്ട് കിട്ടുമെന്നുപറഞ്ഞ് ബ്രാഞ്ച് സെക്രട്ടറിയാണ് റിപ്പോർട്ട് നൽകുന്നത്. ഈ ബൂത്തിൽനിന്നും ഇത്ര വോട്ട് കിട്ടുമെന്ന് പറഞ്ഞ് റിപ്പോർട്ട് നൽകുന്ന ആ ബ്രാഞ്ച് സെക്രട്ടറിപോലും അവരുടെ സ്ഥാനാർത്ഥിക്ക് വോട്ട് നൽകിയില്ല.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ആലത്തൂർ നിയോജകമണ്ഡലത്തിലെ സി.പി.ഐ. (എം) പ്രതിനിധിയിരുന്ന നെല്ലിയാമ്പതിയിലെ ഒരു ബൂത്തിലെ മുഴുവൻ വോട്ടും യു.ഡി.എഫ്. സ്ഥാനാർത്ഥിയായ കുമാരി രമ്യാ ഹരിദാസിനാണ് കിട്ടിയത്. ആ ബൂത്തിലെ സി.പി.ഐ. (എം) ബൂത്ത് ഏജന്റുപോലും വോട്ട് ചെയ്തില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, പല കാര്യങ്ങളും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു:</u> സർ, പോയിന്റ് ഓഫ് ഓർഡർ. അങ്ങ് പറഞ്ഞത് നെല്ലിയാമ്പതിയിലെ 138-ാം നമ്പർ ബൂത്താണ്. ആ ബൂത്തിൽ കഴിഞ്ഞ തവണ ആകെ ചെയ്തിട്ടുള്ളത് 42 വോട്ടുകളാണ്. അതിൽ 2 വോട്ട് എൽ.ഡി.എഫ്.-നും 15 വോട്ട് യു.ഡി.എഫ്.-നും 25 വോട്ട് ബി.ജെ.പി.-ക്കുമാണ് ലഭിച്ചത്. ഇപ്രാവശ്യം ബി.ജെ.പി.-ക്ക് കിട്ടിയ വോട്ടും ചേർത്ത് അവിടെയുള്ള മുഴുവൻ വോട്ടും കോൺഗ്രസ് വിലയ്ക്കെടുത്തു. തോട്ടം മേഖലയിലെ പ്രതിസന്ധി കാരണം ഞങ്ങളുടെ തൊഴിലാളികൾക്ക് പുറത്തുപോകേണ്ട സ്ഥിതിയും വന്നു.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇതിലൊരു പോയിന്റുമില്ല, ഓർഡറുമില്ല. ഇവർ ഇപ്പോൾ സെക്ഷൻ 303, 304 എന്നൊക്കെ പറഞ്ഞു. ഇവർക്ക് ആകെ അറിയാവുന്ന സെക്ഷൻ 302 ആണ്.

ശീതീകരിച്ച ഈ ഹാളിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ മഞ്ചേശ്വരം മുതൽ പാറശ്ശാലവരെ പരന്നുകിടക്കുന്ന നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന മത്സ്യത്തൊഴിലാളികളെക്കുറിച്ചാണ് എനിക്ക് ഓർമ്മ വരുന്നത്. ഞാൻ തീരദേശത്തുനിന്നുള്ള ഒരു എം.എൽ.എ. ആണ്. ശനിയാഴ്ച എങ്ങനെ നാട്ടിൽ പോകുമെന്ന ഭയമാണ് എന്റെ മനസ്സിലുള്ളത്. കാരണം, മത്സ്യത്തൊഴിലാളികൾ വീടുവിട്ട് പല ദുരിതാശ്വാസ ക്യാമ്പുകളിൽ ദുരിത പൂർണ്ണമായാണ് ജീവിക്കുന്നത്. ഇപ്പോൾ നമ്മൾ അഭിമാനപൂർവ്വം പറയുന്നത്, മത്സ്യത്തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തിന്റെ ആർമി എന്നാണ്, നമ്മുടെ സംസ്ഥാനത്തിന്റെ സൈന്യമാണെന്നാണ്. പ്രളയകാലത്ത് നമ്മുടെ സംസ്ഥാനത്തെ രക്ഷിച്ച മത്സ്യത്തൊഴിലാളികളോട് നന്ദി കാണിക്കാൻ സാധിക്കുന്നുണ്ടോയെന്ന് നമ്മൾ ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. തകഴിയുടെ ചെമ്മീൻ എന്ന നോവലിലെ പരീക്കുട്ടിയെയും ചെമ്പൻകുഞ്ഞിനെയും നമുക്കറിയാം. പരീക്കുട്ടി കടംകൊടുത്ത പണംകൊണ്ടാണ് ചെമ്പൻകുഞ്ഞ് വള്ളവും വലയും വാങ്ങിയത്. പരീക്കുട്ടി മീൻ വാങ്ങാൻ ചെന്നപ്പോൾ പണമുണ്ടെങ്കിൽ മാത്രമേ മീൻ തരികയുള്ളൂവെന്നാണ് ചെമ്പൻകുഞ്ഞ് പറഞ്ഞത്. അതൊരു നന്ദികേടായിരുന്നു. ആ നന്ദികേടാണ് സർക്കാർ ഇപ്പോൾ മത്സ്യത്തൊഴിലാളികളോട് കാണിക്കുന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 12 ലക്ഷത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് കേരളത്തിലുള്ളതെന്ന് ബഹുമാന്യയായ മന്ത്രിക്കറിയാം. അതിൽ രണ്ടര ലക്ഷം പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എല്ലായ്പ്പോഴും അവർ കടക്കെണിയിലാണ്. അതിൽനിന്നും അവരെ രക്ഷിക്കാൻ എന്തുകൊണ്ടാണ് നമുക്ക് സാധിക്കാത്തത്? കടലിൽനിന്നും കരയ്ക്കെത്തിക്കുന്ന മത്സ്യത്തെ അവർ കൊള്ളപ്പലിശക്കാർക്ക് കൊടുക്കുന്നു. എന്തുകൊണ്ട് ആ മത്സ്യം കൊള്ളപ്പലിശക്കാർക്ക് കൊടുക്കേണ്ടിവരുന്നു? പഞ്ഞമാസങ്ങളിൽ ഇടനിലക്കാരിൽനിന്നും അവർ കൊള്ളപ്പലിശയ്ക്ക് പണം കടം വാങ്ങുന്നു. ആ പണം അവർക്ക് തിരിച്ചുകൊടുക്കാൻ സാധിക്കുന്നില്ല. അവർക്ക് തിരിച്ചുകൊടുക്കാൻ സാധിക്കുന്നത് കടലിൽനിന്നും കൊണ്ടുവരുന്ന മത്സ്യമാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ചെറുകിട വായ്പകൾ നൽകുന്ന പദ്ധതി ആവിഷ്കരിക്കണം. മത്സ്യത്തിന്റെ ലഭ്യതയെക്കുറിച്ച് എല്ലാവരും ഇപ്പോൾ പറയുന്നുണ്ട്. മത്സ്യത്തിന്റെ ലഭ്യതക്കുറവ് വരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളുടെ വീടുകൾ പട്ടിണിയിലാകുന്നു. ആ സമയത്ത് നമുക്ക് അവരെ സഹായിക്കാൻ സാധിക്കണം. ജൂൺ-ജൂലൈ മാസങ്ങളിലെ ട്രോളിംഗ് നിരോധനത്തെക്കുറിച്ച് നമുക്കറിയാം. ഈ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുന്നുണ്ട്. പക്ഷേ ഇത് നൽകുന്നത് ബോട്ടിലെ തൊഴിലാളികൾക്ക് മാത്രമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഒന്നും നൽകാൻ സാധിക്കുന്നില്ല. വള്ളവും വലയും യന്ത്രങ്ങളും നഷ്ടപ്പെട്ടാൽ ഇൻഷ്വറൻസ് തുക ഒഴിച്ച് ബാക്കിയാണ് നഷ്ടപരിഹാരമായി നൽകുന്നത്. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബി.പി.എൽ. കാർഡ് സംവിധാനം അനിവാര്യമാണ്. മൂന്ന് നേരം ഭക്ഷണം കഴിക്കാനില്ലാത്ത മത്സ്യത്തൊഴിലാളികൾക്കുപോലും എ.പി.എൽ. കാർഡാണുള്ളതെന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രി അറിയണം. കേരളത്തിൽ 306 മത്സ്യഗ്രാമങ്ങളുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കണം. 18000 മത്സ്യത്തൊഴിലാളികൾ ഇന്നും നമ്മുടെ സംസ്ഥാനത്ത് ഭവനരഹിതരാണ്. അവർക്കായി ഭവന പദ്ധതി നടപ്പാക്കണം. സുനാമി ഫ്ലാറ്റുകളുടെ ശോചനീയാവസ്ഥയെക്കുറിച്ച് പറയുമ്പോൾ പല മണ്ഡലങ്ങളിൽ സുനാമി ഫ്ലാറ്റുകളുണ്ടെങ്കിലും അവയിൽ പലതും വാസയോഗ്യമല്ല. അതിൽ ചില ഫ്ലാറ്റുകളിൽത്തന്നെ ബിനാമികൾ കയറിക്കൂടിയിരിക്കുകയാണ്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തി അർഹതയുള്ളവർക്ക് സുനാമി ഫ്ലാറ്റ് നൽകാനുള്ള സംവിധാനമുണ്ടാക്കണം. മണ്ണെണ്ണയെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചു, യു.ഡി.എഫ്.-ന്റെ കാലത്ത് 13 ബങ്കുകളാണ് തുറന്നത്. കുറഞ്ഞ നിരക്കിൽ ഇന്ധനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കടലിൽ പോകുന്നവരെക്കുറിച്ചുള്ള വിശദാംശങ്ങൾ സൂക്ഷിക്കാനുള്ള ഒരു സംവിധാനം നമുക്ക് ആവശ്യമാണ്. അതില്ലാത്തതുകൊണ്ട് ഓഖി ദുരന്ത സമയത്തുണ്ടായ പ്രയാസം നമുക്കെല്ലാവർക്കുമറിയാം. കടലിൽ അപകടമുണ്ടായാൽ ഏത് ബോട്ടിൽ ആരാണുള്ളതെന്ന് കരയിലുള്ളവർക്ക് അറിയാനുള്ള മാർഗ്ഗമില്ല. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും മികവുറ്റ രീതിയിൽ പ്രവർത്തിക്കുന്ന ഇത്തരം സംവിധാനങ്ങളുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സുരക്ഷാ ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകണം. മത്സ്യത്തൊഴിലാളികളെപ്പോലെത്തന്നെ അനുബന്ധത്തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ കിട്ടേണ്ടത് അനിവാര്യമാണ്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിച്ചുവയ്ക്കാൻ ഫ്രീസർ സൗകര്യം ഒരുക്കിക്കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മത്സ്യമാർക്കറ്റുകളുടെ ശുചിത്വവും നവീകരണവും ഉറപ്പുവരുത്തണം.

മത്സ്യമാർക്കറ്റുകളിൽ പോയി മത്സ്യം വാങ്ങാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണ് പലയിടങ്ങളിലുമുള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാം. കണ്ണിവലിപ്പം കുറഞ്ഞ ട്രോളർ വലകളുപയോഗിച്ച് വൻകിട മീൻപിടിത്തക്കാർ അടിത്തട്ടിൽനിന്നും മത്സ്യം വാരിക്കോരി കൊണ്ടുപോകുമ്പോൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസം മന്ത്രിക്ക് നല്ലതുപോലെ അറിയാം. അതിനൊരു പരിഹാരം ആവശ്യമാണ്. 2017 മാർച്ച് 31 വരെയുണ്ടായിരുന്ന കടാശ്വാസ പദ്ധതി, ഒരു വർഷംകൂടി നീട്ടിയെന്ന് മനസ്സിലാക്കുന്നു. അതിനുശേഷം കടക്കെണിയിലായവരുടെ സ്ഥിതി നമ്മൾ മനസ്സിലാക്കണം. കടൽഭിത്തിയെക്കുറിച്ച് ഞാൻ പറയേണ്ട ആവശ്യമില്ല. കാസർഗോഡ് കസബാ കടപ്പുറം വായനശാലയുടെ നിർമ്മാണം തീരദേശ കോർപ്പറേഷൻ പൂർത്തിയാക്കി. അവിടെ അഞ്ച് ലക്ഷം രൂപയുടെ പുസ്തകങ്ങളും ഉപകരണങ്ങളും വാങ്ങാൻ സർക്കാർ ഫണ്ട് അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അൻപത് ലക്ഷം രൂപ ചെലവഴിച്ച് തളങ്കര വില്ലേജിൽ ഫിഷറീസ് സ്റ്റേഷൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് പണി പൂർത്തിയാക്കിയത്. അതിന്റെ ഉദ്ഘാടനം ഇതുവരെ നിർവ്വഹിച്ചിട്ടില്ല. കാസർഗോഡ് ഫിഷിംഗ് ഹാർബർ 2010-ൽ മുൻ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മ തറക്കല്ലിട്ടു. 2015-ൽ പണി പൂർത്തിയായി. 29.75 കോടി രൂപ ചെലവഴിച്ചാണ് നിർമ്മിച്ചത്. പക്ഷേ അതിന്റെ ചാനലിൽ വീതി കുറവായതിനാൽ 50 കോടി രൂപയുടെ എസ്റ്റിമേറ്റ് ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. 17.5 കോടി രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളത്. ബാക്കി തുക കൂടി അനുവദിച്ച് കാസർഗോഡ് ഫിഷറീസ് ഹാർബർ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുകയും അത് ഉദ്ഘാടനം ചെയ്യുകാണാനുള്ള അവസരം ശ്രീ. എസ്. ശർമ്മയ്ക്ക് ഉണ്ടാക്കിക്കൊടുക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്.

ഞാൻ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ഒന്നും പറയുന്നില്ല. 2019 ജനുവരി 29-ന് മാതൃഭൂമി പത്രത്തിൽ വന്ന മുഖപ്രസംഗം, നമ്മുടെ പൊതുഗതാഗത രംഗത്ത് നിർണ്ണായക ശക്തിയായ കെ.എസ്.ആർ.ടി.സി.-ക്ക് ചരമക്കുറിപ്പ് എഴുതാനുള്ള തിടുക്കം കോടതിയുടെ വിമർശനങ്ങളിൽപ്പോലും പ്രകടമാണ്. ഇപ്പോൾത്തന്നെ 4000 കോടി രൂപ കടംവീട്ടേണ്ട അവസ്ഥയാണെന്ന് സർക്കാർ അറിയിച്ചപ്പോൾ അങ്ങനെയെങ്കിൽ കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടുകയാണ് വേണ്ടത് എന്നായിരുന്നു ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അഭിപ്രായം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട നെല്ലിക്കുന്ന് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത് കെ.എസ്.ആർ.ടി.സി.-യെക്കുറിച്ചാണ്. കേരളത്തിലെ ജനങ്ങൾ പൊതുഗതാഗത സർവ്വീസിനെ ഏറെ സ്നേഹിക്കുന്നവരാണ്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കണമെന്നാണ് അവർ ആഗ്രഹിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്..... ശ്രീ. എൻ. എ. നെല്ലിക്കുന്നിന് നിശ്ചയിച്ചിരിക്കുന്ന സമയം കഴിഞ്ഞു.

ശ്രീ. പി. ഉബൈദുള്ള: സർ, അങ്ങ് കാസർഗോഡുകാരനാണെങ്കിലും മലപ്പുറത്ത് സ്ഥിരമായി വരുന്ന ആളാണ്. മലപ്പുറത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോ വളരെ ശോചനീയാവസ്ഥയിലാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി തറക്കല്ലിട്ട മലപ്പുറത്തെ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് മൂന്ന് വർഷമായിട്ടും ഒന്നും ചെയ്തിട്ടില്ല.

മി. ചെയർമാൻ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം....പ്ലീസ്.......

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട മന്ത്രി കെ.എസ്.ആർ.ടി.സി.-യെ നവീകരിക്കാൻ ധാരാളം സംവിധാനങ്ങൾ കൊണ്ടുവരുന്നുണ്ടെന്നറിഞ്ഞു. ഞാൻ അദ്ദേഹത്തിന് എല്ലാ വിജയങ്ങളും നേരുന്നു. ഇപ്പോൾ എൽ.ഡി.എഫ്.-നുണ്ടായിട്ടുള്ള പരാജയത്തെക്കുറിച്ച് സഭയിൽ പറയുമ്പോൾ അവർ തിരിച്ചുവരുമെന്ന് പറഞ്ഞു. വിപ്ലവമെന്നാൽ അകത്തളങ്ങളിൽ നാമ്പെടുക്കേണ്ട ഉന്നതമായ ജീവിതബോധമാണെന്ന തിരിച്ചറിവ് എൽ.ഡി.എഫ്. അംഗങ്ങൾക്ക് വേണമെന്നാണ് എനിക്ക് പറയാനുള്ളത്. തിരിച്ചറിവിലൂടെ തിരിച്ചടി നൽകുമെന്നാണ് നിങ്ങൾ പറയുന്നത്. എല്ലാ ബസ്സുകളും പോയിക്കഴിഞ്ഞു സുഹൃത്തുക്കളേ, ഇനി ഒരു ബസ്സും നിങ്ങൾക്കായി വരില്ല. എല്ലാ ബസ്സും പോയിക്കഴിഞ്ഞതിനുശേഷം ബസ് ഇനിയും വരുമെന്ന പ്രതീക്ഷയിൽ ബസ് സ്റ്റാന്റിൽ ആകാശം നോക്കി നിൽക്കുന്ന നിസ്സഹായനായ യാത്രക്കാരന്റെ അവസ്ഥയിലാണ് നിങ്ങളെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. വെള്ളം മുഴുവൻ ഒഴുകിപ്പോയശേഷം അണ കെട്ടുന്നതുകൊണ്ട് എന്ത് പ്രയോജനമാണുള്ളതെന്ന് നിങ്ങൾക്കറിയില്ലെങ്കിൽ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയോട് ചോദിച്ചുനോക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇരുപതിൽ ഒരു സീറ്റ് മാത്രം കിട്ടിയ നിങ്ങളാണ് ഞങ്ങളെ കടന്നാക്രമിക്കുന്നത്. ദുർബ്ബല സംഘടനയായ മുസ്ലീം ലീഗിനെ നിരന്തരം വിമർശിക്കാൻ ഒരുമ്പെട്ടപ്പോൾ അന്ന്

ഞങ്ങളുടെ പ്രിയപ്പെട്ട നേതാവ് സി.എച്ച്. മുഹമ്മദ് കോയ സാഹിബ് പറഞ്ഞ ഒരു കാര്യമുണ്ട്. സാനിറ്റോറിയത്തിലെ ക്ഷയരോഗി ഗാമയെ ഗുസ്തിപിടിക്കാൻ വെല്ലുവിളിക്കുന്നു. അതുതന്നെയാണ് അപ്പുറത്തിരിക്കുന്ന ആളുകളോട് എനിക്ക് പറയാനുള്ളത്. എന്നും നിങ്ങൾ സാനിറ്റോറിയത്തിൽ കഴിയേണ്ടവരല്ല. ശരീരപുഷ്ടിയും ആരോഗ്യവുമുണ്ടാക്കുന്ന ടോണിക് കഴിച്ച് വർദ്ധിത വീര്യത്തോടെ സാനിട്ടോറിയത്തിൽനിന്ന് പുറത്തുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. നമുക്കെല്ലാവർക്കുംകൂടി വലിയ ഒരു ഉത്തരവാദിത്വം ഈ നാട്ടിൽ നിർവ്വഹിക്കാനുണ്ട്. മനുഷ്യന്റെ സംസ്കാരത്തിന്റെ, ഭാഷയുടെ, ജനതയുടെ, ചരിത്രത്തിന്റെ, സ്വതന്ത്രതയും തനിമയും തേടാൻ നമുക്ക് ഒരുമിച്ച് മുന്നേറേണ്ടതുണ്ട്. ഇന്ത്യ, ജാതി-മത-വർഗ്ഗീയ-ഫാസിസത്തിന്റെ വക്താക്കളുടേതായി മാറുമ്പോൾ ഹിംസയും അഹങ്കാരവും കൈവെടിഞ്ഞ് വീണ്ടുവിചാരത്തോടെ വീണ്ടെടുപ്പുണ്ടാക്കാമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

3.00 P.M.]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. ആൻസലൻ: സർ, 2019-20 സാമ്പത്തികവർഷത്തേയ്ക്കുള്ള മത്സ്യബന്ധനം, ഗതാഗതം, വാഹന നികുതി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട രണ്ട് വകുപ്പുകളുടെ ചർച്ചയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. തീരദേശത്ത് മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി കഴിയുകയും ജീവിതത്തിന്റെ മറ്റ് മേഖലകളെക്കുറിച്ച് വലിയ ആശവയ്ക്കാതെയും ജീവിക്കുന്ന ഒരു വിഭാഗമാണ് കേരളത്തിലെ മത്സ്യത്തൊഴിലാളി വിഭാഗം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അവരുടെ ജീവിത യാഥാർത്ഥ്യങ്ങൾ പഠിക്കുകയും ആ വിഭാഗത്തെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഒട്ടനവധി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യങ്ങളെക്കുറിച്ച് ഭരണപക്ഷ എം.എൽ.എ.-മാർ ഇവിടെ വിശദമായി പ്രതിപാദിച്ചുകഴിഞ്ഞു. എന്റെ മണ്ഡലത്തിലെ ചെറിയൊരു ഭൂപ്രദേശം, ഒന്നര കിലോമീറ്റർ ദൂരം ആറ് പഞ്ചായത്ത് വാർഡുകൾ ചേർന്ന കടലോര പ്രദേശമുണ്ട്. വളരെ പ്രശസ്തമായ പൊഴിയൂർ ഉൾപ്പെടുന്ന, തമിഴ്നാടിന്റെ അതിർത്തി പങ്കിടുന്ന പ്രദേശമാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിയ പദ്ധതികൾ ആ ചെറിയ പ്രദേശത്തുപോലും എന്തെന്നില്ലാത്ത മാറ്റമുണ്ടാക്കി എന്നത് നേരിട്ടനുഭവിക്കാൻ കഴിയുന്ന ഒരാളാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ഒട്ടനവധി പ്രവർത്തനങ്ങളുടെ ഘട്ടത്തിലാണ് ഓഖി ദുരന്തം നമ്മെ ബാധിക്കുന്നത്. ഓഖി ദുരന്തത്തിൽ ആ പ്രദേശത്തെ ഏകദേശം പതിനഞ്ചോളംവരുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട് കാണാതാവുകയും മൂന്ന് പേരുടെ ശവശരീരം മാത്രം ലഭിക്കുകയും ചെയ്തു. ആ പതിനഞ്ച് കുടുംബങ്ങളെയും ഈ ഗവൺമെന്റ് സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. 20 ലക്ഷം രൂപ വീതം ഓരോ കുടുംബത്തിനും സമാശ്വാസം കൊടുക്കുകയും ഏകദേശം 31-ഓളം വരുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രൈമറിതലം മുതൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനാവശ്യമായ തുക വകകൊള്ളിക്കുകയും പരിക്കേറ്റവരെ സംരക്ഷിക്കുകയും അവരുടെ ജീവനോപാധിയായ വള്ളവും വലയുമടക്കമുള്ള ഉപകരണങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം തിട്ടപ്പെടുത്തി കൊടുക്കുകയും ചെയ്തിട്ടുണ്ട്. മരണപ്പെട്ടാൽ തുച്ഛമായിട്ടുള്ള നഷ്ടപരിഹാരം മാത്രമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നൽകിക്കൊണ്ടിരുന്നത്. ലക്ഷക്കണക്കിന് രൂപ വിലപിടിപ്പുള്ള യാനങ്ങൾ നഷ്ടപ്പെട്ടാൽ അതിലെ പത്തിലൊന്ന് ശതമാനംപോലും നഷ്ടപരിഹാരം കൊടുക്കുന്ന ഒരു സ്ഥിതി ഉണ്ടായിരുന്നില്ല. ഓഖിയുമായി ബന്ധപ്പെട്ട് പുനരധിവാസത്തിനായി മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഗവൺമെന്റ് കാണിച്ചിട്ടുള്ളത്. സമുദ്രമത്സ്യം സംരക്ഷിക്കുന്ന കാര്യത്തിൽ കേരള ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാടുകൾ മാതൃകയാണെന്ന് ഇന്ത്യാഗവൺമെന്റ് പ്രഖ്യാപിച്ചു. കടലിൽ പോലും മത്സ്യക്കൂട് കൃഷി നടത്തുന്ന പുതിയ ആശയങ്ങൾ, മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും അത് നിലനിർത്തുന്നതിനാവശ്യമായിട്ടുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. നമുക്കറിയാം, ഇവിടെ ഒന്നും നടന്നില്ല. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്രോഗ്രസ് റിപ്പോർട്ട് എന്താണെന്ന് അവസാനം പറയുകയുണ്ടായി. പ്രിയപ്പെട്ട എൻ.എ. നെല്ലിക്കുന്ന്, വൈകുന്നേരം ഈ സഭ കഴിഞ്ഞതിനുശേഷം ഒരു വണ്ടിയെടുത്ത് വലിയതുറയിൽ പോയി കണ്ടാൽ മനസ്സിലാകും. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 5 വർഷക്കാലവും സ്കൂളിന്റെ വരാന്തയിൽ അലമുറയിട്ട് കരഞ്ഞിട്ടുള്ള 192 കുടുംബങ്ങളും അവരുടെ കുട്ടികളും നിവൃത്തിയില്ലാതെ റോഡ് ഉപരോധിച്ചിട്ടുണ്ട്. ഇന്ന് ആ കുടുംബങ്ങളെ കടലോര പ്രദേശത്തുനിന്ന് മാറ്റി സുരക്ഷിതമായ കെട്ടിടം സ്ഥാപിച്ചുകൊണ്ട് പാർപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എന്റെ മണ്ഡലമായ പൊഴിയൂരിൽ 128 കുടുംബങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് രണ്ടര ഏക്കർ ഭൂമി വാങ്ങി ഏകദേശം 12 കോടി 82 ലക്ഷം രൂപ മുടക്കിക്കൊണ്ട് പുതിയ ഫ്ലാറ്റ് സമുച്ചയത്തിന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി തറക്കല്ലിട്ട്

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിങ്ങൾ ആദ്യം പ്രോഗ്രസ് റിപ്പോർട്ട് വായിക്കുക. എല്ലാം കിട്ടിയതിനുശേഷം ഒന്നും കിട്ടിയില്ല എന്നുപറയുന്ന തരത്തിലുള്ള ചിലയാളുകളുടെ സ്വഭാവത്തിലേയ്ക്ക് മാത്രമേ യു.ഡി.എഫ്.-ന് പ്രോഗ്രസ് റിപ്പോർട്ടിനെ കാണാൻ സാധിക്കൂ. എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലെ 222-ാമത്തെ ഹെഡ്ഡിംഗിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കൃത്യമായി കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ആ നിലപാട് സ്വീകരിച്ച് കേരളത്തിലെ നാൽപ്പതിനായിരത്തോളം വരുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇന്ന് മുടക്കമില്ലാതെ പെൻഷൻ കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 2018 ഫെബ്രുവരി മാസം ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയെ വെല്ലുവിളിച്ചുകൊണ്ട് ചോദിച്ചു; നിങ്ങൾ സമയം പറയണമെന്ന്. കേരളത്തിലെ കരുത്തനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാർച്ച് മാസം മുതൽ അവർക്ക് പെൻഷൻ കിട്ടുമെന്ന് പറഞ്ഞു. അങ്ങനെ 2018 മാർച്ച് മാസം മുതൽ കേരളത്തിലെ നാൽപ്പതിനായിരത്തോളം വരുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കുകയാണ്. നിങ്ങൾ ഓരോന്നായി വായിക്കുക. വായിച്ച് മനസ്സിലാക്കുമ്പോൾ പ്രോഗ്രസ് റിപ്പോർട്ടിന്റെ മേന്മ എന്താണെന്ന് മനസ്സിലാക്കാൻ കഴിയും. മറ്റ് കാര്യങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. ഒരുപാട് കാര്യങ്ങൾ മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ രംഗത്ത് വിദ്യാതീരം പദ്ധതി നടപ്പിലാക്കി. 48 കോടി രൂപയാണ് അതിന് ഗവൺമെന്റ് അനുവദിച്ചത്. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തേയ്ക്ക് മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ കുട്ടികളെ കൈപിടിച്ച് ഉയർത്തുന്നതിനാവശ്യമായ നിലപാട് സ്വീകരിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ പഞ്ഞമാസക്കാലത്ത് ഒരു പൈസപോലും വർദ്ധിപ്പിച്ചില്ല. പക്ഷേ 2700 രൂപയിൽനിന്ന് 4500 രൂപയിലേയ്ക്ക് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസത്തിൽ പ്രത്യേക സ്കീം കൊടുത്തത് ഈ ഗവൺമെന്റാണ്. ഈ മാറ്റത്തെക്കുറിച്ച് എന്തുകൊണ്ടാണ് നിങ്ങൾ കാണാത്തത്? മരണാനന്തര സഹായം 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ഇൻഷ്വറൻസ് രേഖപ്പെടുത്തിയ യാനങ്ങൾക്ക് നാമമാത്രമായ നഷ്ടപരിഹാരമേ ലഭിക്കുകയുള്ളൂ. 10 ലക്ഷം രൂപയുടെ ബോട്ട് തകർന്നാൽ 50,000 രൂപ പോലും ലഭിക്കുകയില്ല. ഇവിടെ അതിന് സമമായിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷ ഈ ഗവൺമെന്റ് ഉറപ്പുവരുത്തുന്നതിനാവശ്യമായിട്ടുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മത്സ്യത്തൊഴിലാളികൾക്കും മത്സ്യമേഖലയ്ക്കുംവേണ്ടി ഒട്ടനവധി പദ്ധതികളും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിലപാടുകളും സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഇനി മറ്റു ചില കാര്യങ്ങളെ സംബന്ധിച്ചാണ് പറയാനുള്ളത്. മണ്ണെണ്ണയുടെ കാര്യത്തിൽ ചില പ്രശ്നങ്ങളുണ്ട്, അത് ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതും പരിഹരിക്കേണ്ടതുമാണ്. മത്സ്യത്തൊഴിലാളികൾ യന്ത്രത്തിൽ ഉപയോഗിക്കുന്ന മണ്ണെണ്ണയ്ക്ക് സബ്സിഡി നമ്മൾ കൊടുക്കുന്നുണ്ട്. അത് ഉദ്യോഗസ്ഥതലത്തിൽ കുറച്ച് താമസം വരുന്നുണ്ട്, പലപ്പോഴും കൃത്യസമയത്ത് സബ്സിഡി ലഭിക്കുന്നില്ല. തമിഴ്നാട്ടിൽ ചെയ്യുന്ന മാതൃകയിൽ സബ്സിഡി കുറച്ചുകൊണ്ട്, ആ തുക ബാങ്കുകൾക്ക് നൽകുന്ന രൂപത്തിലേയ്ക്ക് വരണം. സബ്സിഡി കുറച്ചുള്ള വിലയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. മത്സ്യബന്ധന എഞ്ചിന്റെ പെർമിറ്റ് നിശ്ചയിക്കുന്നത് രണ്ടുമൂന്ന് വകുപ്പുകൾ ചേർന്നുകൊണ്ടാണ്. ആ വകുപ്പുകൾ ചേർന്നുകൊണ്ട് നാലും അഞ്ചും വർഷങ്ങൾ കഴിഞ്ഞാൽ മാത്രമേ എഞ്ചിന്റെ പെർമിറ്റ് ലഭിക്കുകയുള്ളുവെന്ന സ്ഥിതിവിശേഷമുണ്ട്. എഞ്ചിൻ എടുക്കുമ്പോൾതന്നെ പെർമിറ്റ് കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മത്സ്യ ത്തൊഴിലാളികളിൽ ചെറിയൊരു വിഭാഗം മാത്രമാണ് സമ്പന്നരും വിദേശത്ത് പണിയെടുക്കുന്നവരും ഉദ്യോഗസ്ഥരുമായ ആളുകൾ. എന്നാൽ വലിയൊരു വിഭാഗം മത്സ്യത്തൊഴിലാളികൾ കടലിലെ ഉപജീവനംകൊണ്ട് ജീവിക്കുന്നവരാണ്. മത്സ്യത്തൊഴിലാളികളുടെ റേഷൻ കാർഡിനെക്കുറിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ഇപ്പോൾ ഇവിടെ പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. അനൂപ് ജേക്കബും അടക്കമുള്ള കഴിഞ്ഞ സർക്കാർ ലക്കം ലഗാനുമില്ലാതെ തയ്യാറാക്കിയ ബി.പി.എൽ. ലിസ്റ്റിന്റെ ഭാഗമായി വന്നിട്ടുള്ള പോരായ്മയാണത്. മത്സ്യത്തൊഴിലാളി അടക്കമുള്ള സാധാരണക്കാരുടെ റേഷൻ കാർഡ് പൊതുവിഭാഗത്തിലേയ്ക്ക് തള്ളപ്പെട്ടിട്ടുണ്ട്. ആ പോരായ്മകൾ പരിഹരിക്കുന്നതിന്, യഥാർത്ഥത്തിലുള്ള ദരിദ്രരായ മത്സ്യത്തൊഴിലാളികൾക്ക് ബി.പി.എൽ. കാർഡ് കൊടുക്കുന്നതിന് പൊതുവായിട്ടുള്ള തീരുമാനം ഫിഷറീസ് വകുപ്പിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ധാരാളം ആക്ഷേപങ്ങളും വ്യത്യസ്തമായ പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. യഥാർത്ഥ മത്സ്യത്തൊഴിലാളികളായ പാവപ്പെട്ടവർക്ക് പൂർണ്ണമായും ഭവനം ലഭിക്കുന്നതിനാവശ്യമായിട്ടുള്ള നിലപാടുകൾ സ്വീകരിക്കുന്നതിന് കുറെക്കൂടി ജാഗ്രതയോടുകൂടിയ പ്രവർത്തനം നടത്തേണ്ടതുണ്ട്. അതുപോലെതന്നെ കടലാക്രമണവുമായി ബന്ധപ്പെട്ടുകൊണ്ട് തീരത്ത് ഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തേണ്ടതുണ്ട്.

ഫിഷറീസ് മേഖലയിലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് ഗുണമേന്മയുള്ളതും വിഷാംശമില്ലാത്തതുമായ മത്സ്യം ലഭിക്കുന്നില്ല എന്നത്. ഇന്ന് ലഭിക്കുന്ന മത്സ്യങ്ങളിൽ വലിയൊരളവും പുറംനാടുകളിൽനിന്നുവരുന്ന 6-7 മാസം പഴക്കമുള്ള മത്സ്യങ്ങളാണ്. ഇത് ഉദര രോഗങ്ങൾക്കും ക്യാൻസർ അടക്കമുള്ള മാരക രോഗങ്ങൾക്കും കാരണമായി മാറുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന മത്സ്യങ്ങളാണ് തീരപ്രദേശത്തുനിന്നും ഉൾപ്രദേശങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നത്. ഫോറൻസിക് വിഭാഗവും ഹെൽത്ത് വിഭാഗവും ഫിഷറീസ് വിഭാഗവും ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽപ്പോലും വളരെ ഭയാനകമാണ്. രണ്ടുമൂന്നാഴ്ച മുമ്പ് കള്ളിക്കാട് എന്നുപറയുന്ന സ്ഥലത്ത് ഒരു പ്രാദേശിക മാർക്കറ്റിൽനിന്നും ഒരാൾ മീൻ വാങ്ങിക്കൊണ്ടുപോയി കട്ട് ചെയ്തപ്പോൾ അതിൽ നിറയെ പുഴുക്കൾ നിറഞ്ഞിരിക്കുന്ന ഒരവസ്ഥയുണ്ടായി. യഥാർത്ഥത്തിൽ കടലിൽനിന്നു ശേഖരിക്കുന്ന മത്സ്യം നമ്മുടെ മാർക്കറ്റുകളിൽ എത്തിച്ച് ഫിഷിംഗ് സ്റ്റാളുകൾ മുഖാന്തരം അൽപ്പം കൂടിയ വിലയ്ക്കാണെങ്കിലും നല്ല മത്സ്യം ആളുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വിഷാംശം കലരാത്ത മത്സ്യം ലഭ്യമാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണം. ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

കേരളത്തിലെ ട്രാൻസ്പോർട്ട് വ്യവസായത്തെ വെന്റിലേറ്റർ സ്ഥാപിച്ച് കച്ചവടം ചെയ്യേണ്ടതാണെന്നും അത് നന്നാക്കാൻ കഴിയില്ല എന്നും പ്രഖ്യാപിച്ചിട്ടുള്ളവരാണ് അപ്പുറത്തിരിക്കുന്ന ചില മുൻ മന്ത്രിമാർ. ഉയർന്ന പലിശയ്ക്ക് ഓരോ ട്രാൻസ്പോർട്ട് ഡിപ്പോയും പണയപ്പെടുത്തി മാസശമ്പളവും പെൻഷനും കൊടുത്ത് അഹങ്കരിച്ച് അതിൽ ഊറ്റം കൊള്ളുന്നവരാണ് മുൻ യു.ഡി.എഫ്. ഗവൺമെന്റ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്തുകൊണ്ട് ഏകദേശം 3200 കോടി രൂപയ്ക്ക് ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് 60 കോടി രൂപ ഒരു മാസം ലാഭമുണ്ടാക്കി ട്രാൻസ്പോർട്ട് വ്യവസായത്തെ മെച്ചപ്പെട്ട രൂപത്തിലേയ്ക്ക് മുന്നോട്ടുകൊണ്ടുവരികയാണ്. ആ ട്രാൻസ്പോർട്ട് വ്യവസായത്തിൽ ഇനിയും പരിഷ്കരണങ്ങൾ ആവശ്യമായിട്ടുണ്ട്.

ഇത്തരുണത്തിൽ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നെയ്യാറ്റിൻകര താലൂക്ക് എന്നുപറയുന്നത് ദേശസാൽകൃത റൂട്ടാണ്. അവിടെ നിരവധി സർവ്വീസുകൾ ആവശ്യമുള്ളതാണെന്ന് ഈ സഭയിൽ ഞാൻ നേരത്തെയും ഉന്നയിച്ചിട്ടുള്ളതാണ്. ഇടറോഡുകളിൽ ബസ് സർവ്വീസ് ആവശ്യമായി വരുന്നുണ്ട്. ഈ നിയമസഭാ കാലാവധിക്കുതന്നെ മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാന്നിദ്ധ്യത്തിൽ അവിടത്തെ ജനപ്രതിനിധികൾ, സി.എം.ഡി. അടക്കമുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം വിളിച്ചുചേർത്ത് അവിടെയുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തണം. തൊട്ടടുത്ത തമിഴ്നാട്ടിലാണെങ്കിൽ കളക്ഷന്റെ ഇത്ര ശതമാനം സ്റ്റേറ്റ് ട്രാൻസ്പോർട്ടിന് നൽകണമെന്ന് പ്രൈവറ്റ് ബസ്സുകാരുമായി എഗ്രിമെന്റ് വച്ചുകൊണ്ട് ഇടറോഡുകളിൽ മിനി ബസ്സുകൾ, കട്ട് ചേസ് ബസ്സുകൾ എന്നിവ യഥേഷ്ടം ഓടുന്നുണ്ട്. ഇവിടത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനും ആ രൂപത്തിൽ ഒരു പുതിയ പദ്ധതി തയ്യാറാക്കുന്നതിനുമുള്ള നിലപാട് സ്വീകരിക്കണം. അതുപോലെ പത്ത്- മുപ്പത്തിയഞ്ച് വർഷക്കാലമായി നെയ്യാറ്റിൻകര താലൂക്കിൽ സമാന്തര സർവ്വീസുണ്ട്. ട്രാൻസ്പോർട്ട് ബസ്സിന് സേവനം നൽകാൻ കഴിയാത്ത പ്രദേശത്ത് സമാന്തര സർവ്വീസുകളുടെ പ്രവർത്തനമുണ്ട്. ഇപ്പോൾ ആ സമാന്തര സർവ്വീസുകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയാണ്. ഏകദേശം ആയിരക്കണക്കിന് കുടുംബങ്ങൾ അതുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. അവരുടെ നിലനിൽപ്പിനെ അടിസ്ഥാനമാക്കി കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിച്ചുകൊണ്ടുതന്നെ ആവശ്യമായ ചർച്ചകൾ നടത്തി ആ വിഭാഗത്തെ സംരക്ഷിക്കുന്നതിനുള്ള നിലപാടുണ്ടാകണം. ബംഗാളിലും ത്രിപുരയിലും നിങ്ങൾ തിരിച്ചുവരുമോയെന്ന് പ്രിയപ്പെട്ട അംഗം വിൻസെന്റ് ചോദിച്ചു. നിങ്ങൾ ചരിത്രത്തെക്കുറിച്ച് പഠിക്കണം. തമിഴ്നാട്ടിൽ കെ. കാമരാജ് മുഖ്യമന്ത്രിയായതിനു ശേഷം 52 വർഷമായിട്ടും തിരിച്ചുവരാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; അര നൂറ്റാണ്ടിനുമുമ്പ് പുറത്താക്കപ്പെട്ട തമിഴ്നാട്ടിൽ തിരിച്ചുവരാൻ കോൺഗ്രസ്സിന് കഴിഞ്ഞിട്ടില്ല. അവിടെ മാത്രമല്ല, ഒറീസ്സയിൽ 30 വർഷത്തിനുമുമ്പ് പുറത്തുപോയി, തിരിച്ചുവന്നിട്ടില്ല. ഗുജറാത്തിൽ 26 വർഷത്തിനുമുമ്പ് പുറത്തുപോയി, തിരിച്ചു വന്നിട്ടില്ല. പശ്ചിമബംഗാളിൽ 42 വർഷത്തിനുമുമ്പ് പുറത്തുപോയി, തിരിച്ചു വന്നിട്ടില്ല. ത്രിപുരയിൽ 27 വർഷം മുമ്പ് പുറത്തുപോയി, തിരിച്ചുവന്നിട്ടില്ല. ആന്ധ്രാപ്രദേശിന്റെ ഒരു ഭാഗത്ത് തിരിച്ചുവന്നിട്ടില്ല. 35 വർഷത്തിനുമുമ്പ് ബീഹാറിൽനിന്നും പുറത്തുപോയി, തിരിച്ചുവന്നിട്ടില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും പ്രവർത്തിച്ചിരുന്നതും ശ്രീമതി സോണിയാ ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയും പ്രവർത്തിക്കുന്നതുമായ ഉത്തർപ്രദേശിനകത്ത് ഏകദേശം 35 വർഷം മുമ്പ് പുറത്തുപോയി, തിരിച്ചുവന്നിട്ടില്ല. ജമ്മു കാശ്മീരിൽ കോൺഗ്രസ് അധികാരത്തിൽനിന്നും പുറത്തുപോയിട്ട് 32 വർഷമായി. ഹരിയാനയിൽ 21 വർഷം മുമ്പ് പുറത്തായി. രാജസ്ഥാനിലും ഛത്തീസ്ഗഢിലും

മധ്യപ്രദേശിലും തിരിച്ചുവന്നതിന്റെ അഹങ്കാരം ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യയിൽ ഒറ്റയ്ക്ക് അധികാരത്തിൽ വരുമെന്ന് വെല്ലുവിളിച്ചുകൊണ്ട് ശ്രീ. രാഹുൽ ഗാന്ധിയെ അവിടെനിന്നും കേരളത്തിൽ കൊണ്ടുവന്ന് ഇടതുപക്ഷത്തെ തകർത്ത് തരിപ്പണമാക്കി, ബി.ജെ.പി.-ക്ക് അവസരം ഒരുക്കിക്കൊടുത്ത്, രാഷ്ട്രീയം കളിച്ച കോൺഗ്രസിന്റെ എ.ഐ.സി.സി. പ്രസിഡന്റ് പറയുകയാണ്, എനിക്ക് ഇനി എ.ഐ.സി.സി. പ്രസിഡന്റ് സ്ഥാനം വേണ്ടെന്ന്. എന്താണ് അദ്ദേഹം പറഞ്ഞത്; രാജസ്ഥാനിലെ മുഖ്യമന്ത്രി മകനെ മത്സരിപ്പിച്ച് ആ മണ്ഡലത്തിൽ കേന്ദ്രീകരിച്ചു, ഛത്തീസ്ഗഢിലെ മുഖ്യമന്ത്രി മകനെ മത്സരിപ്പിച്ചു, മധ്യപ്രദേശിലെ മുഖ്യമന്ത്രി മകനെ മത്സരിപ്പിച്ചു. ഇന്ത്യയിലെ എ.ഐ.സി.സി. പ്രസിഡന്റ് ബി.ജെ.പി.-ക്കെതിരായ നിലപാട് സ്വീകരിക്കുമ്പോൾ ഒപ്പംനിന്നുപോകാൻ കഴിയാതെ മകനെ എം.പി. ആക്കാൻ വേണ്ടിയുള്ള നിലപാട് സ്വീകരിച്ച അവസരവാദ രാഷ്ട്രീയത്തിന്റെ കുപ്പായമിട്ടിട്ടുള്ള, ബി.ജെ.പി.-യുടെ കൂടാരത്തിലേയ്ക്ക് എപ്പോഴും വലിഞ്ഞുകയറാൻ നിൽക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനം, ഇന്ത്യയിലെ പ്രതിപക്ഷ സ്ഥാനമെങ്കിലും നേടാൻ കഴിയുന്ന രൂപത്തിലേയ്ക്ക് 45-ൽനിന്നും 10 സീറ്റുകൂടി അധികം നേടാൻ കഴിയാത്ത രൂപത്തിലേയ്ക്ക് തകർന്നു തരിപ്പണമായ കോൺഗ്രസാണ് ഇവിടെ സി.പി.ഐ.(എം.)-നെ പ്രതിരോധിക്കുന്നത്. ഞങ്ങളുടെ തെരഞ്ഞെടുപ്പ് പരാജയം; മഹാനായ ഇ.എം.എസ്. നേതൃത്വം നൽകിയ 1977-ലെ തെരഞ്ഞെടുപ്പിൽ 20 സീറ്റിലും ഇടതുപക്ഷം തോറ്റിട്ടുണ്ട്. 121 നിയമസഭാ മണ്ഡലങ്ങളിലും ഇടതുപക്ഷം തോറ്റിട്ടുണ്ട്. അന്ന് തിരുവിതാംകൂർ മേഖലയിൽനിന്ന് ആകെ ജയിച്ച് നിയമസഭാംഗമായത് സഖാവ് കല്ലറ വാസുദേവൻ പിള്ള മാത്രമാണ്. ഈ തെരഞ്ഞെടുപ്പുകൾകൊണ്ട് ഇടതുപക്ഷത്തെ പരാജയപ്പെടുത്താമെന്ന് കരുതണ്ട. ഇപ്പോൾ പോപ്പി കുടയുടെ ഒരു പരസ്യമുണ്ട്, 'സന്തോഷംകൊണ്ട് എനിക്ക് ഇരിക്കാൻ വയ്യെന്ന്'. മുസ്ലീം ലീഗുകാരെ സംബന്ധിച്ചിടത്തോളം ഇരിക്കണോ, കിടക്കണോ, ഓടണമോ എന്നറിഞ്ഞുകൂടാ. 3 സീറ്റ് കിട്ടിയിട്ടുണ്ട്. മുസ്ലീം ലീഗെന്ന പാർട്ടി എത്ര സീറ്റിൽ മത്സരിച്ചെന്ന് അറിഞ്ഞുകൂടാ. ഇന്ത്യാ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലായി മുസ്ലീം ലീഗ് 12 സീറ്റിൽ മത്സരിച്ചു. 3 സ്ഥലത്തേ ജയിച്ചുള്ളൂ. തമിഴ്നാട്ടിൽ ജയിച്ചതിൽ മുസ്ലീം ലീഗിന് സി.പി.ഐ.(എം.)-ന്റെ വോട്ടും കിട്ടിയിട്ടുണ്ട്. അതെല്ലാം നേടിയാണ് ജയിച്ചത്. നിങ്ങൾ അഹങ്കരിക്കണ്ട. കമ്മ്യൂണിസ്റ്റുകാർ ഈ രാജ്യത്തെ ജനങ്ങളോടൊപ്പം നിന്നുകൊണ്ട് ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ ഏറ്റെടുത്ത് പോരാട്ടം നടത്തി വലതുപക്ഷത്തെ കീഴ്പ്പെടുത്തിക്കൊണ്ട് ഇന്ത്യാ രാജ്യത്തിനകത്ത് ഇടതുപക്ഷത്തിന്റെ കൊടി ഉയർത്തിക്കൊണ്ടുവരുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അൻവർ സാദത്ത്: സർ, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ഗതാഗതം, മത്സ്യബന്ധനം, വാഹന നികുതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഇവിടെ ബഹുമാന്യനായ കെ. ആൻസലൻ വളരെ രൂക്ഷമായി കോൺഗ്രസ്സിനെതിരെ സംസാരിക്കുകയുണ്ടായി. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് സ്വന്തം മണ്ഡലത്തിൽ 28000 വോട്ടിനാണ് നിങ്ങൾ പിന്നോട്ട് പോയിരിക്കുന്നതെന്നാണ്. ആ 28000 വോട്ട് എങ്ങനെയെങ്കിലും കവർ ചെയ്തെടുത്ത് സ്വന്തം നിലനിൽപ്പ് ആദ്യം നോക്കുക; എന്നിട്ടുമതി മറ്റുള്ളവരെ ഉപദേശിക്കുകയും വിമർശിക്കുകയും ചെയ്യുന്നത്. ഞങ്ങളുടെ കാര്യമൊക്കെ ഞങ്ങൾ നോക്കും. എ.ഐ.സി.സി. പ്രസിഡന്റ് രാജി വയ്ക്കുമെന്നൊക്കെ പറഞ്ഞു. നിങ്ങളുടെ സീതാറാം യെച്ചൂരി ഞാൻ രാജി വയ്ക്കാൻ തയ്യാറാണെന്ന് പറഞ്ഞില്ലേ? ആ മാന്യതപോലും ഇവിടത്തെ മുഖ്യമന്ത്രി കാണിക്കുന്നില്ലല്ലോ. ശ്രീ. രാഹുൽ ഗാന്ധി രാജിവയ്ക്കാമെന്ന് പറഞ്ഞത് അദ്ദേഹത്തിന്റെ ശുദ്ധമനഃസ്ഥിതിയും രാഷ്ട്രീയമായ അന്തസ്സും ഉയർത്തിക്കാണിച്ചുകൊണ്ടുള്ള പ്രവൃത്തിയാണ്.

കെ.എസ്.ആർ.ടി.സി. ഇന്ന് വളരെ ദയനീയമായ അവസ്ഥയിലാണ് ഇത്തവണ ഞങ്ങൾ വിചാരിച്ചു, എല്ലാം ശരിയാക്കുമെന്ന് പറഞ്ഞ് അധികാരത്തിലേറിയപ്പോൾ കെ.എസ്.ആർ.ടി.സി. ശരിയാക്കുമെന്ന്. കെ.എസ്.ആർ.ടി.സി.-യെ ഓരോ ദിവസം കഴിയുമ്പോഴും ശരിയാക്കിക്കൊ ണ്ടിരിക്കുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ചില വ്യക്തമായ കാര്യങ്ങൾ പറയാനുണ്ട്. എന്റെ മണ്ഡലത്തിൽ ഞാൻ രണ്ടാം വട്ടം എം.എൽ.എ. ആയപ്പോൾ ആദ്യം 5 കോടി രൂപ കൊടുത്തു. അവിടത്തെ കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് വളരെ മോശമായി കിടക്കുന്നതിനാൽ നല്ല രീതിയിൽ നവീകരിച്ചുകൊണ്ടുവരാനാണ് 5 കോടി രൂപ കൊടുത്തത്. 3 വർഷം തികയാറായപ്പോഴാണ് അതിന്റെ പ്രവൃത്തി ടെണ്ടർ ചെയ്ത് മറ്റ് നടപടിയിലേയ്ക്ക് പോയത്. ഇപ്പോഴത്തെ എം.ഡി. അതിൽ ഇടപെട്ട് ഞങ്ങളുമായി സംസാരിച്ചതിനുശേഷം അതിന്റെ പ്രവൃത്തികളുമായി മുന്നോട്ടുപോകുന്നുണ്ട്. അത് നല്ല കാര്യം തന്നെയാണ്. കെ.എസ്.ആർ.ടി.സി. രക്ഷപ്പെടണം. എല്ലാവരും ജീവനക്കാരെ പുകഴ്ത്തിയൊക്കെ പറയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരെക്കൊണ്ട് നല്ല രീതിയിൽ പണിയെടുപ്പിച്ചാൽത്തന്നെ രക്ഷപ്പെടാൻ സാധിക്കും. കാരണം, കഴിഞ്ഞ ദിവസം ഒരു കാര്യം അറിയാൻ സാധിച്ചു.

കെ.എസ്.ആർ.ടി.സി.-യിൽ ലീവെടുക്കുമ്പോൾ ഒരു ലീവ് ലെറ്റർപോലും കൊടുക്കാതെ ലീവിൽ പോകുന്ന സാഹചര്യമാണുള്ളത്. വേറെ ഏതെങ്കിലും ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിൽ ഇങ്ങനെയുണ്ടോ, ഇല്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പരിശോധിക്കുന്നത് നല്ലതെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. കേരളത്തിലെ പൊതുഗതാഗതം വലിയ പ്രതിസന്ധി നേരിടുകയാണ്. കെ.എസ്.ആർ.ടി.സി. രക്ഷപ്പെടണമെന്ന് ആരെങ്കിലും പറഞ്ഞാൽ അയാൾക്ക് വട്ടാണെന്നാണ് ജനങ്ങൾ പറയുക. കാരണം, ജനം ഇതിലുള്ള പ്രതീക്ഷ അത്രമാത്രം കൈവിട്ടിരിക്കുകയാണ്. അത്രയേറെ പരിതാപകരമായ കാര്യമാണ്. സംസ്ഥാനത്തെ പൊതുഗതാഗത രംഗം പാടെ തകർന്നിരിക്കുകയാണ്. കേരളത്തിലെയും കേരളത്തിന് പുറത്തെയും നഗരങ്ങളിൽ എത്തിച്ചേരാൻ ആളുകൾ ഇന്ന് സ്വകാര്യ ബസ്സുകളെ ആശ്രയിക്കുന്നു. കല്ലട ബസ്സിന്റെ ഉടമസ്ഥനെപ്പോലൊരു കുത്തക മുതലാളിക്ക് പാതിരാത്രിയിൽ ഗുണ്ടായിസം കാണിക്കാൻ പ്രേരണയും പ്രോത്സാഹനവും നൽകുന്നത് ഇതാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കാരണം, കെ.എസ്.ആർ.ടി.സി.-യിലെ കെടുകാര്യസ്ഥതയാണ്. അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും സംസ്ഥാനത്തെ വിവിധ നഗരങ്ങളിലേയ്ക്കും സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ് മുതലാളിമാരോട് മത്സരിക്കാനുള്ള ശക്തിപോലും കെ.എസ്.ആർ.ടി.സി.-യിലെ കെടുകാര്യസ്ഥതമൂലം ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഒരു മാറ്റമെന്ന പേരിൽ കൊണ്ടുവന്ന കെ.എസ്.ആർ.ടി.സി.-യുടെ മിന്നൽ ബസ്സുകൾ നിർത്തലാക്കിയെന്നാണ് അറിയാൻ കഴിയുന്നത്. സ്കാനിയ ബസ്സുകളും ഇപ്പോൾ ഓടുന്നില്ല. തിരുവനന്തപുരത്തുനിന്നും 3 മണിക്കൂർകൊണ്ട് എറണാകുളത്ത് എത്താൻ കഴിയുന്ന മിന്നൽ ബസ്സുകൾ ജനങ്ങൾക്ക് അനുഗ്രഹമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രാത്രി 8.30 കഴിഞ്ഞാൽ കേരളത്തിന്റെ തലസ്ഥാനത്തുനിന്നും വടക്കോട്ട് ഒറ്റ ട്രെയിനും ഓടുന്നില്ലെന്ന് ഓർക്കണം. കല്ലടയെപ്പോലുള്ള സ്വകാര്യ മുതലാളിമാർ ഈ അവസരം മുതലെടുത്ത് കേരളത്തിന് പുറത്തേയ്ക്കും അകത്തേയ്ക്കുമൊക്കെ സർവ്വീസ് നടത്തി ജനങ്ങളെ പിഴിയുകയാണ്. ബാംഗ്ലൂർ, ചെന്നൈ പോലുള്ള നഗരങ്ങളിലേയ്ക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ആയിരക്കണക്കിന് മലയാളികളാണ് ഈ നഗരങ്ങളിലേയ്ക്ക് ദിവസേനയെന്നോണം യാത്ര ചെയ്യുന്നത്. അവിടെയെല്ലാം ട്രാൻസ്പോർട്ടിന്റെ ഗുണ്ടാമുതലാളിമാരുടെ ദയാദാക്ഷിണ്യത്തിന് സർക്കാർ വിട്ടുകൊടുക്കുകയാണെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇവിടെ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ശ്രീ. അൻവർ സാദത്ത് പറഞ്ഞത് കെ.എസ്.ആർ.ടി.സി. നന്നാവുമെന്ന് പറയുന്നത് ആരെങ്കിലും കേട്ടാൽ പറയുന്ന ആളിന് കുഴപ്പമുണ്ടെന്ന് തോന്നും എന്നത് സത്യമാണ്. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴുള്ള പ്രശ്നം എല്ലാ റൂട്ടുകളും വെട്ടിച്ചുരുക്കുകയാണ് എന്നുള്ളതാണ്. ഒരുദാഹരണം പറയാം, പെരുമ്പാവൂരും ആലുവയും അടുത്തടുത്താണ്. പെരുമ്പാവൂർ ഡിപ്പോയിൽനിന്നും രാവിലെ പുറപ്പെടുന്ന രണ്ട് സൂപ്പർഫാസ്റ്റ് ബസ്സുകൾ തൃശ്ശൂരിലേയ്ക്ക് കൊണ്ടുപോയി. അതുപോലെ മൂവാറ്റുപുഴ ഡിപ്പോയിൽനിന്നും മറ്റ് ഡിപ്പോകളിൽ നിന്നുമെല്ലാം ബസ്സുകൾ പല സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോയി. അത് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് ബസ്സുകൾ ഒരു മാസത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ കൊണ്ടുപോയതെന്നാണ്. രണ്ട് ബസ്സുകൾ തൃശ്ശൂരിൽനിന്നും പെരുമ്പാവൂർ വഴി തിരുവനന്തപുരത്തേയ്ക്ക് എത്തിക്കൊണ്ടിരുന്നതാണ്. പെരുമ്പാവൂരിൽനിന്നും നാല് മണിക്കും അഞ്ച് മണിക്കും പുറപ്പെട്ടിരുന്ന ബസ്സുകളിൽ നിറയെ ആളുകളുണ്ടായിരുന്നു. തൃശ്ശൂരിൽ കൊണ്ടുപോയതിനുശേഷം അവിടെനിന്നും ആ വണ്ടി സമയത്ത് പുറപ്പെടുകയുമില്ല.

മി. സ്പീക്കർ : അങ്ങ് ചുരുക്കിപ്പറയൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ പറയട്ടെ, അദ്ദേഹം വഴങ്ങിയതാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് വല്ല കുഴപ്പമുണ്ടോ, ഞാൻ ഇരിക്കണമോ?

മി. സ്പീക്കർ: അങ്ങനെ വഴങ്ങിത്തന്നാൽ ദീർഘമായ പ്രസംഗം നടത്താൻ കഴിയുമോ? അങ്ങേയ്ക്ക് അതിൽ ഇടപെട്ടുകൊണ്ട് ഒരു ചോദ്യം ചോദിക്കാനേ കഴിയൂ. ഒരാൾക്ക് കൊടുത്ത പ്രസംഗത്തിൽ മറ്റൊരു അംഗത്തിന് പ്രസംഗം നടത്താൻ കഴിയുമോ? അങ്ങനെയുള്ള ചട്ടമൊന്നുമില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അദ്ദേഹം വഴങ്ങിത്തന്നാൽ പിന്നെയെന്താണ് പ്രശ്നം? ഞാൻ കാര്യം പറയാം, അതിനുശേഷം ഈ ബസ് വരുന്നില്ലെന്നുമാത്രമല്ല, മറ്റ് ഡിപ്പോയിലേയ്ക്ക് മാറ്റുകയും ചെയ്തു. ഇങ്ങനെയുള്ള പ്രശ്നങ്ങൾ എറണാകുളം ജില്ലയിൽ പലയിടത്തുമുണ്ട്. ഇത് ഞാൻ അദ്ദേഹവുമായി സംസാരിച്ച വിഷയമാണ്. ഇക്കാര്യത്തിൽ അങ്ങയുടെ മണ്ഡലത്തിലും ഇടപെട്ടിട്ടുണ്ടോയെന്നാണ് അറിയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അൻവർ സാദത്ത്: സർ, എല്ലാ മണ്ഡലങ്ങളിലും പലപ്പോഴും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ട്രിപ്പുകൾ വെട്ടിക്കുറയ്ക്കുന്നു, നിരന്തരം ഷെഡ്യൂളുകൾ മുടങ്ങുന്നതുപോലുള്ള സംഭവങ്ങൾ യാത്രക്കാരെയും പൊതുസമൂഹത്തെയും അലട്ടുന്ന വലിയ പ്രശ്നമാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതിൽ ഒരു യഥാർത്ഥ്യമുണ്ട്. കെ.എസ്.ആർ.ടി.സി. കൊട്ടുംകുരവയുമായി ആരംഭിച്ച പതിനഞ്ചോളം ഇലക്ട്രിക് ബസ്സുകളുണ്ട്. ഇപ്പോൾ ആ പതിനഞ്ചെണ്ണവും കട്ടപ്പുറത്താണ്. ആദ്യ ഓട്ടത്തിൽത്തന്നെ വൈദ്യുതിചാർജ് തീർന്ന് ബസ്സുകൾ റോഡിൽ കിടക്കേണ്ടതായിവന്നു. ഇലക്ട്രോ ഗ്രീൻടെക് എന്ന സ്വകാര്യ കമ്പനിയുടെ ബസ്സുകളായിരുന്നു ഇതെല്ലാം. കമ്പനിക്ക് വാടക കൊടുത്തില്ലെന്ന് പറഞ്ഞാണ് ബസ്സുകൾ നിർത്തിയത്. ദീർഘവീക്ഷണത്തോടു കൂടിയല്ലാത്ത നടപടികളാലാണ് ഇങ്ങനെയുള്ള പ്രശ്നങ്ങളിൽപ്പെട്ട് നിർത്തലാക്കേണ്ട സാഹചര്യമുണ്ടാകുന്നത്. അതുകൊണ്ട് ദീർഘവീക്ഷണത്തോടുകൂടി നമുക്ക് മുന്നോട്ടുപോകാൻ സാധിക്കണം.

കേരളത്തിലെ മത്സ്യബന്ധന മേഖലയാകെ വറുതിയുടെ പിടിയിലാണ്. തീരപ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണമാണുള്ളത്. കാലവർഷം ആരംഭിച്ചതോടുകൂടി തീരദേശ മേഖലയിലെ ആളുകളുടെ നിലവിളികൾ ഉയരുന്നതായിട്ടാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കടലാക്രമണം തടയാൻ ഈ സർക്കാർ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. കടലിൽ കല്ലിടുന്ന ഏർപ്പാട് ഇനി വേണ്ടെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തോമസ് ഐസക് പറയുന്നത്. അതുകൊണ്ട് പലയിടത്തും പുലിമുട്ടുകളും കടൽ ഭിത്തികളും ഇല്ലാത്ത അവസ്ഥയാണുള്ളത്. കിടപ്പാടം കടലെടുത്തുകൊണ്ടുപോകുമ്പോൾ നിലവിളികളോടെ അത് കണ്ടുനിൽക്കാനേ മത്സ്യത്തൊഴിലാളികൾക്ക് കഴിയുന്നുള്ളൂ. നമ്മുടെ മത്സ്യത്തൊഴിലാളികളോട് കേരളം എന്നും കടപ്പെട്ടിട്ടുള്ളതാണ്. പ്രളയ ദുരന്തമുണ്ടായ സന്ദർഭത്തിൽ ഞങ്ങളൊക്കെ വിറങ്ങലിച്ചുനിന്നപ്പോൾ, വലിയ പ്രയാസത്തിലായപ്പോൾ ആ മത്സ്യത്തൊഴിലാളികളാണ് ഞങ്ങളുടെ പ്രദേശത്ത് വന്ന് പാവപ്പെട്ട ജനങ്ങളെ രക്ഷപ്പെടുത്തിയതെന്നത് നമുക്കെല്ലാവർക്കുമറിയാം. കടലാക്രമണമുണ്ടായ സ്ഥലങ്ങളിൽ ദുരന്തമനുഭവിക്കുന്നവരെ കാണുന്നതിനായി ഞങ്ങളുടെ പ്രിയപ്പെട്ട എം.പി.-മാരായ ശ്രീ. ഹൈബി ഈഡനും ശ്രീ. ബെന്നി ബെഹനാനുമടക്കമുള്ളവർ ചെന്നപ്പോൾ അവരോട് പറഞ്ഞ വികാരം അവർ ഞങ്ങളോട് പങ്കുവയ്ക്കുന്ന ഒരു സാഹചര്യമുണ്ടായി. കഴിഞ്ഞ ദിവസം എറണാകുളം ജില്ലാ കളക്ടർ ചെല്ലാനത്തെ ദുരന്തമേഖലയിൽ പോയപ്പോൾ പ്രദേശവാസികൾ ജില്ലാ കളക്ടറോട് തട്ടിക്കയറുന്ന ഒരു സാഹചര്യമുണ്ടായി. വെറുതെയല്ല, അവരുടെ പ്രയാസം കൊണ്ടാണ് ഇവിടെ ചില

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിൽ അവർക്ക് കടൽഭിത്തി നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. ആ കടൽഭിത്തി എല്ലാ വർഷവും യഥാസമയം മെയിന്റനൻസ് ചെയ്യാത്തതിന്റെ ഭാഗമായിട്ടാണ് തകർന്നുപോയത്. അതുകൊണ്ട് എല്ലാ വർഷവും യഥാസമയം കടൽഭിത്തി മെയിന്റനൻസ് ചെയ്യാനുള്ള സാഹചര്യമുണ്ടാകണമെന്ന് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. എല്ലാ രീതിയിലും മത്സ്യത്തൊഴിലാളികളെ വലിയ പ്രയാസത്തിലാക്കുന്നു. പ്രളയം വന്നപ്പോൾ ഞങ്ങളോട് പറഞ്ഞത്, ആശങ്ക വേണ്ടെന്നാണ്. ഞങ്ങളും എല്ലാവരോടും പറഞ്ഞു ആശങ്ക വേണ്ടെന്ന്. അവസാനം കഴുത്തിനൊപ്പം വെള്ളം ഉയർന്നപ്പോഴാണ് ആശങ്കയെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്. അന്ന് പ്രളയം കഴിഞ്ഞപ്പോൾ ഗവൺമെന്റ് പല കാര്യങ്ങളും പറഞ്ഞു. ഇന്നും ആലുവയിലുള്ള ഞങ്ങളുടെ പ്രദേശങ്ങളിൽ പ്രളയ ദുരന്തത്തിൽ പ്രയാസപ്പെടുന്ന ആളുകളുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. എസ്. ശർമ്മയുടെ സബ്മിഷനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, പ്രളയ ദുരന്തത്തിൽപ്പെട്ടവരുടെ വീടുകൾക്ക് സഹായം നൽകുന്നതിനായി വീണ്ടും അപേക്ഷ സ്വീകരിക്കുമെന്നാണ്. പ്രളയ ദുരന്തത്തിൽപ്പെട്ട് തകർന്ന വീടുകൾക്കുള്ള അപേക്ഷ ഇന്നും പഞ്ചായത്തുകളിലും വില്ലേജുകളിലും ലഭിക്കുന്നുണ്ട്. അതിന് ഒരു അറിയിപ്പോ ഒരു ഓർഡറോ ഉണ്ടായിട്ടില്ല. അവിടെ പ്രളയത്തിൽപ്പെട്ട് വീടുകളുൾപ്പെടെ എല്ലാം നഷ്ടപ്പെട്ട ആളുകളുണ്ട്. വീണ്ടും അപേക്ഷകൾ സ്വീകരിക്കുമെന്ന് പറയുന്നതല്ലാതെ അതിനുള്ള ഒരു ഡയറക്ഷൻ കൊടുക്കുകയോ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് പ്രളയ ദുരന്തത്തിൽപ്പെട്ടവരെ വേണ്ടവിധം സംരക്ഷിക്കണം. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് എന്താണ് സംഭവിച്ചത്? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സംഭവിച്ചത് വിശ്വാസികൾക്കെതിരെയുള്ള പ്രശ്നം. ഈ പ്രളയ ദുരന്തത്തിൽ ജനങ്ങളോട് കാണിച്ച മുഖംതിരിഞ്ഞ സമീപനത്തോടുള്ള ശക്തമായ തിരിച്ചടിയാണ് നിങ്ങൾക്ക് ഈ തെരഞ്ഞെടുപ്പിൽ കിട്ടിയതെന്ന് മനസ്സിലാക്കാൻ സാധിക്കും. എന്റെ നിയോജകമണ്ഡലത്തിൽ 32000 വോട്ടിന്റെ ഭൂരിപക്ഷം കിട്ടി. എല്ലാ വിഭാഗത്തിൽപ്പെടുന്ന ആളുകളുടെയും വോട്ട് ഞങ്ങൾക്ക് കിട്ടി. നിങ്ങളുടെ ഗവൺമെന്റിനെതിരെ ശക്തമായ എതിർപ്പാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഒന്ന് വിശ്വാസി സമൂഹം എതിരായി, മറ്റൊന്ന് പ്രളയ ദുരന്തത്തിൽപ്പെട്ടവർ എതിരായി. എല്ലാ രീതിയിലും ജനങ്ങൾ എതിരായിട്ടും ഇപ്പോൾ പറയുന്നത് ഞങ്ങൾ ബി.ജെ.പി.-ക്കെതിരെ ശക്തമായ പ്രവർത്തനം നടത്തിയതിന്റെ റിസൾട്ടാണ് നിങ്ങൾക്ക് കിട്ടിയതെന്ന്. എന്താണ് നിങ്ങൾ പറയുന്നത്? 'നിങ്ങൾ ശക്തമായി പ്രവർത്തിച്ചതിന്റെ റിസൾട്ട് എന്ന പ്രതിഭാസം', ഈ പ്രതിഭാസം ഞങ്ങൾ ആദ്യമായിട്ടാണ് കേൾക്കുന്നത്. സാധാരണ മറ്റ് പല ന്യായീകരണങ്ങളാണ്

പറയുന്നത്. ഇത് വേറെ ഒരു ന്യായീകരണവുമില്ലാത്തതിനാൽ നിങ്ങൾ പ്രവർത്തിച്ചതുകൊണ്ട് ഞങ്ങൾ ജയിച്ചുവെന്ന് പറഞ്ഞാൽ ഞങ്ങൾക്കാർക്കും മനസ്സിലാകുന്നില്ല. ഇങ്ങനെയുള്ള മുടന്തൻ ന്യായങ്ങൾ പറഞ്ഞ് നിങ്ങളുടെ അണികളെ പിടിച്ച് നിർത്താനാണെന്ന് മനസ്സിലാക്കാൻ സാധിക്കും. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കേണ്ടത് കമ്മ്യൂണിസ്റ്റ് പാർട്ടി ഇനിയും പല കാര്യങ്ങളും ചിന്തിക്കാനും പ്രവർത്തിക്കാനുമുണ്ട്, നിങ്ങൾ പറഞ്ഞ കാര്യങ്ങളിൽതന്നെ ഉറച്ചുനിൽക്കാതെ, ജനങ്ങളെ മനസ്സിലാക്കി മുന്നോട്ടുപോയില്ലെങ്കിൽ ഒരു സംശയവും വേണ്ട, ഇനിയും നിങ്ങൾ ദയനീയാവസ്ഥയിലേയ്ക്ക് പോകും. ശബരിമല വിഷയത്തിൽ നിങ്ങൾ വിചാരിച്ചു, ഇവിടെ ബി.ജെ.പി.-ക്ക് കൊയ്ത്തുണ്ടാകും, ഇതോടെ കോൺഗ്രസിന്റെ കാര്യം തീർന്നുവെന്ന്. പക്ഷെ നേരെ തിരിച്ചാണ് സംഭവിച്ചത്. നിങ്ങളുടെ വോട്ടുകൾക്കാണ് ഏറെ നഷ്ടമുണ്ടായത്. എന്റെ മണ്ഡലത്തിൽ ശ്രീ. ബെന്നി ബെഹനാൻ നന്ദി പറയാൻ വന്നപ്പോൾ ഈ വിഷയവുമായി ബന്ധപ്പെട്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹപ്രവർത്തകരായ, ഡി.വൈ.എഫ്.ഐ. പ്രവർത്തകരാണ് പല സ്ഥലങ്ങളിലും പൂച്ചെണ്ടുകൾ കൊടുത്തത്. അതുകൊണ്ട് നിങ്ങൾ ഞങ്ങളെ കുറ്റം പറയാതെ സ്വയം നന്നാകാനും നിങ്ങളുടെ തെറ്റുകൾ തിരുത്തുവാനും തയ്യാറാകണം. അതല്ലാതെ ശ്രീ. രാഹുൽ ഗാന്ധിയെയും ഞങ്ങളുടെ മറ്റ് നേതാക്കന്മാരെയുമൊക്കെ കുറ്റപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാതിരിക്കുന്നതാണ് നല്ലത് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാരോടും ആദ്യമായി എന്റെ നന്ദി അറിയിക്കുകയാണ്. മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളിൽ കെ.എസ്.ആർ.ടി.സി.-യിൽ മാത്രമായി ആ ചർച്ച പരിമിതപ്പെട്ടുപോയി എന്ന ഒരു പരിഭവം മാത്രം ഞാൻ നിങ്ങളെയെല്ലാവരെയും അറിയിക്കുന്നു.

2016 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ സെക്രട്ടേറിയറ്റിനുമുന്നിൽ കെ.എസ്.ആർ.ടി.സി.-യുടെ 30000-ത്തോളം പെൻഷൻകാർ സത്യാഗ്രഹം നടത്തിയിരുന്നു. ആ പെൻഷൻകാരോട്, കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുമെന്നും ഒരു മികച്ച സ്ഥാപനമാക്കി മാറ്റുമെന്നൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല; ഞങ്ങൾ അവരോട് നിങ്ങളുടെ പെൻഷൻ മുടങ്ങാതെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. പ്രോഗ്രസ് റിപ്പോർട്ട് കയ്യിലുള്ളവർ ആ ഭാഗമൊന്ന് വായിച്ചുനോക്കുന്നത് നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സൂചിപ്പിച്ചതുപോലെ പെൻഷൻ തുക സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് മുടങ്ങാതെ കൊടുത്തുകൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചിടത്തോളം അതൊരു വലിയ നേട്ടമായി കാണുകയാണ്. കാരണം, 30000-ത്തോളം പെൻഷൻ പറ്റിയ ജീവനക്കാരുടെ ജീവൽപ്രശ്നത്തിനാണ് ശാശ്വതമായ പരിഹാരമുണ്ടാക്കിയത്. അവിടെനിന്നാണ് ഞങ്ങൾ തുടങ്ങുന്നത്. കടബാധ്യത സംബന്ധിച്ച് ശ്രീ. എം. വിൻസെന്റ് ഇവിടെ സംസാരിക്കുകയുണ്ടായി. കടബാധ്യത ഉണ്ടായിട്ടുണ്ട്, അത് ശരിയാണ്. സാമ്പത്തിക ശാസ്ത്രത്തിന്റെ എ, ബി, സി, ഡി അറിയുന്ന എല്ലാവർക്കും അതറിയാം. അതായത്, 100 കോടി രൂപ കടം വാങ്ങിയാൽ 12 കൊല്ലമാകുമ്പോൾ അത് 500 കോടി രൂപയാകും. വെറുതെ കിട്ടുന്നതല്ലല്ലോ; കടമെന്നത് പലിശയ്ക്കാണ്, പലിശയ്ക്ക് കടം വാങ്ങിയാണ് ശമ്പളം കൊടുത്തുകൊണ്ടിരുന്നത്. വലിയ നേട്ടമാണെന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല, പക്ഷേ ഇപ്പോൾ കടം വാങ്ങിക്കാതെയാണ് ശമ്പളം കൊടുക്കുന്നത്. ഇതൊരു നേട്ടമൊന്നും ആയിരിക്കില്ല. ശ്രീ. എൻ. എ. നെല്ലിക്കുന്ന് 'മാതൃഭൂമി'യെ കൂട്ടുപിടിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. 'മാതൃഭൂമി' സദുദ്ദേശ്യത്തോടെയാണ് പറഞ്ഞത്. എന്നാൽ അത് അടച്ചുപൂട്ടുന്നതാണ് നല്ലതെന്ന വാദം അദ്ദേഹം ഏറ്റെടുത്ത് ഇവിടെ പറഞ്ഞത് കഷ്ടമായിപ്പോയി എന്നേ ഞാൻ പറയുകയുള്ളൂ.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാനും സദുദ്ദേശ്യത്തോടെയാണ് പറഞ്ഞത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, സദുദ്ദേശ്യത്തോടെയാണെന്ന് ഒരു എം.എൽ.എ. പറഞ്ഞാൽ അത് അംഗീകരിക്കുകയല്ലാതെ അതിനോട് എന്തിനാണ് ഏറ്റുമുട്ടാൻ നിൽക്കുന്നത്; അങ്ങ് പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. സദുദ്ദേശ്യമായാൽ മതി. കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് 'മാതൃഭൂമി' അത് പറഞ്ഞത്. ആര് നടത്തിയ നിയമനങ്ങളെ സംബന്ധിച്ചാണ് കോടതി അങ്ങനെ പറഞ്ഞത്; പിൻവാതിൽ നിയമനം എന്ന് ആരാണ് പറഞ്ഞത്; ഏത് കാലത്താണ്; ഞങ്ങൾ ഒരു പിൻവാതിൽ നിയമനമെങ്കിലും നടത്തിയിട്ടുണ്ടോ; 'മാതൃഭൂമി'യുടെ മുഖപ്രസംഗത്തിന് ആധാരമായത് കോടതി പറഞ്ഞതാണല്ലോ; പിൻവാതിൽ നിയമനമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ് കോടതി പറഞ്ഞത്. അങ്ങനെയാണ് കെ.എസ്.ആർ.ടി.സി. നഷ്ടത്തിലായതും കെടുകാര്യസ്ഥതയിലേയ്ക്ക് എത്തിയതും. എന്നാണത്; അന്നത്തെ മന്ത്രിസഭയിലെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് ഇരുന്നത് ഇപ്പോൾ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇരിക്കുന്ന കസേരയിലാണ്. ഇത് നന്നാവില്ലെന്ന് ഇവിടെനിന്ന് ശപിച്ചത് അദ്ദേഹമാണ്. ആ ശാപവാക്കുകൾ ഏറ്റെടുത്തുകൊണ്ടാണോ തുടർന്ന് നമ്മൾ സഞ്ചരിക്കേണ്ടത്; അതല്ല, പ്രതീക്ഷാനിർഭരമായ ഒരു നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് കഴിയാവുന്ന കാര്യങ്ങൾ ചെയ്ത് ഈ സ്ഥാപനത്തെ മെച്ചപ്പെടുത്തുകയാണോ ചെയ്യേണ്ടത്; ഏതാണ് വേണ്ടത്; നിങ്ങൾ പറഞ്ഞതുപോലെ ചെയ്യാം. ഇത് നന്നാവില്ലെന്നുപറഞ്ഞ് ഇട്ടെറിഞ്ഞ് പോവുകയാണോ വേണ്ടത്; നന്നാക്കാൻ നമ്മൾ ശ്രമിക്കുകയാണ്. അതാണ് കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

മിന്നൽ ബസ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് ശ്രീ. അൻവർ സാദത്ത് പറയുകയുണ്ടായി. അദ്ദേഹം ഒരു കാര്യം പറഞ്ഞു. പക്ഷേ ഞാനത് സന്തോഷത്തോടുകൂടി നിരസിക്കുന്നു. ലീവ് ലെറ്റർ പോലും കൊടുക്കാതെ ലീവെടുത്ത് സ്വന്തം കാര്യങ്ങൾ നോക്കുന്ന ജീവനക്കാരാണ് കെ.എസ്.ആർ.ടി.സി.-യിലുള്ളതെന്ന അദ്ദേഹത്തിന്റെ പരാമർശം ഞാൻ അംഗീകരിക്കുന്നില്ല. അത്തരത്തിലുള്ള ജീവനക്കാർ പറഞ്ഞുതരുന്ന കണക്കനുസരിച്ചാണ് ഇവിടെ സംസാരിക്കുന്നതെങ്കിൽ അത് ഖേദകരമാണ്. അങ്ങനെ ചെയ്യാൻ പാടില്ല. ഡിപ്പോയിലെ ഉദ്യോഗസ്ഥർ വന്നുപറയുന്ന കാര്യമനുസരിച്ച് എം.എൽ.എ.-മാർ ദയവായി സംസാരിക്കരുതെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ ആലുവ ബസ് സ്റ്റാന്റിന്റെ മുൻപിൽ 15 മിനിട്ട് നിന്നാൽ ഒരാൾക്ക് തിരുവനന്തപുരത്തേയ്ക്കും തൃശ്ശൂരിലേയ്ക്കും ബസ് കിട്ടും. തിരുവനന്തപുരത്തുനിന്ന് തൃശ്ശൂരിലേയ്ക്ക് എം.സി. റോഡ് വഴിയും എൻ.എച്ച്. വഴിയും 15 മിനിട്ട് ഇടവിട്ട് ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ എന്നുള്ളത് പരിശോധിച്ച് പറയണം. അങ്ങനെ ചെയ്യുന്നുണ്ട്. എന്തുകൊണ്ടാണ് അങ്ങനെ വേണ്ടിവന്നത്; ഓരോ പ്രാദേശിക പ്രദേശങ്ങളിൽനിന്നും തിരുവനന്തപുരത്തേയ്ക്കോ തൃശ്ശൂരിലേയ്ക്കോ ഗുരുവായൂരിലേയ്ക്കോ ബസ് വേണമെന്ന് പറയും. പിന്നീട് അത് കോൺവോയ് ആയാണ് ഓടുന്നത് എന്ന് നിങ്ങളിൽ പലരും പരാതി പറഞ്ഞിട്ടുണ്ട്. എം.സി. റോഡിലോ എൻ.എച്ച്.-ലോ നിന്നാൽ അഞ്ചും ആറും ബസ്സുകൾ കോൺവോയ് ആയി പോകുന്നു, നാലും അഞ്ചും യാത്രക്കാരുമായി പോകുന്നു. റൂട്ടുകൾ ക്രമീകരിക്കലാണ് ഈ പ്രശ്നത്തിന് പരിഹാരം. അതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ പിന്തുണയോടുകൂടിയാണ് ആ ക്രമീകരണ നടപടികൾ ആരംഭിച്ചിട്ടുള്ളത്. 5200

LIBRARY ARCHIVES Kerala Legislative Assembly

ബസ്സുകൾ ഓടിയ സമയത്തെ കണക്ക് ഇവിടെ പറഞ്ഞു. 4100 ബസ്സുകൾ ഓടിയപ്പോൾ 6.50 കോടി രൂപയാണ് പ്രതിദിന വരുമാനം. വരുമാനം വർദ്ധിപ്പിക്കാൻ ശാസ്ത്രീയമായ പുനഃസംവിധാനമാണ് കെ.എസ്.ആർ.ടി.സി. നടത്തിക്കൊണ്ടിരിക്കുന്നത്.

അന്തർസംസ്ഥാന സർവ്വീസുകൾ സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിനും ശ്രീ. അൻവർ സാദത്തും പറയുകയുണ്ടായി. പ്രസ്തുത വിഷയം സംബന്ധിച്ച് തമിഴ്നാടുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ട്. എറണാകുളത്തുനിന്നും തിരുവനന്തപുരത്തുനിന്നും ചെന്നൈയിലേയ്ക്കുള്ള സർവ്വീസുകൾ ആരംഭിക്കുന്നതാണ്. കമ്പം, തേനി മേഖലയിലും തമിഴ്നാടുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകൾ ആരംഭിക്കുന്നുണ്ട്.

പിന്നെയുള്ളത് സാമ്പത്തിക ബാധ്യതയെ സംബന്ധിച്ചാണ്. അത് കൂടിയിട്ടുണ്ടെന്ന കാര്യം നിഷേധിക്കുന്നില്ല. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്താൻ ശ്രമിക്കുകയാണ്. രണ്ടുമൂന്ന് പ്രശ്നങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉൾനാടൻ മേഖലകളിലേയ്ക്ക് പോകുന്ന പല സർവ്വീസുകളും നിർത്തലാക്കിയിട്ടുണ്ടെന്നത് ഒരുപരിധിവരെ ശരിയാണ്. രാവിലെയും വൈകുന്നേരവും മാത്രം ആളുകളെ കിട്ടുന്ന സർവ്വീസാണത്. അങ്ങനെ വരുമ്പോൾ, മൂന്ന് ഡ്യൂട്ടിയും ഡീസൽ ചെലവും കഴിഞ്ഞാൽ ഡീസൽ അടിക്കാൻപോലും കാശില്ലാത്ത സർവ്വീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്. എന്നാൽ, മറ്റ് സർവ്വീസുകളൊന്നും ഇല്ലാത്ത പ്രദേശങ്ങളിൽ പുനഃപരിശോധിക്കണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, നാട്ടിൻപുറമൊന്നുമല്ലാത്ത സ്മാർട്ട് സിറ്റിയും ഇൻഫോപാർക്കുമുള്ള എറണാകുളം സിറ്റിയിലെ തൃക്കാക്കര നിയോജക മണ്ഡലത്തിൽ നല്ല ലാഭമാണ്. അവിടെ ധാരാളം ബസ്സുകൾ നിർത്തി. അവ പുനഃസ്ഥാപിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ലാഭകരമായി സർവ്വീസ് നടത്തിയിരുന്ന മേഖലകളിൽ ഏതെങ്കിലും സ്ഥലത്ത് സർവ്വീസ് നിർത്തിയിട്ടുണ്ടെങ്കിൽ അത് പുനഃപരിശോധിച്ച്, ശാസ്ത്രീയമായ റൂട്ട് ട്രാഫിക് സർവ്വേ നടത്തിയതിനുശേഷം മാത്രമേ ഇനി പുതിയ സർവ്വീസുകൾ തുടങ്ങുകയുള്ളൂ.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, 15 മിനിട്ട് ഇടവിട്ട് ആലുവയിൽനിന്ന് വാഹനമുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. ഞാൻ പെരുമ്പാവൂരിന്റെ എം.എൽ.എ. ആയതുകൊണ്ട് ഇടയ്ക്ക് ഇക്കാര്യം ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ചതാണ്. പെരുമ്പാവൂരിൽനിന്ന് രാവിലെ നാല് മണിക്കും അഞ്ച് മണിക്കും ഓരോ ബസ്സുകൾ ഉണ്ടായിരുന്നു. ഈ വണ്ടി രണ്ടും തൃശ്ശൂരിലേയ്ക്ക് കൊണ്ടുപോയി. അന്ന് ഞാൻ എല്ലാവരോടും പറഞ്ഞതാണ്, തൃശ്ശൂരിൽനിന്നും ഈ വണ്ടി നേരത്തെ വരും, കൃത്യസമയത്ത് ഇവിടെയെത്തുമായിരുന്നു. ഇപ്പോൾ വണ്ടി സമയത്തെത്തുന്നില്ല. ആ വണ്ടി മാറ്റി; ചെറിയ വണ്ടികളെല്ലാം പ്രശ്നമാണ്. ധാരാളം സ്ഥലങ്ങളിൽ വണ്ടികൾ നിർത്തലാക്കുകയും ചെയ്തു.

മി. സ്പീക്കർ: ഓരോ ഡിപ്പോയിലേയും വണ്ടികളുടെ കണക്ക് ഇപ്പോൾ അദ്ദേഹത്തിന് പറയാൻ സാധിക്കുമോ; അങ്ങനെയൊരു ചർച്ചയിലേയ്ക്ക് പോകേണ്ടതില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എല്ലാ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും ഡിപ്പോകൾ ഉള്ളതുകൊണ്ട് എല്ലാവർക്കും പറയാനുണ്ടാകും. ക്രമീകരണത്തിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അതൊക്കെ പരിശോധിച്ചതിനുശേഷം പരിഷ്കരിക്കാം. അത് മാത്രമേ ചെയ്യുകയുള്ളു. നമുക്കിതുവരെ കിട്ടിയ വരുമാനം പരിശോധിച്ച് അതുംകൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ സർവ്വീസുകൾ നടത്തുകയുള്ളൂ, അതാണ് നിലപാട്. മറ്റൊന്ന്, ഇലക്ട്രിക് ബസുകൾ വാടകയ്ക്കെടുത്തതും ഓടിച്ചതും സംബന്ധിച്ചാണ്. അന്തർസംസ്ഥാന റൂട്ടുകളിലേയ്ക്ക് ബസ്സുകൾ ഓടുന്നത് സംബന്ധിച്ച് ഇവിടെ ശ്രീ. എം. വിൻസെന്റ് ദുഃസ്സൂചനയോടെയാണ് പറഞ്ഞത്. വാടകയ്ക്കെടുത്ത 10 ബസ്സുകളും ലാഭകരമായിത്തന്നെയാണ് അന്തർസംസ്ഥാന റൂട്ടുകളിൽ സർവ്വീസ് നടത്തുന്നത്. എന്നാൽ ഇ-വെഹിക്കിൾ പോളിസിയിലേയ്ക്ക് സർക്കാർ മാറിയപ്പോൾ പരീക്ഷണാർത്ഥം അത് നടത്തണം. അനുഭവത്തിൽനിന്നാണ് പാഠം പഠിക്കുക, അതുകൊണ്ടുതന്നെ 10 ബസ്സുകൾ വാടകയ്ക്കെടുത്തു. വിജയമോ പരാജയമോ എന്നറിയാതെ കടമെടുത്ത് കാശ് മുടക്കി ബസ്സുകൾ വാങ്ങിയാൽ സാമ്പത്തിക ബാധ്യത കൂടുകയേയുള്ളൂ. അതുകൊണ്ടാണ് പരീക്ഷണാർത്ഥം 10 ബസ്സുകൾ വാടകയ്ക്കെടുത്തത്. ശബരിമലയിൽ ആ സർവ്വീസുകൾ നടത്തി. വളരെ മെച്ചപ്പെട്ട രീതിയിൽ, ജനങ്ങൾക്ക് വളരെ പ്രിയങ്കരമായ വിധത്തിലാണ് അത് നടത്തിയത്. എന്നാൽ ലോംഗ് റൂട്ടിലേയ്ക്ക് തിരുവനന്തപുരത്തുനിന്നും എറണാകുളത്തേയ്ക്ക് എം.സി. റോഡുവഴിയും എൻ.എച്ച്. വഴിയും സർവ്വീസ് നടത്തിയപ്പോൾ ഫലപ്രദമായി സർവ്വീസ് നടത്താൻ കഴിഞ്ഞിട്ടില്ല, അത് ആദ്യത്തെ അനുഭവമാണ്. അതിന് ചാർജ്ജിംഗ് സ്റ്റേഷനുകൾ സംബന്ധിച്ച് ശാസ്ത്രീയമായ ഒരു നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. ബസ്സിന്റെ ടാക്സ് അടയ്ക്കാത്തതുകൊണ്ടാണ് ആ ബസ്സുകൾ ഓടാത്തത്. ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

അടയ്ക്കാത്ത ബസ് ഓടിക്കാൻ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് സമ്മതിക്കുകയില്ല. കെ.എസ്.ആർ.ടി.സി. അല്ല ടാക്സ് അടയ്ക്കേണ്ടത്. ടാക്സ് അടയ്ക്കാതെ മുടങ്ങിക്കിടക്കുമ്പോൾ വാടക കൊടുക്കുകയില്ല. അതിന് അവർ പറയുന്നത്, വാടക കൊടുക്കാത്തതുകൊണ്ടാണ് ബസ് ഓടിക്കാത്തതെന്നാണ്. അവർ ടാക്സ് അടച്ചിട്ടില്ല. ടാക്സ് അടച്ച വണ്ടിക്കുമാത്രമേ നമുക്ക് വാടക കൊടുക്കാൻ സാധിക്കുകയുള്ളൂ. ആ വണ്ടി മാത്രമേ റോഡിൽ ഓടിക്കാൻ സാധിക്കുകയുള്ളൂ, അതാണ് വിഷയം. ആ വിഷയം പരിഹരിക്കുന്നതിന് അവരുമായി ചർച്ച ചെയ്യുന്നുണ്ട്. അതാണ് അക്കാര്യം സംബന്ധിച്ച് പറയാനുള്ളത്.

വൈദ്യുതി ഉൽപ്പാദിപ്പിച്ചുകൊണ്ടുള്ള ഇ-വെഹിക്കിൾ പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. കേരളത്തിൽ ആദ്യമായി ഇലക്ട്രിക് ഓട്ടോറിക്ഷകൾ റോഡിൽ ഇറക്കുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഓട്ടോമൊബൈൽസ് ഇ-ഓട്ടോറിക്ഷകൾ നിർമ്മിച്ചുതുടങ്ങി. കേരളത്തിലെ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടാണ് ആ നടപടികൾ പൂർത്തിയാക്കുക. അവിടെ ഇരുചക്ര വാഹനങ്ങളും നിർമ്മിക്കുന്നുണ്ട്.

ഇന്ത്യയിൽ ആദ്യമായി ജലഗതാഗത മേഖലയിൽ ആദ്യത്തെ സൗരോർജ്ജ ബോട്ട് കേരളത്തിലാണ് ഉണ്ടായത്. ഇപ്പോൾ ഞങ്ങൾ വാട്ടർ ടാക്സിയിലേയ്ക്ക് പോകുകയാണ്. ശ്രീ. ജെയിംസ് മാത്യുവിന്റെയും ശ്രീ. രാജേഷിന്റെയും നേതൃത്വത്തിൽ പറശ്ശിനിക്കടവിൽ ഒരു ടൂറിസം ബോട്ട് നടത്തി; ആദ്യം 1000 രൂപയിൽ താഴെമാത്രം വരുമാനമുണ്ടായിരുന്ന ആ ബോട്ടിന് ഇപ്പോൾ 10000-11000 രൂപ വരുമാനമുണ്ടാകുന്നുണ്ട്. ആ മേഖലയിൽ വാട്ടർ ടാക്സി, വാട്ടർ ബസ് ഉൾപ്പെടെയുള്ള പരീക്ഷണങ്ങൾ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പുതിയ സർവ്വീസുകൾ കൊച്ചിയിലും തവണക്കടവിലുമൊക്കെ ആരംഭിക്കുന്നുണ്ട്. ഓരോ മേഖലയിലും ശ്രദ്ധേയമായ ചുവടുവയ്പുകൾ നടത്തുന്നുണ്ട്. പക്ഷെ കൊട്ടിഘോഷിച്ച് കെ.എസ്.ആർ.ടി.സി.-യും മോട്ടോർ വാഹന വകുപ്പും വലിയ നേട്ടങ്ങൾ കൊയ്തുവെന്നൊന്നും ഞാൻ പറയുന്നില്ല. ഞാൻ ഇപ്പോഴും പ്രതീക്ഷിക്കുന്നത് വലിയൊരു പ്രതിസന്ധിയിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാൻ സാധിക്കുമെന്നുതന്നെയാണ്. ദയവായി എം.എൽ.എ.- മാർ അക്കാര്യത്തിൽ സഹകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. രാജേഷ്: സർ, കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകൾ പല സ്ഥലത്തും പഞ്ചായത്തുകൾ പൊന്നുംവിലയ്ക്കെടുത്താണ് സ്ഥാപിച്ചിരിക്കുന്നത്. അവയൊക്കെ പോക്കുവരവ് ചെയ്യാനുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. ആർ. രാജേഷ് പറഞ്ഞതും നേരത്തേ മറ്റുചില ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ച വിഷയം തന്നെയാണ്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുള്ള പല ഡിപ്പോകളും ഇപ്പോഴും പ്രവർത്തനം പൂർത്തിയാക്കാതെയോ ഭാഗികമായി പൂർത്തിയാക്കിയോ കിടക്കുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈഞ്ചയ്ക്കലിൽ 5 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ട് നാലഞ്ച് വർഷമായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പ്രോജക്ട് തയ്യാറാക്കിയെങ്കിലും അതുനടന്നില്ല. തിരക്ക് കുറയ്ക്കാൻവേണ്ടി ഇന്റർ സ്റ്റേറ്റ് ബസ് സർവ്വീസുകൾ അവിടെനിന്നും ആരംഭിക്കാമെന്ന് പറഞ്ഞുകൊണ്ടാണ് അത്തരത്തിലുള്ള പ്രോജക്ട് തമ്പാനൂരിൽ ചെയ്തത്. അതിലും ഒന്നും നടക്കുന്നില്ല, എന്താണെന്ന് പരിശോധിച്ചിട്ട് അടിയന്തരമായി അവിടെ ഡിപ്പോ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മൂന്നാർ ഉൾപ്പെടെ ഇങ്ങനെ കേരളത്തിന്റെ പലഭാഗങ്ങളിലും ഡിപ്പോകളുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നില്ല.

ശ്രീ. എം. വിൻസെന്റ്: സർ,....

മി. സ്പീക്കർ: ചർച്ച കഴിഞ്ഞല്ലോ;

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. എം. വിൻസെന്റ്, എല്ലാ എം.എൽ.എ.-മാർക്കും ചോദിക്കാൻ കാര്യങ്ങൾ ഉണ്ട്. ഞാൻ പറഞ്ഞ് നിർത്താം, കാരണം സമയം വളരെ പരിമിതമാണ്.

മി. സ്പീക്കർ: ചർച്ചയുടെ സമയത്ത് കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ഒന്നും പറയാതിരിക്കുകയും മറുപടി പറയുന്നതിനിടയ്ക്ക് അതുസംബന്ധിച്ച് പറയുന്നത് ശരിയല്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എം.എൽ.എ.-മാരുടെ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ഡിപ്പോകളുടെ പ്രവർത്തനം പല കാരണങ്ങളാൽ തടസ്സപ്പെട്ടിട്ടുണ്ട്. അതിൽ ഏറ്റവും മികച്ച ഉദാഹരണങ്ങളിൽ ഒന്നായിരുന്നു പാലക്കാട് ശ്രീ. ഷാഫി പറമ്പിൽ മാതൃകാപരമായ ഒരു നിലപാട് സ്വീകരിച്ച് 7 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത്. പക്ഷേ അത് വർഷങ്ങളായി. ഇപ്പോൾ

പറഞ്ഞതുപോലെ ഓരോന്നായി പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്, അത് ടെണ്ടർ ചെയ്തിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് ആ വർക്ക് എടുത്തിട്ടുള്ളത്. അതിന്റെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണെന്നാണ് ഞാൻ മനസ്സിലാക്കിയത്.

ശ്രീ. എം. വിൻസെന്റ്: സർ,....

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ, ഇനി ഒരു മന്ത്രി സംസാരിക്കാനുണ്ട്, ഒരു നിയമനിർമ്മാണം കൂടിയുണ്ട്. ചർച്ചയുടെ സമയത്ത് ഉന്നയിക്കേണ്ട കാര്യങ്ങൾ ആ സമയത്ത് ഉന്നയിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, വിദ്യാർത്ഥികളെ സംബന്ധിച്ച് കൺസെഷൻ പതിക്കുന്ന ഓർഡിനറി ബസ്സുകൾ ക്രമാതീതമായി കുറച്ചിരിക്കുകയാണ്. എല്ലാ രക്ഷാകർത്താക്കളും പരാതി പറയുകയാണ്, രാവിലെ കുട്ടികളെ സ്കൂളിൽ കൊണ്ടുവിടാൻ പോകുമ്പോൾ ഇന്ന് ബസ് വന്നില്ലെന്നുപറഞ്ഞ് അവിടെനിന്ന് എം.എൽ.എ.-മാരെ വിളിക്കുകയാണ്,

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം 15 മിനിട്ടോ 20 മിനിട്ടോ ഇവിടെ സംസാരിച്ചതാണ്, അങ്ങ് രാഷ്ട്രീയം പറഞ്ഞതുകൊണ്ട് പറയാൻ ഉദ്ദേശിച്ചത് വിട്ടുപോയിട്ടുണ്ടാകും. അതിന് ഈ അവസരമല്ല ഉപയോഗിക്കേണ്ടിയിരുന്നത്. എങ്കിലും പറയട്ടെ, ആ കാര്യത്തിൽ സമയബന്ധിത പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് പകുതി പൂർത്തിയായ പദ്ധതികൾ പൂർത്തീകരിക്കാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള പ്രദേശങ്ങളിലെ എം.എൽ.എ.-മാരുമായി ആശയവിനിമയം നടത്തി പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ രണ്ടുമൂന്ന് സ്ഥലങ്ങളിൽ ചർച്ചകൾ പൂർത്തിയായിക്കഴിഞ്ഞു, നമുക്കെല്ലാം ചേർന്ന് ഈ പൊതുവാഹന മേഖലയെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്താമെന്നേ ഞാൻ പറയുന്നുള്ളൂ.

ജി.പി.എസ്. ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ. ദാസൻ, ഇവിടെ പറയുകയുണ്ടായി. ജി.പി.എസ്. ഘടിപ്പിക്കാൻ തീരുമാനിച്ചത് കേരള സർക്കാരല്ല. കഴിഞ്ഞ വർഷം കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിന് ആധാരമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുണ്ടായിരുന്നു. കഴിഞ്ഞ ജൂൺ മാസം മുതൽ ജി.പി.എസ്. ഘടിപ്പിക്കണമെന്ന നിർദ്ദേശമാണ് എല്ലാ വാഹന ഉടമകൾക്കും നൽകിയിട്ടുള്ളത്. ഇത് ബാധിക്കുന്നത് വാഹന ഉടമകൾക്ക് മാത്രമാണ്. എം.എൽ.എ. ഇവിടെ പറഞ്ഞപ്പോൾ തൊഴിലാളികൾ എന്നുപറഞ്ഞു, ഇത് തൊഴിലാളികളെ ബാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അതങ്ങ് കൊണ്ടുവന്ന നിയമമാണെന്നൊന്നും പറഞ്ഞില്ല, ശ്രീ. കെ. ദാസൻ പറഞ്ഞെങ്കിൽ അത് ശരിയാണ്. കാരണം, ടാക്സി ഡ്രൈവേഴ്സിന്റെ ആളുകൾ എന്നെ കാണുകയുണ്ടായി, അവരുടേതാണ് ആ വാഹനം, അല്ലാതെ മുതലാളിമാരുടേതല്ല. ഇതിന് അല്പം സാവകാശം കൊടുക്കണമെന്നാണ് എന്റെയൊരു നിർദ്ദേശം. ഒരു ടാക്സി ഓടിക്കുന്ന ഡ്രൈവർക്ക് ജി.പി.എസ്. വയ്ക്കാതെ, സ്പീഡ് ഗവർണർ ഇല്ലാതെ ഓടിക്കാൻ പറ്റുകയില്ലെന്ന കർശന നിർദ്ദേശത്തിന്റെ ഫലമായി എല്ലായിടത്തും ചെക്കിംഗ് നടക്കുകയാണ്. അവരെല്ലാവരും അടുത്ത ദിവസം സമരം ചെയ്യാൻ പോകുകയാണ്. അതുകൊണ്ട് ആയതിന് ഒരു സമയം കൊടുക്കുക, ആ സമയത്തിനുള്ളിൽ ഘടിപ്പിക്കുക എന്ന നിർദ്ദേശമാണ് പ്രായോഗികമെന്ന് ഞാൻ അങ്ങയെ ഓർമ്മിപ്പിക്കട്ടെ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങയുടെ വിലപ്പെട്ട നിർദ്ദേശം ഞാൻ അവഗണിക്കുകയല്ല, അതിലൊരു ചെറിയ കാര്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്. ഇതിന് ഒരു കൊല്ലം സാവകാശം കൊടുത്തതാണ്, 1-ാം തീയതി മുതൽ 15-ാം തീയതിവരെ സാവകാശം കൊടുത്തു. നിയമപ്രകാരം ഇതിന്റെ കാലാവധി ദീർഘിപ്പിച്ചതായി ഒരുത്തരവ് രേഖാമൂലം പുറപ്പെടുവിക്കാൻ സാധ്യമല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്ര തീയതി മുതൽ നടപ്പിലാക്കണമെന്ന് പറഞ്ഞാൽ, ഇത്ര തീയതിവരെ നീട്ടി എന്നൊരു ഉത്തരവ് ട്രാൻസ്പോർട്ടിന് കൊടുക്കാൻ സാധിക്കുകയില്ല. എന്നിരുന്നാലും ടാക്സി ഡ്രൈവർമാർ പറഞ്ഞതുപോലെ, അവർ മുതലാളിമാരല്ലെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്, നമുക്കൊക്കെ അറിയാവുന്നതുമാണ്. സ്വന്തമായി ഒരു കാർ വാങ്ങി അതിന് ടാക്സി പെർമിറ്റ് എടുത്ത് ഉപജീവനം നയിക്കുന്നവരാണ് അവർ. എന്നാൽ ഈ സമരത്തിൽ പങ്കെടുക്കുന്നത് ഓട്ടോറിക്ഷാ തൊഴിലാളികളാണ്, ഓട്ടോറിക്ഷയിൽ ഇത് ഘടിപ്പിക്കണ്ട. ഓട്ടോറിക്ഷാ തൊഴിലാളികളെങ്കിലും ഈ സമരത്തിൽനിന്ന് പിൻവാങ്ങേണ്ടതല്ലേ? ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയാണ് സമരം പ്രഖ്യാപിച്ചിട്ടുള്ളത്. എന്നിരുന്നാലും പ്രതിപക്ഷനേതാവ് ഈ പ്രശ്നം ഉന്നയിച്ചതുകൊണ്ട് ആ കാര്യത്തിൽ ഒരു ചർച്ച നടത്തി സാവകാശം കൊടുക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്ന കാര്യം തീർച്ചയായും ഗൗരവമായി പരിശോധിക്കുന്നതാണ്.

അപകടങ്ങളെക്കുറിച്ച് പറയുമ്പോൾ, രണ്ട് ദിവസംമുമ്പ് പാലക്കാട്ട് ആംബുലൻസ് ഇടിച്ചാണ്, ആംബുലൻസിലെ 8 പേർ മരിച്ചത്. ആംബുലൻസ് എന്തിനുള്ളതാണ്; ആംബുലൻസിൽ എങ്ങനെയാണ് 8 പേർ കയറുക; ആംബുലൻസിൽ 8 പേർ കയറാൻ പാടില്ലല്ലോ; രോഗിയും രോഗിയെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാൻവേണ്ടി രണ്ടോ മൂന്നോ പേരുമല്ലേ കയറാൻ പറ്റുകയുള്ളൂ, ആംബുലൻസുകളെ ദുരുപയോഗപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ടെന്നാണ് മനസ്സിലാകുന്നത്. ആദ്യം വേണ്ടത് ആംബുലൻസ് ഡ്രൈവർമാർക്ക് മതിയായ പരിശീലനമാണ്. അതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടത്തും. ആംബുലൻസുകളുടെ ഓട്ടം സംബന്ധിച്ച് പ്രത്യേകിച്ച് പറയേണ്ടതില്ല. കാരണം, ഹൈസ്പീഡിലാണ് പോകുന്നത്. രോഗികളെ കഴിയുന്നത്ര വേഗത്തിൽ എത്തിക്കേണ്ട ഉത്തരവാദിത്വം അവർക്കുള്ളതുകൊണ്ട് ചുവന്ന ലൈറ്റ് കത്തിച്ച് ശബ്ദമുണ്ടാക്കിയാണ് പോകുന്നത്. അവരുടെ സ്പീഡ് നിയന്ത്രിക്കാൻ നമുക്ക് പറ്റില്ല, കാരണം, സ്പീഡ് നിയന്ത്രിച്ചാൽ താമസമുണ്ടാകും. ആ മേഖലയിൽ എങ്ങനെയാണ് ഒരു ചിട്ടയുണ്ടാക്കാൻ കഴിയുക എന്നത് സംബന്ധിച്ച് ആംബുലൻസ് ഉടമസ്ഥൻമാരുടെ സംഘടനകളുമായി സംസാരിച്ച് ഒരു മാർഗ്ഗരേഖയുണ്ടാക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ആംബുലൻസുമായി ബന്ധപ്പെട്ട് മലയാളികളുടെ ഡ്രൈവിംഗ് കൾച്ചർ ഏറെ മാറേണ്ടതായിട്ടുണ്ട്. പലസ്ഥലത്തും ആംബുലൻസിന് ഒരു വഴിയൊരുക്കാൻപോലും നമ്മുടെയാളുകൾ ഇപ്പോഴും തയ്യാറാകാത്ത സാഹചര്യമുണ്ട്. ആംബുലൻസ് വരുമ്പോൾ വഴിമാറുന്നില്ലെന്നുമാത്രമല്ല, വേഗത്തിൽ പോകുന്ന ആംബുലൻസിനെ ഫോളോ ചെയ്ത് ബ്ലോക്കിനെ എങ്ങനെ ഒഴിവാക്കാം എന്നുവരെ റോഡിൽ പരിശീലനം നടത്തുന്ന ആളുകൾ നമ്മുടെ ഇടയിലുണ്ട്.

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ആംബുലൻസുകൾ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് നിലവിൽ ഒരു മാർഗ്ഗരേഖയോ നിയമാവലിയോ ഒന്നുംതന്നെയില്ല. അതിനൊരു മാനദണ്ഡവും മാർഗ്ഗരേഖയും ഉണ്ടാകണം. ആംബുലൻസിൽ പോകുന്ന രോഗികളുടെ സുരക്ഷിതത്വംകൂടി ഉറപ്പുവരുത്താൻ ആവശ്യമായ നടപടികളുമായാണ് മുമ്പോട്ടുപോകുന്നത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഞാൻ നേരത്തേ പറഞ്ഞ ഈഞ്ചയ്ക്കൽ ഡിപ്പോയുടെ കാര്യം വ്യക്തമാക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈഞ്ചയ്ക്കൽ ഡിപ്പോ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാം. അതാത് സ്ഥലത്തെ എം.എൽ.എ.-മാരുമായി പ്രത്യേകം ചർച്ച ചെയ്യാമെന്നാണല്ലോ പറഞ്ഞത്. ഒരുപാട് കാര്യങ്ങൾ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉന്നയിച്ച ചില പ്രശ്നങ്ങളിൻമേൽ പരാമർശം നടത്തി എന്നതല്ലാതെ ആരെയും വേദനിപ്പിക്കാനോ ഏതെങ്കിലും തരത്തിൽ കുറ്റപ്പെടുത്താനോ ഞാൻ ഉദ്ദേശിക്കുന്നില്ല. കെ.എസ്.ആർ.ടി.സി. നശിക്കുകയില്ല, കെ.എസ്.ആർ.ടി.സി. ജനങ്ങളുടെ പ്രിയപ്പെട്ട വാഹനമായി, വാഹനസംവിധാനമായി, പൊതുസംവിധാനമായി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകതന്നെ ചെയ്യും. അതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. ഈ ഉറപ്പിന്റെയുംകൂടി അടിസ്ഥാനത്തിൽ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

4.00 P.M.]

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, സമയം ഏറെ വൈകി, ഇനി ഒരു ബില്ലുകൂടിയുണ്ട്. പക്ഷേ അത്യാവശ്യം ചില കാര്യങ്ങൾ പറയാതെ പോകാനും പറ്റില്ല. മത്സ്യമേഖലയെക്കുറിച്ച് കുറേ ചർച്ചകളും നിർദ്ദേശങ്ങളും ഇവിടെ വരികയുണ്ടായി. ചർച്ചയിൽ പങ്കെടുത്ത എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു; നിർദ്ദേശങ്ങൾ സ്വീകരിക്കുകയാണ്. ഇവിടെ എല്ലാവരും ആശങ്കപ്പെട്ടതുപോലെ സമൂഹത്തിലെ ഏറ്റവും പിന്നോക്കമായ ജീവിതാവസ്ഥയിൽ കഴിയുന്ന തൊഴിലാളികളാണ് മത്സ്യത്തൊഴിലാളികൾ. കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.8 ശതമാനമാണ് ആ മേഖലയിലെ ഉൽപ്പാദനം. പ്രാഥമിക മേഖലയുടെ 13 ശതമാനം മത്സ്യരംഗത്താണ്. തൊഴിലാളികൾ പിടിക്കുന്ന മത്സ്യം കയറ്റുമതി ചെയ്ത് നമ്മുടെ സംസ്ഥാനം 5919 കോടി രൂപ വിദേശനാണ്യം നേടുന്നുണ്ട്. ഇതിന് മുഖ്യ പങ്ക് വഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം, ഈ മൂന്ന് വർഷംകൊണ്ട് തകർന്നില്ല, മൂന്ന് വർഷം കൊണ്ട് ക്രമേണ ഉയരുകയാണ് ചെയ്തത്. നമ്മുടെ സംസ്ഥാനത്തിന്റെ ആളോഹരി വാർഷിക വരുമാനത്തിന്റെ 50 ശതമാനത്തിൽ താഴെയാണ് മത്സ്യത്തൊഴിലാളികളുടെ വരുമാനം. ഞാൻ 2015-16-ന്റെ കണക്കുമാത്രമേ എടുക്കുന്നുള്ളൂ. ഇതിൽ ഒരു മത്സ്യത്തൊഴിലാളിയുടെ വാർഷിക വരുമാനം 71,908 രൂപയായിരുന്നു. അന്ന് ഒരു ശരാശരി കേരളീയന്റെ വരുമാനം 1.64 ലക്ഷം രൂപയാണ്. ഇപ്പോൾ 2018-19-ലേയ്ക്ക് എത്തുമ്പോൾ 1,07,049 രൂപയായി മത്സ്യത്തൊഴിലാളിയുടെ ശരാശരി വരുമാനം ഉയർന്നു. സംസ്ഥാനത്തെ ആളുകളുടെ ശരാശരി വരുമാനം 1,00,099 രൂപയായി. അപ്പോൾ 50 ശതമാനത്തിൽ താഴെയായിരുന്നത് ഇക്കഴിഞ്ഞ വർഷങ്ങൾകൊണ്ട് 50 ശതമാനത്തിന് മുകളിലേയ്ക്ക് ലേശമെങ്കിലും ഉയർന്നു, ചെറിയൊരു നേട്ടമാകാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും വരുമാനത്തിൽ ചെറിയ വ്യത്യാസമുണ്ടായി എന്നത് സൂചിപ്പിക്കുകയാണ്. മത്സ്യമേഖലയിലെ ഉൽപ്പാദനരംഗത്ത്, സമുദ്രമത്സ്യ സമ്പത്തിന്റെ അളവിൽ കുറവ് വരികയാണെന്ന് ചില മെമ്പർമാർക്ക് ഒരു ധാരണ വന്നു. അത് ശരിയായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ കുറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം മത്സ്യമേഖലയിൽ എടുത്ത ചില നിയമഭേദഗതികളടക്കം, സി.എം.എഫ്.ആർ.ഐ. അടക്കമുള്ള ശാസ്ത്രസമൂഹം കേരളത്തിന് നൽകിയിട്ടുണ്ടായിരുന്ന ശിപാർശ മത്സ്യബന്ധന മേഖലയിൽ കർശനമായ ചില നിയന്ത്രണങ്ങൾ എടുക്കേണ്ടതുണ്ടെന്നാണ്. 58-ഓളം മത്സ്യ ഇനങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കണം, കണ്ണി വലിപ്പം എന്തായിരിക്കണം തുടങ്ങിയ കുറേയധികം ശിപാർശകൾ ശാസ്ത്രസമൂഹം ഭരണകൂടത്തിന് നൽകിയിരുന്നെങ്കിലും കഴിഞ്ഞ ഗവൺമെന്റ് അത് നടപ്പിലാക്കിയിരുന്നില്ല. 58 ഇനത്തിൽ, അന്ന് നടപ്പിലാക്കിയത് 14 ഇനത്തെയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ശാസ്ത്രസമൂഹം നൽകിയ ശിപാർശകളെല്ലാംതന്നെ തുറന്നമനസ്സോടുകൂടി പ്രയോഗത്തിൽ വരുത്തി. അതിന്റെ ഭാഗമായി കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി ചെയ്തു. അപ്പോൾ ചെറുമത്സ്യങ്ങളെ പിടിക്കുന്ന ട്രോളേഴ്സിനെ, ബോട്ടുടമകളെ കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വന്നു. ബോട്ടുടമകൾ എറണാകുളത്തൊക്കെ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ഓഫീസ് കയ്യേറുന്നതുവരെ കാര്യങ്ങൾ എത്തി. ഗവൺമെന്റ് ഒട്ടും പിന്മാറിയില്ല. നിയമവിരുദ്ധമായ രീതിയിൽ മത്സ്യസമ്പത്തിനെ തകർക്കുന്ന മത്സ്യബന്ധന രീതികൾ തടയുക എന്നത് കർശനമായി നടപ്പിലാക്കുകയും square mesh codend അടക്കം വയ്ക്കുക, എം.എൽ.എസ്. (മിനിമം ലീഗൽ സൈസ്) കൃത്യമായി പാലിക്കുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ഇപ്പോൾ മത്സ്യസമ്പത്തിൽ കുറച്ച് വർദ്ധനവാണ് വന്നിരിക്കുന്നത്. 2016-17-ൽ 4.88 ലക്ഷം ടണ്ണായിരുന്ന മത്സ്യസമ്പത്ത് 2018-19 എത്തുമ്പോൾ 6.09 ലക്ഷം ടണ്ണായി ഉയർന്നിരിക്കുകയാണ്. ഒന്നേകാൽ ലക്ഷം ടൺ മത്സ്യസമ്പത്ത് രണ്ട് വർഷത്തിനിടയിൽ വർദ്ധിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വന്നത് മത്സ്യമേഖലയിൽ നടപ്പിലാക്കിയ ശാസ്ത്രീയമായ ഇടപെടലിലൂടെയാണ്. ഇതിനെല്ലാം മത്സ്യത്തൊഴിലാളികളുടെ സഹകരണം കൂടി ഉറപ്പാക്കിയിരുന്നു. ഇവിടെ ചർച്ചയിൽ ചില അംഗങ്ങൾ മത്സ്യസമ്പത്ത് കുറയുന്നുവെന്ന് പറയുകയുണ്ടായി, അത് തിരുത്തണം. മത്സ്യസമ്പത്ത് കൂടിവരികയാണ്. കടലിന്റെ അടിത്തട്ടാകെ ഇളക്കിമറിച്ച ദുരന്തമാണ് ഓഖി. ഇത് മത്സ്യസമ്പത്തിന്റെ ആവാസവ്യവസ്ഥയെ എങ്ങനെ ബാധിക്കും,

മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ എങ്ങനെ ബാധിക്കും തുടങ്ങിയ കടുത്ത ആശങ്ക ഗവൺമെന്റിനുണ്ടായിരുന്ന ഘട്ടത്തിലാണ് ഇത്തരം നിലപാടിലേയ്ക്ക് പോയത്. നല്ല റിസൽട്ടാണ് കിട്ടിയത്. മത്സ്യസമ്പത്ത് വർദ്ധനവിലേയ്ക്ക് വരുന്നു. ചാള മത്സ്യം ലഭ്യമല്ലാത്ത സ്ഥിതിയിലേയ്ക്ക് വന്നിരുന്നു. കഴിഞ്ഞ വർഷവും ഈ വർഷവും ചാള, കൊഴുവ, അയല തുടങ്ങിയ ഉപരിതല മത്സ്യങ്ങൾ ധാരാളമായി ലഭ്യമാകുന്ന സ്ഥിതി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരത്തിൽ മാറ്റം വരുത്താനിടയാക്കിയിട്ടുണ്ട്. അത്തരമൊരു മാറ്റത്തിന് നേതൃത്വം കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞു എന്നതന്നെയാണ് ഞാൻ അഭിമാനത്തോടുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. മത്സ്യ വകുപ്പിന്റെ പ്രധാനപ്പെട്ട ചുമതല എന്നുപറയുന്നത് മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക സുരക്ഷ ഉറപ്പാക്കൽ, മത്സ്യകൃഷിയിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നിവയാണ്. 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടി നിർദ്ദേശിച്ചിരുന്ന ഏകജാലക സംവിധാനത്തിലൂടെ എല്ലാ മത്സ്യഗ്രാമങ്ങളിലും മത്സ്യഭവനുകൾ, ഇപ്പോഴുള്ള 222-ഓളമുള്ള മത്സ്യഗ്രാമങ്ങൾ, അവിടെ രണ്ടും മൂന്നും മത്സ്യഗ്രാമങ്ങൾ കൂട്ടിച്ചേർത്ത് ഒരു മത്സ്യഭവൻ എന്നീ പ്രൊപ്പോസലുകൾ ഉണ്ടായിരുന്നതാണ്. നിർഭാഗ്യവശാൽ ഈ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലം പിന്നിടുമ്പോഴും അത് നമുക്ക് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ പഞ്ചായത്തിലും കൃഷിഭവനുണ്ട്. മത്സ്യഭവൻ 90 എണ്ണം വേണമെന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടും ഇന്നും 30 എണ്ണത്തിലാണ് നിൽക്കുന്നത്. ഈ ഗവൺമെന്റ് തീർച്ചയായും പരിഗണിക്കുമെന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. അങ്ങനെയൊരു സ്ഥിതികൂടി വന്നുകഴിഞ്ഞാൽ നമുക്ക് മത്സ്യോൽപ്പാദന രംഗത്തും ഉൾനാടൻ മത്സ്യകൃഷിയിലും മികച്ച ഇടപെടൽ നടത്താൻ കഴിയും. അതിലേയ്ക്കാണ് ഗവൺമെന്റ് പൊയ്ക്കൊണ്ടിരിക്കുന്നത്. കേരള ഗവൺമെന്റിനുതന്നെ മത്സ്യകൃഷിക്ക് 23 ഹാച്ചറികളുണ്ട്. നാട്ടിലെമ്പാടും ഒട്ടേറെപേർ ഹാച്ചറി നടത്തുന്നുണ്ട്. ആന്ധ്രയിൽനിന്നും തമിഴ്നാട്ടിൽനിന്നും മത്സ്യക്കുഞ്ഞുങ്ങളെ കൊണ്ടുവരുന്നുണ്ട്. യാതൊരു ഗുണനിലവാരവുമില്ലാത്ത മത്സ്യക്കുഞ്ഞുങ്ങളെ കൊണ്ടുവരുന്നതിന് കേരളത്തിൽ യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. ചരിത്രത്തിൽ ആദ്യമായി 2014-ൽ സീഡ് ആക്ട് പാസ്സാക്കിയിരുന്നു. നിയമം കൊണ്ടുവരിക, ചട്ടം കൊണ്ടുവരിക, പ്രയോഗത്തിൽ വരുത്താതിരിക്കുക എന്ന സ്ഥിതിയിൽനിന്നും ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് മാറ്റമാണുണ്ടാകുന്നത്. ശക്തമായി ഇടപെട്ടുകൊണ്ട് ആവശ്യമായ ചട്ടം പ്രയോഗത്തിൽ വന്നു. സീഡ് ആക്ടിന്റെ ഭാഗമായി സീഡ് സെന്ററും 3 റീജിയണൽ സെന്ററുകളും വരികയാണ്. ഇന്നലത്തെ ക്യാബിനറ്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

7 തസ്തിക അനുവദിച്ച് തന്നതോടുകൂടി ഹാച്ചറികളുടെ ഗുണനിലവാരം പരിശോധിക്കാനും മത്സ്യക്കുഞ്ഞുങ്ങളുടെ ക്വാളിറ്റി ഉറപ്പാക്കിക്കൊണ്ട് മത്സ്യവർദ്ധനവിലേയ്ക്ക്, അക്വാകൾച്ചർ രംഗത്ത് ഒരു കുതിച്ചുചാട്ടത്തിനുതന്നെ ഇടയാക്കുന്ന തരത്തിലേയ്ക്കാണ് ഗവൺമെന്റ് പോകാനുദ്ദേശിക്കുന്നത്. ഇപ്പോൾ ലക്ഷ്യം വയ്ക്കുന്നത് ഇന്നത്തേതിന്റെ ഇരട്ടിയായി മത്സ്യസമ്പത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ്. അതിന്റെ വിശദാംശത്തിലേയ്ക്ക് വരാം. ഭവന നിർമ്മാണം, വിദ്യാഭ്യാസം, ആരോഗ്യ മേഖലകളിലാണ് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ശക്തമായി ഇടപെടുന്നത്; ഭവന നിർമ്മാണരംഗത്ത് വലിയ ഇടപെടലുകളാണ് ഈ ഗവൺമെന്റ് നടത്തുന്നത്. ഈ ഗവൺമെന്റ് വരുമ്പോൾ 2 ലക്ഷം രൂപ വരെയായിരുന്നു മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് പദ്ധതി. 1.2 ലക്ഷം രൂപയായിരുന്നു യൂണിറ്റ് കോസ്റ്റ്. കേന്ദ്ര ഗവണ്മെന്റ് അതിന്റെ 50 ശതമാനം സബ്സിഡിയായി കേരളത്തിന് തരേണ്ടതാണ്. കഴിഞ്ഞ രണ്ട് വർഷത്തിലേറെയായി മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് ഒരു പൈസയും കേന്ദ്ര ഗവൺമെന്റ് തരുന്നില്ല. എന്നിട്ടുപോലും കേരള ഗവൺമെന്റ് രണ്ട് ലക്ഷം രൂപയിൽനിന്ന് നാല് ലക്ഷം രൂപയായി തുക വർദ്ധിപ്പിക്കാനും 50 മീറ്ററിനകത്തുള്ളവരെ മാറ്റിപാർപ്പിക്കാനും ഭൂമിയും വീടുമില്ലാത്തവരുടെ പുനരധിവാസത്തിനായി 10 ലക്ഷം രൂപയുടെ പദ്ധതിയുമാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷം മുതൽ തീരദേശത്തേതു കഴിച്ചിട്ടുള്ള വീടുകൾ ലൈഫ് പദ്ധതിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ലൈഫ് പദ്ധതിയിലേക്ക് പോകുമ്പോൾ പ്രശ്നങ്ങളും ഒട്ടേറെ സങ്കീർണ്ണതകളുടെയും ആശങ്ക പലർക്കുമുണ്ട്. ലൈഫ് പദ്ധതിയിൽത്തന്നെ കഴിഞ്ഞ വർഷം 1220 വീടുകൾ കൊടുക്കാൻ കഴിഞ്ഞു. 10 ലക്ഷം രൂപയുടെ ഭവനനിർമ്മാണ പദ്ധതിയിൽ ഈ വർഷം 1200 വീടുകളാണ് ഞങ്ങൾ ടാർജറ്റ് വച്ചിരിക്കുന്നത്. 750 വീടുകളാണ് കഴിഞ്ഞ വർഷം കൊടുത്തത്. ഇതിൽ ബഹുഭൂരിപക്ഷം ആളുകളും വീട് പൂർത്തീകരിച്ചുകഴിഞ്ഞു. ഫ്ലാറ്റ് നിർമ്മാണത്തിൽ വലിയൊരു മുന്നേറ്റമാണ് ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. ഇവിടെ കടൽക്ഷോഭത്തിന്റെ കാര്യം എല്ലാവരും പറഞ്ഞു. ശ്രീ. വി. എസ്. ശിവകുമാറിന്റെ മണ്ഡലത്തിൽ കടൽകയറി വീട് നഷ്ടപ്പെട്ടവർ കഴിഞ്ഞ നാല് വർഷമായി വഴിയാധാരമായിരുന്നു. അവർക്ക് പുനരധിവാസം കൊടുത്തിരുന്നില്ല. ഈ ഗവൺമെന്റ് വന്നിട്ടാണ് വലിയതുറയിലുള്ളവരെ പുനരധിവസിപ്പിച്ചത്. യാഥാർത്ഥ്യം അറിയണം. ഭൂമിക്ക് വേണ്ടി ശ്രമിച്ചിരുന്നു, അത് കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ: സർ, 6 ലക്ഷം രൂപ സ്ഥലം വാങ്ങുന്നതിനും 4 ലക്ഷം രൂപ വീടുവയ്ക്കുന്നതിനുമാണ് ഇപ്പോൾ ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്. തിരുവനന്തപുരം കോർപ്പറേഷനകത്ത് 6 ലക്ഷം രൂപയ്ക്ക് സ്ഥലം വാങ്ങാൻ കഴിയില്ല. പൂന്തുറ പ്രദേശത്ത് 5 പേരാണ് ഈ കാശ് വാങ്ങിയത്. അവർ ഒന്നൊന്നര വർഷമായി സ്ഥലം വാങ്ങുന്നതിനുവേണ്ടി നടക്കുകയാണ്. കോർപ്പറേഷൻ അതിർത്തിയിൽ അത് കിട്ടില്ല. അതുകൊണ്ട് 10 ലക്ഷം രൂപ എന്നുള്ളത് കുറച്ചുകൂടി വർദ്ധിപ്പിക്കുന്നതിന് നടപടിയുണ്ടാകണം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, തിരുവനന്തപുരം കോർപ്പറേഷനിൽ തന്നെ വലിയതുറയിൽ വീട് നഷ്ടപ്പെട്ട് സ്കൂളിൽ താമസിച്ച 13 പേർ 10 ലക്ഷം രൂപയിൽ 6 ലക്ഷത്തിന്റെ ഭൂമി വാങ്ങി വീട് വച്ചു; അതിന്റെ പണി പൂർത്തീകരിച്ച് കഴിഞ്ഞു. ചില സ്ഥലത്തൊക്കെ വാങ്ങാൻ കഴിയും; വാങ്ങാൻ കഴിയാത്ത പ്രശ്നങ്ങളുള്ള ചിലയിടത്ത് പരിഹാരം കാണാൻ കളക്ടറെ ചുമതലപ്പെടുത്തി ഒരു കമ്മിറ്റി വച്ചു. ഇപ്പോൾ 450 വീടുകൾക്കായി തിരുവനന്തപുരം ജില്ലയിൽ തന്നെ ഭൂമി വാങ്ങിയിട്ടുണ്ട്. തീരെ ഇല്ലായെന്നല്ല, കുറെയൊക്കെ നടക്കുന്നുണ്ട്. പക്ഷെ ഫ്ലാറ്റിന്റെ കാര്യത്തിൽ, വലിയതുറയിൽ ഒരു വർഷംകൊണ്ടാണ് 192 ഫ്ലാറ്റുകൾ വച്ചുകൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞത്. ഒന്ന്, രണ്ട് ലൈനുകളിലുള്ളവരെയാണ് മാറ്റി പാർപ്പിച്ചത്. സ്കൂളിൽ താമസിച്ചിരുന്നത് 12 കുടുംബങ്ങളാണ്. ബാക്കിയുള്ളത് വലിയതുറ മുതൽ ശംഖുംമുഖം അതിർത്തിവരെയുള്ള ഒന്നും-രണ്ടും ലൈനുകളിലുള്ളവരെ മാറ്റി പാർപ്പിച്ചതാണ്. ഇപ്പോഴത്തെ കടൽക്ഷോഭം വന്നപ്പോൾ ഈ ഒന്നും-രണ്ടും ലൈനുകളിലുള്ളവരെ മാറ്റിപ്പാർപ്പിച്ച സ്ഥലവും പോയി മൂന്നാമത്തേതും കടലേറുന്ന തരത്തിലേയ്ക്ക് കാര്യം വന്നു. ഇവിടെ പലരും കടലേറ്റത്തെക്കുറിച്ച് പറഞ്ഞു, എല്ലാവരും പറയുന്നതു കേട്ടാൽ തോന്നും ഈ സർക്കാർ വന്ന് കടൽക്ഷോഭത്തെ വിളിച്ചു വരുത്തുകയാണെന്ന്. ശ്രീ. എം. വിൻസെന്റിന്റെ പ്രസംഗം കേട്ടു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി അവിടെ വന്നു. അദ്ദേഹത്തിന് നേരിട്ട് ബോധ്യപ്പെട്ട കാര്യമാണ്. ഇത് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെയാണെന്നുപറഞ്ഞ് ഫിഷറീസ് വകുപ്പ് മാറി നിൽക്കരുത്. അവിടെ പോയി നോക്കണം. ദുരിതമനുഭവിക്കുന്നവർ മുഴുവനും മത്സ്യത്തൊഴിലാളികളാണ്. ദയനീയമായ സ്ഥിതിവിശേഷമാണ്. ഫിഷറീസ് വകുപ്പുമന്ത്രി ഇനിഷ്യേറ്റീവ് എടുത്ത് കാര്യങ്ങൾ ചെയ്യണം. അല്ലാതെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പാറ ഇടാമെന്ന് പറഞ്ഞാൽ അത് നടക്കില്ല. പാറ കണ്ടെത്തി നാളെയോ മറ്റെന്നാളോ അടിയന്തരമായി അക്കാര്യം ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഇറിഗേഷൻ വകുപ്പും ഫിഷറീസ് വകുപ്പും യോജിച്ചുകൊണ്ടുതന്നെയാണ് ഇത്തരം കാര്യങ്ങൾ ചെയ്യാൻ പോകുന്നത്. മാറിനിൽക്കുകയല്ല. ചെയ്ത കാര്യം പറഞ്ഞോട്ടെ; ഇപ്പോൾ നമ്മുടെ കാലവർഷം തുടങ്ങി കടൽ പ്രക്ഷുബ്ധമായി. ഇത് രണ്ടും ഒരുമിച്ചാണ് വന്നത്. 'വായു' എന്ന പേരിൽ വലിയൊരു ചുഴലിക്കാറ്റാണ് ആന്ധ്ര-ഗുജറാത്തിലേയ്ക്ക് വന്നിരിക്കുന്നത്. എന്തായാലും കുറെ വർഷങ്ങൾക്കുശേഷമാണ് കാലവർഷത്തോടൊപ്പം ഇത്രയും രൂക്ഷമായി കടൽക്ഷോഭത്തിലേയ്ക്ക് കാര്യങ്ങൾ വന്നത്. ഇതിനെ മുൻകൂട്ടി കണ്ടുകൊണ്ടുതന്നെയാണ് നടപടികളിലേയ്ക്ക് നീങ്ങുന്നത്. 590 കി.മീ ദൈർഘ്യമുള്ള കേരളതീരത്ത് 350-ഓളം കി.മീറ്റർ അങ്ങേയറ്റം പ്രശ്നബാധിത പ്രദേശമാണ്. കേരളം രൂപീകൃതമായിട്ട് 60 വർഷത്തോളമായല്ലോ; ഇത് പൊടുന്നനെയുണ്ടായ സംഭവമല്ല. കാലാകാലങ്ങളിലുള്ള സങ്കീർണ്ണമായ പ്രശ്നമാണ്. ഞാൻ ആരെയും കുറ്റം പറയുന്നതല്ല. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മാറി നിൽക്കുന്നുമില്ല. ഈ പ്രശ്നത്തിന്റെ സങ്കീർണ്ണത മനസ്സിലാക്കിക്കൊണ്ടാണ് മലയെല്ലാം ഇടിച്ചുപൊട്ടിച്ച് കടൽതീരത്ത് കൊണ്ടുപോയി ഇട്ടത്. എന്നിട്ട് ആ പാറയെല്ലാം കടലെടുത്തുകൊണ്ടുപോയി. ഇത് പരിഹാരമില്ലാത്ത പ്രശ്നമായി തുടരുകയാണ്. പുതിയൊരു ടെക്നോളജി ഇക്കാര്യത്തിൽ ഉണ്ടായേ മതിയാകൂ എന്നുള്ളതുകൊണ്ടാണ് വിശാഖപട്ടണത്തും ചെന്നൈയിലും പരീക്ഷിച്ചിട്ടുള്ളൊരു കാര്യം ഇപ്പോൾ കേരളത്തിൽ കടലുണ്ടിയിലും ഞങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചത്. അത് ഓഫ് ഷോർ ബ്രേക്ക് വാട്ടർ ആണ്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ചെന്നൈ NIT പഠനം നടത്തി. ഡി.പി.ആർ. തയ്യാറാക്കി ഇപ്പോൾ തിരുവനന്തപുരത്ത് പൂന്തുറ, വലിയതുറ, ശംഖുംമുഖം എന്നീ സ്ഥലങ്ങളിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടർ ചെയ്യാൻ എല്ലാ ഡാറ്റാസും ആയിട്ടുണ്ട്. കടലിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടർ ഇടാൻ കെട്ടിടം നിർമ്മിക്കുന്നതുപോലെ പെട്ടെന്ന് ചെയ്യാൻ പറ്റില്ല. തിരമാലയുടെ അളവ്, അതിന്റെ പ്രത്യാഘാതം ഇതെല്ലാം ദീർഘമായി പഠിച്ചുകൊണ്ടുമാത്രമേ ഈ കാര്യങ്ങൾ ചെയ്യാൻ പറ്റുകയുള്ളൂ. പെട്ടെന്നൊരു പരിഹാരം എന്നുപറയുന്നത് തീരദേശത്ത് പ്രായോഗികമല്ല. രണ്ട് വർഷക്കാലത്തെ നിരന്തരമായ പഠനത്തിന്റെ ഭാഗമായിട്ടാണ് ഓഫ് ഷോർ ബ്രേക്ക് വാട്ടറുമായി ബന്ധപ്പെട്ട കാര്യങ്ങൾ കിഫ്ബിയിൽ അപ്‌ലോഡ് ചെയ്തത്. കഴിഞ്ഞ ബോർഡ് മീറ്റിംഗിൽ അപ്രൂവ് ചെയ്യുമെന്നാണ് ഞാൻ വിചാരിച്ചത്. അതിൽ അവർ വീണ്ടും ഒരു കറക്ഷൻ ചോദിച്ചു. അത് കറക്ട് ചെയ്തു. ഇപ്പോൾ അടുത്ത കിഫ്ബി ബോർഡ് മീറ്റിംഗിൽ ഇത് അംഗീകരിച്ചുകിട്ടുമെന്നാണ് കരുതുന്നത്. അങ്ങനെ കിട്ടിയാൽ സെപ്റ്റംബറോടുകൂടി തിരുവനന്തപുരത്ത് തീരദേശ സംരക്ഷണത്തിന്റെ നിർമ്മാണ

പ്രവർത്തനം തുടങ്ങും. ഇപ്പോൾ അപ്രൂവ് ചെയ്താലും വലിയ കടൽക്ഷോഭത്തിനിടയ്ക്ക് ചെയ്യാൻ പറ്റില്ല. ഈ മഴക്കാലം കഴിഞ്ഞിട്ടേ പണി തുടങ്ങാൻ സാധിക്കുകയുള്ളൂ. സെപ്റ്റംബർ മാസത്തോടുകൂടി ആ നിർമ്മാണം തുടങ്ങും. അത് വിജയകരമാണെന്ന് കണ്ടാൽ ചെല്ലാനത്തും വളരെ രൂക്ഷമായിട്ടുള്ള കടലാക്രമണ പ്രദേശങ്ങളിലുമെല്ലാം അത് പ്രായോഗികമാക്കാമെന്നാണ് കരുതുന്നത്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മാറി നിൽക്കുന്നതല്ല. നിലവിൽ അടിയന്തരമായി മണൽ ചാക്ക് നിറയ്ക്കുക എന്ന മാർഗ്ഗമേയുള്ളൂ. അതിൽ രണ്ട് ഗുണമാണുള്ളത്. കാലാകാലങ്ങളായി ചെയ്തുവന്നതുപോലെ കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്ത്; ടെൻഡർ ചെയ്ത്; സമയമെടുത്ത് പകുതിക്ക് ചെയ്യുന്ന തരത്തിലല്ല. ഈ പ്രക്ഷോഭകാലത്ത് കടലിൽ പോകാൻ കഴിയാത്ത തൊഴിലാളികൾക്ക് മണൽ നിറയ്ക്കൽ ഒരു തൊഴിലുമാകും. അത്തരത്തിൽ ലേബർ ചാർജ്ജ് നേരിട്ട് മൽസ്യത്തൊഴിലാളികൾക്ക് കൊടുത്ത് മണൽ നിറയ്ക്കാനാണ് തീരുമാനിച്ചത്. ചെല്ലാനത്തും അങ്ങനെയാണ് തീരുമാനിച്ചത്. അതിനാണ് കേരളത്തിന്റെ 9 ജില്ലകളിലും 22.5 കോടി രൂപ കൊടുത്തത്. അടിയന്തരമായി തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടുകൂടി തീരസുരക്ഷ പ്രായോഗികമാക്കുകയാണ്. തിരുവനന്തപുരത്ത് ഇന്ന് കുറച്ചുപേർ ബോധപൂർവ്വം തർക്കമുണ്ടാക്കി. ദയവുചെയ്ത് അങ്ങ് അതിന് കൂട്ടുനിൽക്കരുത്. തൽക്കാലം നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പൂന്തുറയിലുമൊക്കെ ചില സംവിധാനങ്ങൾ വരുന്നു, അത് വരട്ടെ. പക്ഷേ ഇപ്പോഴുള്ള ദുരന്തം അവസാനിപ്പിക്കാൻ മണലിട്ടാൽ സാധിക്കില്ല. ഞാൻ രണ്ട് ദിവസം മുമ്പ് കളക്ടറേറ്റിൽ ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുകൂട്ടി, മണലിടുന്നതിന് തീരുമാനിച്ചു. മണൽ ലോറിയുമായിട്ട് വന്നപ്പോൾ അവരെ മുഴുവൻ തിരിച്ചയച്ചു. മണലിട്ടാൽ നിൽക്കില്ല. അത്രത്തോളം കടലാക്രമണമാണ് അവിടെയുണ്ടാകുന്നത്. ഇതിനകത്ത് ചെയ്യാനുള്ള ഒരു കാര്യം എന്താണെന്ന് പറഞ്ഞാൽ, എങ്ങനെയെങ്കിലും കുറച്ച് പാറ കണ്ടെത്തി അവിടെ തൽക്കാലമായി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പാറ പൊട്ടിക്കൽ എന്നുള്ള കാര്യം നടക്കില്ല. ചെറിയ ചാക്കുകളല്ല, നീളമുള്ള ചാക്കുകളിൽ മണലിടാനാണ് ഉദ്ദേശിക്കുന്നത്. അല്ലാതെ പാറപൊട്ടിച്ചുകൊണ്ടുവന്നിടുക എന്നുള്ളത് സാധിക്കില്ല. പ്രായോഗികമായി ചിന്തിക്കേണ്ട കാര്യമാണ്. ചിന്തിച്ചേ പറ്റൂ. നിങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളോടൊപ്പം കലാപത്തിന് നിന്നിട്ട് ഒരു കാര്യവുമില്ല. അവർക്ക് തൊഴിൽ കിട്ടുമെന്നുപറഞ്ഞാൽ അവർ തന്നെ ഉത്തരവാദിത്തം ഏറ്റെടുക്കും. വേറെ കോൺട്രാക്ടർ ചെയ്യുമ്പോഴാണല്ലോ പ്രശ്നം വരുന്നത്.

മി. സ്പീക്കർ: ഈ വിഷയവുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോൾ ഉന്നയിക്കേണ്ട കാര്യമാണിത്. ആ സമയത്ത് ആഗോള രാഷ്ട്രീയം പറഞ്ഞിട്ട് എന്താ കാര്യം?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇവിടെ നമ്മൾ ഒരുമിച്ചുനിന്നാലേ പറ്റൂ. കടൽക്ഷോഭം ആരെങ്കിലും ഉണ്ടാക്കുന്നതല്ല. ഭരണ-പ്രതിപക്ഷം പറഞ്ഞ് തൊഴിലാളികളെ ഇളക്കി വിട്ടിട്ട് ഒരു കാര്യവുമില്ല. ഇക്കാര്യത്തിൽ എല്ലാവരും ഒരുമിച്ചുനിന്ന് തൽക്കാലം ചെയ്യേണ്ട കാര്യങ്ങളേ കരണീയമായിട്ടുള്ളൂ. പ്രായോഗിക നിലപാട് എടുക്കലാണ് ഏറ്റവും പ്രധാനം. .......(ബഹളം).....

മി. സ്പീക്കർ: ഇത് ശരിയാവില്ല. മിനിസ്റ്റർ.....

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതുകൊണ്ടുതന്നെയാണ് നമ്മൾ കളക്ടർമാരെ ചുമതലപ്പെടുത്തിയത്. ഇന്ന് വൈകിട്ട് ജലവിഭവ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി തുടങ്ങിയവരുമായി വീണ്ടും ചർച്ചയുണ്ട്. നാളെ അടിയന്തരമായി കളക്ടർമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളടക്കം അവിടെ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടുകൂടി സുരക്ഷാ പദ്ധതി നടപ്പിലാക്കും. ഇതിലൂടെയുള്ള ഗുണം രണ്ടാണ് ഒന്ന്, കോൺട്രാക്ടർമാരെ ഒഴിവാക്കാൻ പറ്റുന്നു രണ്ട്, കടലിൽ പോകാതിരിക്കുന്ന തൊഴിലാളിക്ക് അഡീഷണലായിട്ട് ഒരു തൊഴിലുമാകുന്നു. അവരുടെതന്നെ നേതൃത്വത്തിൽ തീരം സംരക്ഷിക്കുകയും ചെയ്യാം. തൽക്കാലം അതേ മാർഗ്ഗമുള്ളൂ. അതുകൊണ്ട് സഹകരിക്കുക എന്നുള്ളതാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. ഞാൻ മറ്റ് വിഷയത്തിലേയ്ക്ക് പോകുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറയരുത്. ഞാനും ഈ കടൽക്ഷോഭം അനുഭവിക്കുന്ന പ്രദേശത്തെ ഒരു എം.എൽ.എ. ആണ്. അവിടെ കഴിഞ്ഞ തവണ ഡോ. ടി. എം. തോമസ് ഐസക്, ഇതുപോലെ കയർഫെഡിന്റെ മണൽച്ചാക്ക് നിറച്ചിട്ടിട്ട് ഒരാഴ്ച പോലും നിന്നില്ല. ഒരു തിരയടിക്കുമ്പോൾ അത് പൊളിഞ്ഞുപോകുകയാണ്. അടിയന്തരമായി, വൾനറബിൾ ഏരിയാസ് നോക്കി കല്ലിട്ടില്ലെങ്കിൽ ആളുകളുടെ വീടുമുഴുവൻ പോകും. ആലപ്പുഴ ജില്ല, പ്രത്യേകിച്ച് തീരപ്രദേശങ്ങളിൽ ഞങ്ങൾ

അനുഭവിക്കുന്ന പ്രശ്നം വളരെ ഗുരുതരമാണ്. വിചാരിക്കുന്നതുപോലെ അത്ര എളുപ്പമല്ല. ദയവായി കല്ലിടാനുള്ള നടപടികൾ സ്വീകരിച്ചേ മതിയാകൂ. എല്ലായിടത്തുമല്ലെങ്കിലും വൾനറബിൾ ഏരിയാസിലെങ്കിലും അതിടണം. വീടുകൾ പൊയ്ക്കൊണ്ടിരിക്കുകയാണ്. മണൽച്ചാക്ക് ഒരാഴ്ച പോലും നിൽക്കില്ല.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് പറഞ്ഞ ഗൗരവത്തോടുകൂടിത്തന്നെ പറയുകയാണ്, നമ്മൾ എത്ര ശ്രമിച്ചാലും കല്ല് ലഭ്യമല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. അവിടെ മണൽച്ചാക്ക് നിലനിന്നില്ല. പക്ഷേ, ഇപ്പോൾ ചെല്ലാനത്ത് അങ്ങ് പോകുകയാണെങ്കിൽ കാണാൻ സാധിക്കും. നമ്മുടെ ഈ ടേബിളിന്റെ മൂന്ന് മടങ്ങ് വലിപ്പമുള്ള മണൽച്ചാക്കാണ് അവിടെ ഇട്ടിട്ടുള്ളത്. ഒരു wave-ന് അതിനെ മറിക്കാനൊന്നും പറ്റില്ല. അത്ര വലുതാണ്. പമ്പ് ചെയ്താണ് ചെളി നിറയ്ക്കുന്നത്. അങ്ങ് ഒന്ന് കാണുന്നത് നല്ലതാണ്. പക്ഷേ geobag എന്നുപറയുമ്പോൾ സാധാരണ ചാക്കാണ് നമ്മുടെ മനസ്സിൽ വരുന്നത്. അവ നിൽക്കില്ല എന്നുള്ളത് വളരെ വ്യക്തമാണ്. ചെല്ലാനത്ത് ഞാൻ കണ്ടത് ഇത്തരത്തിലുള്ള wave-നെ തടയാൻ പറ്റുന്നവ തന്നെയാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, നമ്മൾ എത്ര ആഗ്രഹിച്ചാലും ഉടനടി കല്ല് പൊട്ടിച്ചുകൊണ്ടുവരാൻ സാധിക്കില്ല, അതിന് കല്ല് ലഭ്യമല്ല. അതുകൊണ്ട് പ്രായോഗികമായി നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യാം. ..... (ബഹളം)......

ശ്രീ. വി. എസ്. ശിവകുമാർ: സർ, കല്ല് കിട്ടുന്നില്ല എന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇന്നലെ തുറമുഖ വകുപ്പ് ഉദ്യോഗസ്ഥർ എന്നോട് കുറച്ച് കല്ല് അറേഞ്ച് ചെയ്തുതരാമെന്ന് പറഞ്ഞു. അവർ ഇന്ന് അവിടെ പോയിരിക്കുകയാണ്.

മി. സ്പീക്കർ: ഇതെന്താണ്.... മിനിസ്റ്റർ, ഇതിന് വഴങ്ങാൻ പറ്റില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നെടുമങ്ങാട് പോയപ്പോൾ അവിടെ ലോറി ക്യൂ നിൽക്കുകയാണ്. കാരണം, മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ലോറി നിൽക്കുകയാണ്. അപ്പോൾ ഗവൺമെന്റ് വിചാരിച്ചാൽ പാറ കിട്ടും. അടിയന്തരമായി വാഹനം ഇന്ന് അയച്ച്, ക്യൂവിൽ നിൽക്കുകയാണെന്ന് തുറമുഖ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നോട് പറഞ്ഞു. കാരണം, അത്യാവശ്യ കാര്യത്തിനുവേണ്ടി ആരും ഇനിഷ്യേറ്റീവ് എടുക്കുന്നില്ല എന്നുള്ളതാണ് സത്യം. ഉദ്യോഗസ്ഥന്മാർക്ക് എന്തുചെയ്യാൻ പറ്റും?

മി. സ്പീക്കർ: മിനിസ്റ്റർ സംസാരിക്കു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അപ്പോൾ കളക്ടറോ മറ്റ് ആരെങ്കിലുമോ ഇടപെട്ടാൽ പാറ കിട്ടും.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പ്രായോഗികമായി ചെയ്യാൻ പറ്റുന്നത് ചെയ്യാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അക്കാര്യത്തിൽ അടിയന്തര ഇടപെടലാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ലംപ്സംഗ്രാന്റിന്റെ കാര്യത്തിൽ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ ചില പ്രൊപ്പോസലുകൾ വയ്ക്കുകയുണ്ടായി. അദ്ദേഹം ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അറിയുന്നില്ല എന്ന് കരുതുന്നു. ഇൻഷ്വറൻസ് വേണം, കുട്ടികൾക്ക് സഹായം കൊടുക്കണം തുടങ്ങിയ ചില കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. ഇൻഷ്വറൻസ് ഏർപ്പെടുത്തിക്കഴിഞ്ഞു. അതൊക്കെ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നാല് കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. ആദ്യമായാണ് യാനങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നത്. പരമ്പരാഗത തൊഴിലാളിക്ക് യാനങ്ങളുടെ ഇൻഷ്വറൻസിൽ തൊണ്ണൂറ് ശതമാനവും ഗവൺമെന്റാണ് അടയ്ക്കുന്നത്. അതിനാണ് നാല് കോടി രൂപ വച്ചിരിക്കുന്നത്. ബോട്ടുകൾക്ക് 50% തൊഴിലുടമയും 50% ഗവൺമെന്റും അടയ്ക്കുന്നു. അങ്ങനെയാണ് ആദ്യത്തെ ഇൻഷ്വറൻസ്. 'വിദ്യാതീരം' പദ്ധതിവഴി ഗവൺമെന്റ് വലിയ ഇടപെടലാണ് നടത്തുന്നത്. ലംപ്സംഗ്രാന്റ് കുട്ടികൾക്ക് കൊടുക്കുന്നുണ്ട്. ഈ ഗവൺമെന്റ് വരുന്ന സമയത്ത് പതിനെട്ട് കോടി രൂപയായിരുന്നു വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് കുടിശ്ശിക. ഇപ്പോൾ ഒരു കുടിശ്ശികയുമില്ല. 2016-17-ൽ 19.99 കോടി രൂപ കുട്ടികൾക്ക് കൃത്യമായി കൊടുത്തു. 2017-18-ൽ പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളുടെ എണ്ണവും തുകയും ഉയർന്നു. ആ വർഷം 25.25 കോടി രൂപയും 2018-19-ൽ 29.17 കോടി രൂപയും ലംപ്സംഗ്രാന്റ് ഇനത്തിൽ നൽകി. അങ്ങനെ 74.41 കോടി രൂപ ഈ ഗവൺമെന്റ് കുട്ടികളുടെ ലംപ്സംഗ്രാന്റായി കൊടുത്തു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ കുട്ടികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അടച്ചതിനുശേഷം സ്കൂൾ തുറക്കുമ്പോഴുള്ള ലംപ്സംഗ്രാന്റ് കൊടുത്തിരുന്നില്ല. ഇപ്പോൾ മുഴുവൻ ലംപ്സംഗ്രാന്റും നേരിട്ട് കുട്ടികളുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. ഏതെങ്കിലും സ്കൂളിൽ

കിട്ടാതെയുണ്ടെങ്കിൽ സ്കൂൾ മാനേജ്മെന്റ് കൃത്യമായി ക്ലെയിം ചെയ്യാത്തതിന്റെ പ്രശ്നമായിരിക്കും. ലംപ്സംഗ്രാന്റ് കൊടുക്കുന്നതിൽ ഗവൺമെന്റ് വളരെ കൃത്യതയോടുകൂടിയാണ് പോകുന്നത്. കൂടാതെ നേരത്തെ സൂചിപ്പിച്ചതുപോലെ, ഞങ്ങൾ 'വിദ്യാതീരം' പദ്ധതി നടപ്പിലാക്കി, മത്സ്യത്തൊഴിലാളികളിൽ മിടുക്കരായ മക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി. ഈ ഗവൺമെന്റിന്റെ മൂന്ന് വർഷത്തിനിടയിൽ 24 കുട്ടികൾക്കാണ് MBBS-ന് അഡ്മിഷൻ കിട്ടിയിരിക്കുന്നത്. BDS, BAMS, BHMS തുടങ്ങിയ കോഴ്സുകളിൽ 14 കുട്ടികൾ അഡ്മിഷൻ നേടി. 71 കുട്ടികൾക്ക് പരിശീലനം കൊടുത്ത് പുതുതായി അഡ്മിഷൻ കിട്ടുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വന്നിട്ടുണ്ട്. വളരെ മെച്ചപ്പെട്ട രീതിയിലാണ് വിദ്യാഭ്യാസ രംഗം, ഭവനനിർമ്മാണം, ആരോഗ്യ രംഗം എന്നിവയുടെ പ്രവർത്തനം. ആരോഗ്യ രംഗത്ത് നമ്മൾ തീരദേശത്തെ എല്ലാ സ്കൂളുകളും എടുത്തിരിക്കുകയാണ്. തീരദേശത്തെ വലിയൊരു ഇടപെടൽ നടക്കാൻ പോകുന്നത് മാർക്കറ്റിന്റെ രംഗത്താണ്. മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽ നിന്നൊഴിവാക്കാൻ പറ്റുന്ന തരത്തിലുള്ള വായ്പാസംവിധാനം തുടങ്ങിയ കാര്യങ്ങൾ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ ഗവൺമെന്റ് മത്സ്യഫെഡ് വഴി 420 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. അതിൽ മേജർ പദ്ധതിയായ പലിശ രഹിത വായ്പ, ഈ വർഷം മുതൽ introduce ചെയ്യുകയാണ്. ഇതുവരെ അങ്ങനെ ഉണ്ടായിരുന്നില്ല. മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽനിന്ന് രക്ഷിക്കാൻവേണ്ടി പലിശരഹിത വായ്പയായി എൻ.സി.ഡി.സി.-യുടെ സഹായത്തോടുകൂടി ഈ വർഷം 36 കോടി രൂപയുടെ പദ്ധതിയാണ് തുടക്കം കുറിക്കുന്നത്. ബോട്ടിൽ പോകുന്ന തൊഴിലാളിക്ക് ലേലക്കാശ് ഇതുവരെ ഇരുപത്തയ്യായിരം രൂപയാണ് മത്സ്യഫെഡ് പലിശരഹിത വായ്പയായി കൊടുത്തത്. ഇപ്പോൾ അത് അൻപതിനായിരം രൂപയായി ഉയർത്തിയിരിക്കുകയാണ്. അവർ ആരിൽനിന്നും കടം വാങ്ങി കടക്കെണിയിൽ പോകേണ്ട കാര്യമില്ല. അതിനുതകുന്ന തരത്തിൽ മത്സ്യത്തൊഴിലാളികളുടെ സഹകരണ പ്രസ്ഥാനം വളരെ ശക്തമായി ഇടപെടുന്ന തരത്തിലേയ്ക്കാണ് കാര്യം വന്നിരിക്കുന്നത്. മത്സ്യബോർഡ് വഴിയുള്ള വിവിധ ആനുകൂല്യങ്ങൾക്കായിത്തന്നെ 214 കോടി രൂപയാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ഇതുവരെ ചെലവഴിച്ചത്. തീരമൈത്രി പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്ന് വൈകിട്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു പ്രോഗ്രാം നിയമസഭാലോഞ്ചിൽ നടത്തുന്നുണ്ട്. രണ്ടായിരത്തോളം ഗ്രൂപ്പുകൾ - നമ്മുടെ മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾ-സ്വയംതൊഴിൽ കണ്ടെത്തലിലേയ്ക്ക് വന്നിരിക്കുകയാണ്. അവരുടെ കലാപരിപാടികൾ ഇന്ന് വൈകിട്ട് കാണാം. 13.21 കോടി രൂപയാണ് ഇക്കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ കിഫ്ബി വഴി സ്കൂൾ, ഹോസ്പിറ്റൽസ് എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിയിട്ടുള്ളതാണ്. ഹാർബറിന്റേതായി 621 കോടി രൂപയുടെ പദ്ധതിയാണ് അപ്‍ലോഡ് ചെയ്തിരിക്കുന്നത്. ആയിരവും രണ്ടായിരവും എവിടെ എന്നൊക്കെ ശ്രീ. എം. വിൻസെന്റ് ചോദിച്ചു. ആയിരത്തിലേറെ കോടി രൂപയാണ് വിവിധ മേഖലകളിൽനിന്നായി കഴിഞ്ഞ വർഷം സോർട്ട് ചെയ്തിട്ടുള്ളത്. പുതിയ പ്രോജക്ട് നടപ്പിലാക്കുന്നുണ്ട്. ആ പ്രോജക്ടിനെക്കുറിച്ചാണ് പറഞ്ഞത്. ഇപ്പോഴത്തെ പദ്ധതികളെല്ലാം നിർത്തിവച്ചിട്ടില്ല. ബഡ്ജറ്റിന് പുറത്താണ് ഞാൻ ഇപ്പറഞ്ഞത്. ബഡ്ജറ്റ് എന്നുപറയുന്നത് കഴിഞ്ഞ വർഷം 412 കോടി രൂപയാണ്. ഇപ്പോൾ ഭവന നിർമ്മാണ പദ്ധതി ലൈഫിലേയ്ക്ക് പോയപ്പോൾ 320 കോടി രൂപയായി ചുരുങ്ങി. പക്ഷേ ബഡ്ജറ്റിനുപുറത്ത് നബാർഡ്, എൻ.സി.ഡി.സി., കിഫ്ബി എന്നിവ വഴി പരമാവധി സോഴ്സ് ഉപയോഗിച്ചുകൊണ്ടാണ് നമ്മൾ മത്സ്യമേഖലയിലെ പദ്ധതി നടപ്പിലാക്കുന്നത്. ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഏറ്റവും സുപ്രധാനമായ ഒരു പദ്ധതി ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കലാണ്. അത് രണ്ട് തരത്തിലാണ് ഉദ്ദേശിക്കുന്നത്. ഒന്ന് വേമ്പനാട് കായലും അഷ്ടമുടിക്കായലും. 25000 ഹെക്ടറുണ്ടായിരുന്ന വേമ്പനാട് കായൽ കയ്യേറി, ഇപ്പോൾ 16845 ഹെക്ടറായി ചുരുങ്ങി. അഷ്ടമുടിക്കായൽ 36 സ്ക്വയർ കിലോമീറ്റർ ഉണ്ടായിരുന്നത് പകുതിയിലേറെ കയ്യേറി. ഇപ്പോൾ 6424 ഹെക്ടറാണ് അഷ്ടമുടിക്കായലിന്റെ വിസ്തൃതി. ഈ രണ്ട് കായലിലെയും കയ്യേറ്റം തടഞ്ഞുകൊണ്ട് മത്സ്യസമ്പത്ത് സംരക്ഷിക്കാൻ കഴിയുന്ന തരത്തിൽ സ്വാഭാവിക പ്രജനന കേന്ദ്രങ്ങൾ അവിടെ ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. കരിമീൻ വളരെ പാരന്റൽ കെയർ ഉള്ള മത്സ്യമാണ്. ഓരോ മത്സ്യവും ആയിരത്തിലധികം കുഞ്ഞുങ്ങളെ വീതം മുട്ടയിട്ട് വളർത്തുന്നതാണ്. പക്ഷേ നമ്മൾ അതിനെ പിടിച്ചുകൊണ്ടുപോകുക വഴി അമ്മ മത്സ്യത്തിനെയും ഈ ആയിരം കുഞ്ഞുങ്ങളെയും നശിപ്പിക്കും. അതുകൊണ്ട് വേമ്പനാട് കായലിൽ 40 ഹെക്ടർ പ്രദേശത്ത് 20 കേന്ദ്രങ്ങൾ സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുകയാണ്. അഷ്ടമുടിക്കായലിൽ 10 കേന്ദ്രങ്ങളാണ് ഉദ്ദേശിക്കുന്നത്. ഇവിടെ അതിന്റെ സംരക്ഷണത്തിനായി മത്സ്യത്തൊഴിലാളികളുടെ കുടുംബത്തെത്തന്നെ ഗാർഡ് ആയി നിശ്ചയിച്ചുകൊണ്ട് മത്സ്യസമ്പത്ത് ഇരട്ടിയായി വർദ്ധിപ്പിക്കാനുള്ള ഫലപ്രദമായ ഇടപെടൽ നടത്തുന്നതാണ്. കൈപ്പാടി പൊക്കാളി ജലാശയങ്ങൾ 30000 ഹെക്ടറാണുള്ളത്. ഇന്ന് ആകെ കൃഷി ചെയ്യുന്നത് 2000 ഹെക്ടറിൽ താഴെയാണ്. ബാക്കി കൃഷി ചെയ്യുന്നില്ല. കഴിഞ്ഞ വർഷം ഈ ഗവൺമെന്റ് വന്നതിനുശേഷം 26% മത്സ്യോൽപ്പാദനത്തിന്റെ വർദ്ധനവ് ഈ രംഗത്ത് വന്നിട്ടുണ്ട്. മുന്നേറ്റമുണ്ടെങ്കിലും അത് നമ്മൾ ആഗ്രഹിക്കുന്ന തരത്തിലില്ല. കൈപ്പാടി പൊക്കാളി

ജലാശയങ്ങളിലും അഷ്ടമുടി, വേമ്പനാട് കായലുകളിലെയും മത്സ്യകൃഷിയെ സംരക്ഷിക്കാനും കുട്ടനാട് പാടശേഖരങ്ങൾ, തണ്ണീർമുക്കം ബണ്ട് തുറക്കേണ്ടതുണ്ട്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പറഞ്ഞത്, കൃഷിയെ സംരക്ഷിക്കുകയും അതോടൊപ്പം മത്സ്യസമ്പത്ത് വർദ്ധിപ്പിക്കണമെന്നുമാണ്. അതിന് കഴിയുന്ന തരത്തിൽ മൂന്ന് വർഷത്തിലൊരിക്കൽ തണ്ണീർമുക്കം ബണ്ട് തുറക്കണമെന്നാണ് ശിപാർശ. നമ്മൾ ഇതുവരെ അത് നടപ്പിലാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ സെഷനിൽതന്നെ ഒരു യോഗം വിളിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് മന്ത്രിയും ഞങ്ങളെല്ലാം കൂടി ചേർന്ന് തീരുമാനമെടുക്കുന്നതാണ്. മത്സ്യകൃഷിയും കായലിന്റെ പാരിസ്ഥിതിക അവസ്ഥയും സംരക്ഷിക്കാനായി കൃഷിയിൽത്തന്നെ മാലിന്യമൊഴുക്കിക്കളയാൻ തണ്ണീർമുക്കം ബണ്ട് ഒരു വർഷം തുറന്നിടേണ്ടത് ആവശ്യമാണ്. കുട്ടനാടൻ പാടശേഖരങ്ങളിൽനിന്ന് ബണ്ട് തുറന്നുവിട്ടാൽ ഒഴുക്കിൽപ്പെട്ടുവരുന്ന ജൈവമാലിന്യങ്ങളെല്ലാം കക്കയെ മൊത്തത്തിൽ നശിപ്പിക്കുകയാണ്. കക്കയുടെ ഏറ്റവും വലിയ പ്രത്യേകത, കക്ക സ്വാഭാവികമായി പരിസ്ഥിതിയെ സംരക്ഷിക്കുന്ന ജീവിയാണ്. ഒരു കക്ക ഒരു മണിക്കൂറിൽ 5 മില്ലീമീറ്റർ ജലമാണ് ശുദ്ധീകരിക്കുന്നത്. ലക്ഷക്കണക്കിന് കക്കകളുണ്ട്. കക്കകൾ വേമ്പനാട് കായലിന്റെ പാരിസ്ഥിതികമായ ശുദ്ധീകരണത്തിന് പ്രകൃത്യാ തന്നെയുള്ള, പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഒരു വിഭവമാണ്. നമ്മൾ അതിനെയാണ് കുട്ടനാടൻ പാടശേഖരങ്ങളിലെ മലിനജലം ഒഴുക്കി അതിലൂടെ അവയെ നശിപ്പിക്കുന്നത്. ഇപ്പോൾ തണ്ണീർമുക്കം ബണ്ടിന്റെ വടക്കുഭാഗത്ത് മാത്രമേ കക്കയുള്ളൂ. അവിടെനിന്ന് ആ കക്കയെടുത്ത് തെക്കുഭാഗത്ത് ഇടാൻ നമ്മൾ ഉദ്ദേശിക്കുന്നുണ്ട്. കക്ക സംരക്ഷണം, കരിമീൻ സംരക്ഷണം ഇത് രണ്ടും ശാസ്ത്രീയമായി നടത്തിക്കൊണ്ട് തൊഴിലാളികളുടെകൂടി സഹകരണം ഉറപ്പാക്കുന്ന മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുകയും അതിനായി ഒരു നിയമം തന്നെ കൊണ്ടുവരാനും പോകുകയാണ്. ഇപ്പോൾ ബില്ല് സഭയുടെ പ്രോപ്പർട്ടിയാണ്. ആ ബില്ലടക്കം പാസ്സാക്കിക്കൊണ്ട് ഉൾനാടൻ മത്സ്യസമ്പത്തിന്റെയും ഉൾനാടൻ മത്സ്യകൃഷിയുടെയും ആസൂത്രിതമായ വർദ്ധനവിലേയ്ക്ക് കാര്യങ്ങൾ പോകേണ്ടതുണ്ട്. ഇത് നമുക്ക് വളരെ വലിയ സ്കോപ്പുള്ളതാണ്. കേരളത്തിന്റെ പുരോഗതിക്ക് മത്സ്യമേഖലയ്ക്ക് വലിയ സംഭാവന നൽകാൻ കഴിയും. നിർഭാഗ്യവശാൽ നമ്മൾ അതിനെ അവഗണിക്കുന്നുവെന്നതാണ് വളരെ പ്രധാനപ്പെട്ട കുറവ്. അവിടെ വേണ്ട ഇടപെടൽ നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സഹായത്തോട് കൂടിത്തന്നെയാണ് അത് ചെയ്യാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹാർബറിനെ സംബന്ധിച്ചാണ് എനിക്ക് അടുത്തതായി പറയാനുള്ളത്. കേരളത്തിൽ 24 ഹാർബറുകളാണുള്ളത്. 14 ഹാർബറുകളാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും വലിയ പ്രശ്നം. തോട്ടപ്പള്ളി, അർത്തുങ്കൽ, ചെത്തി എന്നീ മൂന്ന് ഹാർബറുകളാണുള്ളത്, മൂന്നും ഇതുവരെയായിട്ടും പ്രവർത്തനം പൂർത്തീകരിക്കാനായിട്ടില്ല. തോട്ടപ്പള്ളി എപ്പോഴും പ്രശ്നമാണ്. ഇപ്പോൾ ഞങ്ങൾ പതിമൂന്നര കോടി രൂപ ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിൽ വച്ച് വർക്ക് ടെണ്ടർ ചെയ്തിരിക്കുകയാണ്. തോട്ടപ്പള്ളിയിൽ ഇനി 28 കോടി രൂപ കൂടി വേണം. ഈ വർഷത്തെ ബഡ്ജറ്റിൽ പണം ഉൾപ്പെടുത്തി പ്രവർത്തനം പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അർത്തുങ്കൽ ഹാർബറിന് 70 കോടിയോളം രൂപ വേണം. അവിടെ ഐ.ഐ.റ്റി.-യുടെ പഠനമൊക്കെ കഴിഞ്ഞിട്ടാണ് കല്ലിട്ടത്, ആ കല്ലെല്ലാം മുങ്ങിപ്പോയി. ഇനി അർത്തുങ്കൽ ഹാർബറിലേയ്ക്ക് പുതുതായിട്ടാണ് പോകേണ്ടത്. അതിന് ഞങ്ങൾ സ്പെഷ്യൽ പാക്കേജായ 70 കോടി രൂപയിൽ ഈ വർഷം 35 കോടി രൂപ കൊടുക്കും. അർത്തുങ്കൽ ഹാർബർ നിർമ്മാണം ഈ വർഷം തന്നെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. താനൂരും വെള്ളയിലുമാണ് മറ്റൊരു പ്രധാന പ്രശ്നം. താനൂരും വെള്ളയിലും നിർമ്മാണം എവിടെയും എത്താതെ കിടക്കുകയാണ്. ആ രണ്ടിടത്തെയും പൊന്നാനിയിലെ ഷോർ പ്രൊട്ടക്ഷനുമുൾപ്പെടെ മൂന്നും ഈ വർഷം നബാർഡിന്റെ സ്കീമിൽപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷംതന്നെ തലായിയും ചേറ്റുവയും ഉദ്ഘാടനം ചെയ്തു. മഞ്ചേശ്വരവും കൊയിലാണ്ടിയും എത്രയുംപെട്ടെന്ന് ഉദ്ഘാടനം ചെയ്യുന്ന തരത്തിൽ നിർമ്മാണം അതിവേഗം നടക്കുകയാണ്. ഹാർബർ രംഗത്തും പശ്ചാത്തല സൗകര്യം ഉറപ്പാക്കുന്നതിൽ വളരെ വലിയ നീക്കത്തിലേയ്ക്കാണ് ഗവൺമെന്റ് പോകുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞം ഹാർബർ ഇന്നലെ കടൽ ക്ഷോഭത്തിൽ ഒരു ഭാഗത്ത് ഭിത്തി തകരാറായിരിക്കുകയാണ്. എഞ്ചിനീയർമാരെ അവിടെ അയച്ച് പരിശോധിക്കണം. ആ ഹാർബർ പൂർത്തീകരിക്കാൻ മന്ത്രി ഒരു യോഗം വിളിച്ചിരുന്നു. അതിന്റെ തുടർനടപടികളുമായി മുന്നോട്ടുപോയില്ല. ഹാർബർ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, അങ്ങ് പറഞ്ഞത് വിഴിഞ്ഞത്തിന്റെ കാര്യമാണ്. ആ പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ചുറ്റുമതിൽ പൂർത്തീകരണം 1962-ൽ തുടങ്ങിയതാണ്. ഇപ്പോൾ എന്തായാലും അത് പൂർത്തീകരിക്കും. അതിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങുകയാണ്. കൊയിലാണ്ടിയും കാസർഗോഡും പൂർത്തീകരണത്തിലേയ്ക്ക് അടുക്കുകയാണ്. മഞ്ചേശ്വരമാണ് ഇനി നമ്മൾ എടുക്കുന്നത്. ഹാർബറുകളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്ന നടപടികളിലേയ്ക്കാണ് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്.

മറ്റൊരു കാര്യം വിപണനത്തെക്കുറിച്ചാണ്. ക്വാളിറ്റി ഉറപ്പാക്കുന്നതിനെക്കുറിച്ച് ചില അംഗങ്ങൾ ഇവിടെ പറഞ്ഞു. തീർച്ചയായിട്ടും നമ്മുടെ ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ വളരെ വലിയ ഇടപെടലാണ് വേണ്ടത്. ആ ബില്ലും സഭയുടെ പ്രോപ്പർട്ടിയാണ്, ഈ സെഷനിൽ കൊണ്ടുവരാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്തായാലും അതിവേഗം നിയമ നിർമ്മാണത്തിലേയ്ക്ക് പോകണം. Quality control auctioning and marketing wing - അങ്ങനെയൊരു നിയമനിർമ്മാണം വഴിയേ ഗുണനിലവാരമുള്ള മത്സ്യം ഹാർബറിൽ നിന്നും മാർക്കറ്റിലേയ്ക്ക് എത്തിക്കാനാകൂ. അത് ഫിഷറീസ് ഡിപ്പാർട്ട്മെന്റും മത്സ്യഫെഡും തദ്ദേശസ്വയംഭരണ വകുപ്പും ബന്ധപ്പെട്ടുള്ളതാണ്. മാർക്കറ്റുകൾ അവരുടെ കീഴിലാണ്. ബിൽ കൊണ്ടുവരുന്നതിനുമുൻപ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് കൂടിയാലോചിച്ചുകൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മൂന്ന് വകുപ്പുകൾ ചേർന്നുകൊണ്ടുമാത്രമാണ് ബിൽ നടപ്പാക്കാൻ സാധിക്കുക. അങ്ങനെയൊരു നിയമനിർമ്മാണം വരുന്നതുവഴി മാത്രമേ ഗുണനിലവാരമുള്ള മത്സ്യം നമ്മുടെ മാർക്കറ്റുകളിൽ ലഭ്യമാകൂ. ഇന്നത്തെ മാർക്കറ്റിന്റെ സ്ഥിതി മൂക്കുപൊത്താതെ അതുവഴി പോകാൻ സാധിക്കില്ല എന്നതാണ്. നിലവാരമുള്ള ഒരു മാർക്കറ്റ് ഉണ്ടാക്കുക എന്നതാണ് ഡിപ്പാർട്ട്മെന്റ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കിഫ്ബിയിൽ 149 കോടി രൂപയുടെ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. അത് പൂർണ്ണമായി അപ്‌ലോഡ് ചെയ്തിട്ടില്ല; ആ തരത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഗുണനിലവാരമുള്ള മത്സ്യമാർക്കറ്റാണ് ഉറപ്പാക്കേണ്ടത്. ഗുണനിലവാരത്തോടുകൂടിയും ശുചിത്വത്തോടുകൂടിയും മത്സ്യം എല്ലാവർക്കും ലഭ്യമാക്കേണ്ടതുണ്ട്. മത്സ്യം എല്ലാവർക്കും ഇഷ്ടമാണ്. പക്ഷേ ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന മത്സ്യം ഗുണനിലവാരമുള്ളതല്ല. അതുകൊണ്ട് ക്വാളിറ്റി ഉറപ്പാക്കുന്ന തരത്തിൽ ഹാർബറുകളിൽതന്നെ മത്സ്യം സൂക്ഷിക്കാനും കോൾഡ് ചെയിൻ ഉറപ്പാക്കാനുമുള്ള പദ്ധതി കൊണ്ടുവരുന്നുണ്ട്. അതുകൂടി വന്നുകഴിഞ്ഞാൽ ഹാർബറിൽനിന്നും മത്സ്യഫെഡ് വഴി മത്സ്യം ലേലം ചെയ്യുക; മത്സ്യത്തൊഴിലാളികൾക്കുതന്നെ ന്യായമായ

LIBRARY ARCHIVES Kerala Legislative Assembly

വില ഉറപ്പാക്കുക; നേരിട്ട് മാർക്കറ്റിലെത്തിക്കുക; അവിടെ ഗുണനിലവാരം ഉറപ്പാക്കി ജനങ്ങൾക്ക് വാങ്ങാൻ കഴിയുക; ഇങ്ങനെ ചെയിനായി മത്സ്യമാർക്കറ്റ് കൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് ഒട്ടേറെ കാര്യങ്ങളിൽ മുന്നോട്ടുപോകാൻ ഗവൺമെന്റിന് സാധിച്ചു. സമയബന്ധിതമായി ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിന് എല്ലാവരുടെയും പിന്തുണയും സഹകരണവുമാണ് അഭ്യർത്ഥിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

## IX പ്രത്യേക പരാമർശം

### ജി.പി.എസ്. ഘടിപ്പിക്കുന്നതിന് സാവകാശം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ജി.പി.എസ്. ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സാവകാശം നൽകണമെന്നൊരു നിർദ്ദേശം ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ദാസനും പ്രതിപക്ഷനേതാവും മുന്നോട്ടു വയ്ക്കുകയുണ്ടായി. ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചു. സാവകാശം നൽകാൻ നിർദ്ദേശം നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സമര പ്രഖ്യാപനം നടത്തുന്നവരോട് സമരം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. കൂടാതെ ജി.പി.എസ്. ഘടിപ്പിക്കുന്ന സാമ്പത്തികഭാരം ഒരു പ്രശ്നമായി അവരിൽ ചിലർ ഉന്നയിച്ചിരുന്നു. കൊല്ലത്തുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽ എന്ന കമ്പനി ജി.പി.എസ്. ഉണ്ടാക്കുന്നുണ്ട്. ഗഡുക്കളായി അവ നൽകാനുള്ള തീരുമാനവും വ്യവസായ വകുപ്പ് എടുത്തിട്ടുണ്ട്. ആ തീരുമാനവും സഭയെ അറിയിക്കുകയാണ്.

## ധനകാര്യം - (തുടർച്ച)

### ധനാഭ്യർത്ഥന നമ്പർ IX- വാഹന നികുതികൾ

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, പി. കെ. അബ്ദു റബ്ബ്, മഞ്ഞളാംകുഴി അലി, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ്, റോജി എം. ജോൺ, പി. ടി. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. പി. സജീന്ദ്രൻ, അൻവർ സാദത്ത്,

LIBRARY ARCHIVES Kerala Legislative Assembly

കെ. സി. ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ, വി. ടി. ബൽറാം എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ..................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്

LIBRARY ARCHIVES Kerala Legislative Assembly

35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. വി. ശശി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
62. ശ്രീ. ജി. സുധാകരൻ
63. ശ്രീ. വി. ആർ. സുനിൽ കുമാർ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. പി. തിലോത്തമൻ
70. ശ്രീ. തോമസ് ചാണ്ടി
71. ഡോ. ടി. എം. തോമസ് ഐസക്
72. ശ്രീ. പി. ഉണ്ണി
73. ശ്രീമതി വീണാ ജോർജ്ജ്
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി

5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. പി. ജെ. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. വി. എസ്. ശിവകുമാർ

LIBRARY ARCHIVES Kerala Legislative Assembly

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. സി. എഫ്. തോമസ്

31. ശ്രീ. പി. ടി. തോമസ്

32. ശ്രീ. പി. ഉബൈദുള്ള

33. ശ്രീ. എം. ഉമ്മർ

34. ശ്രീ. എം. വിൻസെന്റ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIII- മത്സ്യബന്ധനം

<u>മി. സ്പീക്കർ</u>: ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, പി. കെ. അബ്ദു റബ്ബ്, മഞ്ഞളാംകുഴി അലി, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ്, റോജി എം. ജോൺ, പി. ടി. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. പി. സജീന്ദ്രൻ, അൻവർ സാദത്ത്, കെ. സി. ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ, വി. ടി. ബൽറാം, മോൻസ് ജോസഫ്, പാറക്കൽ അബ്ദുല്ല, അബ്ദുൽ ഹമീദ്. പി. എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

LIBRARY ARCHIVES Kerala Legislative Assembly

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്

LIBRARY ARCHIVES Kerala Legislative Assembly

40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ

LIBRARY ARCHIVES Kerala Legislative Assembly

64. ശ്രീ. വി. ആർ. സുനിൽ കുമാർ

65. ശ്രീ. വി. എസ്. സുനിൽ കുമാർ

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീമതി വീണാ ജോർജ്ജ്

75. ശ്രീ. കെ. വി. വിജയദാസ്

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ

78. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. മഞ്ഞളാംകുഴി അലി

5. ശ്രീ. അനിൽ അക്കര

6. ശ്രീ. എ. പി. അനിൽ കുമാർ

7. ശ്രീ. അനൂപ് ജേക്കബ്

8. ശ്രീ. അൻവർ സാദത്ത്

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. പി. ജെ. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. സി. എഫ്. തോമസ്
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. പി. ഉബൈദുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

33. ശ്രീ. എം. ഉമ്മർ

34. ശ്രീ. എം. വിൻസെന്റ്

അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XLI-ഗതാഗതം**

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, പി. കെ. അബ്ദു റബ്ബ്, സി. മമ്മൂട്ടി, മഞ്ഞളാംകുഴി അലി, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, അബ്ദുൽ ഹമീദ് പി., എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, കെ. സി. ജോസഫ്, വി. ടി. ബൽറാം, വി. പി. സജീന്ദ്രൻ, റോജി എം. ജോൺ, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, പി. ടി. തോമസ്, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ, മോൻസ് ജോസഫ്, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ..................

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. കെ. ഡി. പ്രസേനൻ

LIBRARY ARCHIVES Kerala Legislative Assembly

42. ശ്രീമതി യു. പ്രതിഭ
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കുമാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ

LIBRARY ARCHIVES Kerala Legislative Assembly

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. പി. ജെ. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. സി. എഫ്. തോമസ്
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. പി. ഉബൈദുള്ള
33. ശ്രീ. എം. ഉമ്മർ
34. ശ്രീ. എം. വിൻസെന്റ്

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 78 |
| പ്രതികൂലിക്കുന്നവർ | - | 34 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## X നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിനെ സംബന്ധിച്ച എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

മെഡിക്കൽ അഡ്മിഷന്റെ കാര്യത്തിൽ ഈ സർക്കാരിന്റെ കാര്യക്ഷമതക്കുറവ് പലതവണ തെളിഞ്ഞിട്ടുള്ളതാണ്. ഈ ബില്ലിന്റെ ഉദ്ദേശ്യം എന്താണ്, നിയമങ്ങൾ ഉണ്ടാക്കുന്നതിൽ ഈ ഗവൺമെന്റിന്റെ നിലപാടെന്താണ്? ഈ ബിൽ കൊണ്ടുവന്നപ്പോൾ തന്നെ സർക്കാരിന്റെ കാര്യക്ഷമതക്കുറവിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയിൽ ഒരു റൂളിംഗ് നൽകുകയുണ്ടായി. ധനകാര്യമെമ്മോറാണ്ടം സംബന്ധിച്ച ഈ ബില്ലിലെ തെറ്റുതിരുത്തണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്കുതന്നെ പറയേണ്ടിവന്നു. നിയമ വകുപ്പ് അറിഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് കൊടുത്ത ഒരു

LIBRARY ARCHIVES Kerala Legislative Assembly